نحمده ونصلي على رسوله الكريم وعلى عبده المسيح الموعود


പുസ്തകം 70

ലക്കം 9

■

സെപ്റ്റംബർ 2002

തബൂക്ക് 1381

ജ. ആഖിർ-റജബ് 1423

■



ചീഫ് എഡിറ്റർ

മുഹമ്മദ് ഉമർ എച്ച്. ഏ.

■

എഡിറ്റർ

ഏ. എം. മുഹമ്മദ് സലിം

■

എഡിറ്റോറിയൽ ബോർഡ്

പ്രൊഫ. മഹ്മൂദ് അഹ്മദ്

(ചെയർമാൻ)

കെ. വി. ഈസക്കോയ

കെ. വി. ഹസ്സൻ കോയ

പി. എം. സലിം

പി. എം. ബഷീർ അഹ്മദ്

■

സെക്രട്ടറി പീരിയോഡിക്കൽസ്

പി. എം. അഹ്മദ് ഹസ്സൻ

■

മാനേജർ

എം. കെ. ഇമ്പിച്ചിക്കോയട്ടി

■

സർക്കുലേഷൻ മാനേജർ

എസ്. മുഹമ്മദ് സലിം

■



വരിസംഖ്യ - 100 ക.

ഒറ്റപ്രതി - 10 ക.

■

വിലാസം

**സത്യദൂതൻ**

**ജി. എച്ച്. റോഡ്**

**കോഴിക്കോട്.**


لا اله الا الله محمد رسول الله

# സത്യദൂതൻ

**വജ്ര ജൂബിലി പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം


**4** *യുഗശബ്ദം*

**6** *സമാനശബ്ദരൂപങ്ങളും അറബിയേതരഭാഷകളും*
**എം. ആലിക്കോയ**

**9** *ശിഥിലമാകുന്ന സമുദായം*
**മുഹമ്മദ് ഉമർ എച്ച്. ഏ.**

**12** *ബാബേൽ ഗോപുരവും പൊതുഭാഷയും*
**ഏ. എം. മുഹമ്മദ് സലിം**

**16** *ശാസ്ത്രം തൗഹീദിലേക്ക്*
**ഡോ. ഇ. താഹിർ**

**19** *ഈസാനബി(അ)യുടെ അത്ഭുതദൃഷ്ടാന്തങ്ങൾ*
**ഏ. പി. കുഞ്ഞാമു**

**22** *കാലം മായ്ക്കാത്ത ചിത്രം*
**കെ. പി. അഹ്മദ്**

**24** *യേശുവിന്റെ ഖബറും ക്രിസ്ത്യാനികളുടെ പ്രതികരണങ്ങളും*
**മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ്**

**26** *ഉമ്മുൽ കിത്താബ് (കവിത)*
**ഇബ്നുമൊഹിയുദ്ദീൻ കോഴിക്കോട്**

**27** *ബുദ്ധിശൂന്യനായ ഇശാഅത്ത്കാരനും ഈസാനബിയുടെ ശൂന്യാകാശവാസവും*
**മുഹമ്മദ് ഉമർ എച്ച്. ഏ.**

**31** *വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങൾ*
**മുഹമ്മദ് ഉമർ എച്ച്. ഏ.**

**36** *ഖുദ്ദാം അത്ഫാൽ സംസ്ഥാന ഇജ്തിമാഅ് സമാപിച്ചു*
**മഹ്മൂദ് കൽക്കുളം**

**37** *കുറിപ്പുകൾ*

**41** *അനുസ്മരണം*


*മുഖചിത്രം : ബാബേൽ ഗോപുരം ചിത്രകാരന്റെ ഭാവനയിൽ*


Printed & Published by Dr. B. Mansoor Ahmad for The Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Saleem. Typeset, Layout & Cover Design : Carrot, Calicut

## ഖുർആനിൽ നിന്ന്

തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും വിവിധ കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്കു യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കൽ തന്നെയാണിരിക്കുന്നത്. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് പിന്നീട് അല്ലാഹു അവർക്ക് വിവരം നൽകുന്നതാണ് (6:160)


## നബിവചനം

അവരുടെ ആലിംകൾ ആകാശത്തിനു കീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. ഫിത്ന അവരിൽനിന്ന് പുറപ്പെടുകയും അവരിലേക്ക് മടങ്ങിയെത്തുകയും ചെയ്യും.

(ബുഖാരി)

## യുഗശബ്ദം

സംഘടനകൾ സ്ഥാപിക്കുകയും മദ്രസ്സകളും വിദ്യാഭ്യാസസ്ഥാപനങ്ങളും തുറക്കുകയും ചെയ്താൽ ഇസ്‌ലാമിന്റെ സഹായമായിത്തീരുമെന്ന് ചിലർ പറയുന്നു. എന്നാൽ, ദീൻ എന്താണെന്ന് അവർക്കറിയില്ല. നമ്മുടെ ജീവിതത്തിന്റെ അന്തിമലക്ഷ്യമെന്താണെന്നും ഏതെല്ലാം വഴികളിലൂടെ ആ ലക്ഷ്യം കൈവരിക്കാമെന്നും അവർക്കറിയില്ല. ഈ ലോകജീവിതത്തിന്റെ അന്തിമലക്ഷ്യം ദൈവവുമായി ആത്മാർത്ഥവും സുദൃഢവുമായ ബന്ധം പ്രാപിക്കുക എന്നതാണെന്ന് അവർ മനസ്സിലാക്കേണ്ടതാണ്. ആ ബന്ധമാകട്ടെ, ശാരീരികമായ ബന്ധങ്ങളിൽ നിന്നു മുക്തി നേടിക്കൊണ്ട് രക്ഷയുടെ പ്രഭവസ്ഥാനത്തേക്ക് എത്തിക്കുന്നതാവണം. ഈ ദൃഢവിശ്വാസത്തിന്റെ വഴികൾ മനുഷ്യനിർമ്മിതമായ കപടതന്ത്രങ്ങളും സൂത്രങ്ങളുംകൊണ്ട് തുറന്നുകിട്ടുകയില്ല. മനുഷ്യനിർമ്മിതമായ തത്ത്വശാസ്ത്രങ്ങൾ ഇവിടെ ഒരു പ്രയോജനവും ചെയ്യില്ല. മറിച്ച്, ഈ വെളിച്ചം എക്കാലത്തും ദൈവം അവന്റെ വിശിഷ്ട ദാസർ മുഖേന അധർമ്മകാലങ്ങളിൽ സ്വർഗ്ഗത്തുനിന്ന് ഇറക്കുന്നതാണ്. സ്വർഗ്ഗത്തുനിന്ന് ഇറങ്ങിവന്ന ആളാണ് സ്വർഗ്ഗത്തേക്ക് കൊണ്ടുപോവുക....



നിങ്ങളിൽ വ്യാപിച്ചിരിക്കുന്ന ലജ്ജാവഹങ്ങളായ ആ എല്ലാ കുറ്റങ്ങളോടുമൊപ്പം ദിവ്യമായ പ്രകാശവും സ്വർഗ്ഗീയമായ സംവിധാനവും ആവശ്യമില്ലെന്നും നിങ്ങൾ പറയുന്നു. നിങ്ങൾ അതിന്റെ നേരെ കടുത്ത ശത്രുത പുലർത്തുന്നു. അല്ലാഹുവിന്റെ ദിവ്യപ്രസ്ഥാനത്തെ വളരെ ദുർബ്ബലമെന്ന് നിങ്ങൾ കരുതിയിരിക്കുകയാണ്. അതിനെപ്പറ്റി സംസാരിക്കുമ്പോൾ നിങ്ങളുടെ നാവുകളെ നിന്ദാവഹമായ വാക്കുകളിൽ അഹങ്കാരത്തോടും അവജ്ഞയോടുംകൂടി ചലിപ്പിക്കുകയും അതിനെ അപഹസിക്കുകയും ചെയ്യാൻ നിങ്ങൾ ദൃഷ്ടരാകുന്നു. ഈ പ്രസ്ഥാനം അല്ലാഹുവിൽ നിന്നുള്ളതാണെന്ന് എന്തിനു കരുതണമെന്നു ഞാൻ ആവർത്തിച്ചാവർത്തിച്ചു ചോദിക്കുന്നു. ഞാൻ അതിനുള്ള മറുപടി നൽകിക്കഴിഞ്ഞു. ഈ വൃക്ഷത്തെ ഇതിന്റെ ഫലങ്ങൾ നോക്കിയും തിരിച്ചറിഞ്ഞുകൊള്ളണമെന്നാണ് എനിക്കു പറയാനുള്ള മറുപടി. ഞാൻ ഒരിക്കൽ ഈ സന്ദേശം നിങ്ങൾക്ക് എത്തിച്ചുകഴിഞ്ഞു. ഇനി അതിനെ തള്ളുകയോ കൊള്ളുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം! എന്റെ വാക്കുകൾ നിങ്ങൾ ഓർമ്മ വെച്ചുകൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങൾ സ്മൃതിതലത്തിൽ നിന്നു മായ്ച്ചുകളയുവിൻ! നിങ്ങൾക്കിഷ്ടമുള്ളതു ചെയ്യാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്!

**മുഖക്കുറിപ്പ്**

# ഭിന്നിപ്പിന്റെ കാരണം

ഇസ്‌ലാമിക സമൂഹത്തിന്റെ ഐക്യം ചരിത്രത്തിലെ ഒരു വിസ്മയമായിരുന്നു. അറബികൾ, പേർഷ്യക്കാർ, മംഗോളികൾ, നീഗ്രോകൾ, തുർക്കികൾ മുതലായ അനന്ത വൈചിത്ര്യങ്ങളും വൈവിധ്യങ്ങളും ഉൾക്കൊണ്ട മനുഷ്യസമൂഹങ്ങളെ ഒരേചരടിൽ കോർത്തിണക്കാൻ കഴിഞ്ഞ ഒരു മഹാത്ഭുതമായിരുന്നു ഇസ്‌ലാം. ഇതത്രയും സാധിച്ചത് റസൂൽ തിരുമേനിയുടെ ആത്മീയ പ്രാതിനിധ്യം തുടർന്നുവന്ന 'ഖിലാഫത്ത്' എന്ന സാമൂഹിക സ്ഥാപനത്തിന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രമായിരുന്നു. ആത്മീയവും സാമൂഹികവുമായ നേതൃത്വമുള്ള ഒരു 'ഖലീഫയേയും' ഖലീഫയുടെ അനുജ്ഞകൾ പ്രാവർത്തികമാക്കുന്ന 'ഖിലാഫത്ത്' വ്യവസ്ഥിതിയും മുസ്‌ലിംകൾക്കായി അല്ലാഹു ഖുർആനിൽ വാഗ്ദാനം ചെയ്യുന്നു.

"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരെ അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ നിശ്ചയമായും ഭൂമിയിൽ ഖലീഫമാരാക്കുന്നതും അവർക്ക് വേണ്ടി അവർക്കായി അല്ലാഹു തൃപ്തിപ്പെട്ട മതത്തെ പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിന് ശേഷം അവർക്ക് ശാന്തി പകരം നൽകുകയും ചെയ്യുന്നതാണ് എന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു." (ഖുർആൻ 24:50) ഖലീഫമാരെ അനുസരിക്കൽ ഒരു വിശ്വാസിക്ക് നിർബന്ധമാണെന്നും ഖുർആൻ പറയുന്നു. "അല്ലയോ വിശ്വാസികളേ അല്ലാഹുവിനെ അനുസരിപ്പിൻ; റസൂലിനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും" (4:59)

ഖിലാഫത്ത് വ്യവസ്ഥക്ക് പല നിറഭേദങ്ങളും ഗതിവ്യതിയാനങ്ങളുമുണ്ടാവുമെന്ന് തിരുനബി (സ) പ്രവചിച്ചിട്ടുണ്ട്. "അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം അവശേഷിക്കും പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ പ്രവാചകത്വ മാതൃകയിൽ ഖിലാഫത്ത് നിലവിൽവരും. അല്ലാഹു ഉദ്ദേശിക്കുന്ന കാലംവരെ അതു നിങ്ങൾക്കിടയിൽ അവശേഷിക്കുകയും പിന്നീടവൻ ഉദ്ദേശിക്കുമ്പോൾ നിങ്ങളിൽ നിന്നത് ഉയർത്തിക്കളയുകയും ചെയ്യും. തുടർന്ന് പരുക്കൻ രാജാധിപത്യം നിലവിൽവരും. അല്ലാഹു ഉദ്ദേശിക്കുന്ന കാലംവരെ അത് അവശേഷിക്കും പിന്നീടവൻ ഉദ്ദേശിക്കുമ്പോൾ അതും നീക്കും. തുടർന്ന് തൽസ്ഥാനത്ത് സ്വേഛാധിപത്യമർദ്ദക ഭരണകൂടം നിലവിൽ വരും. അല്ലാഹു നിങ്ങളിൽ നിന്ന് നീക്കിക്കളയാൻ ഉദ്ദേശിക്കുന്നതുവരെ അത് നിലനിൽക്കും. പിന്നീട് വീണ്ടും പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് വരും. ഇത് പറഞ്ഞശേഷം തിരുമേനി മൗനം ദീക്ഷിച്ചു. (മിശ്കാത്ത്)

അല്ലാഹുവിൽനിന്നുള്ള മാർഗ്ഗദർശനമനുസരിച്ച് മാത്രം സംസാരിച്ച തിരുനബി (സ)യുടെ വചനങ്ങൾ എത്ര സത്യസന്ധമായിട്ടാണ് പുലർന്നത്. തിരുമേനി ഹദീസിൽ പ്രവചിച്ച ഖിലാഫത്തുർ റാശിദയും, പരുക്കൻ രാജഭരണവും സ്വേഛാധിപത്യവും അതിനുശേഷം വരുന്ന പ്രവാചകത്വ മാർഗ്ഗത്തിലുള്ള ഖിലാഫത്തും അത്ഭുതകരമായ കണിശതയോടെ പുലരുകയുണ്ടായി. പക്ഷേ, ബഹുഭൂരിപക്ഷ മുസ്‌ലിംകളും റസൂൽതിരുമേനി അവസാനം പറഞ്ഞ പ്രവാചകത്വ മാർഗ്ഗത്തിലുള്ള ഖിലാഫത്തിൽ നിന്ന് ഒഴിഞ്ഞുമാറി നിൽക്കുകയാണുണ്ടായത്. അതങ്ങിനെയാണ്. നുബുവ്വത്ത് അഥവാ പ്രവാചകത്വം ജനങ്ങൾ എളുപ്പത്തിൽ സ്വീകരിക്കുകയില്ല. അവർക്കതൊരു പരീക്ഷണമാണ്. നിരവധി സന്ദർഭങ്ങളിൽ ഈ ചരിത്ര പാഠം ഖുർആൻ ആവർത്തിച്ചുപറയുന്നു. "മനുഷ്യരുടെ സ്ഥിതി അഹോപരിതാപകരം! അവർ പരിഹസിക്കുന്നതായിട്ടല്ലാതെ അവരുടെയടുക്കൽ ഒരു പ്രവാചകനും വരുന്നില്ല" (36:31). "അവരുടെ അടുക്കൽ അവർ ആഗ്രഹിച്ചിട്ടില്ലാത്തതും കൊണ്ട് പ്രവാചകൻമാർ വന്നപ്പോഴെല്ലാം ചിലരെ അവർ കപടവാദികളെന്നു വെച്ചു നിരസിച്ചു. ചിലരെ അവർ കൊല്ലുവാൻ ശ്രമിച്ചുകൊണ്ടിരുന്നു." (5:71) "അവരുടെയടുക്കൽ അവരിൽ നിന്നുതന്നെ ഒരു പ്രവാചകൻ വന്നതിനെക്കുറിച്ച് അവർ ആശ്ചര്യപ്പെട്ടു. അവിശ്വാസികൾ പറഞ്ഞു: 'ഇയാൾ ഒരു ക്ഷുദ്രക്കാരനും കപടവാദിയുമത്രെ ..... ഇതാകട്ടെ കരുതിക്കൂട്ടിയുള്ള പ്രവൃത്തിയാകുന്നു. പൂർവ്വമതത്തിൽ നാം ഇപ്രകാരം കേൾക്കയുണ്ടായിട്ടില്ല. ഇതൊരു കൃതിപ്പുമാത്രമാണ്. എന്ത്? നമ്മുടെ ഇടയിൽ നിന്ന് ഇയാൾക്കാണോ ഉദ്ബോധനം ഇറക്കപ്പെട്ടത്?' എന്നാൽ അവരെന്റെ ഉദ്ബോധനത്തെപ്പറ്റി സംശയത്തിലാണ്. അത്രയുമല്ല, കാര്യം ഇതാണ്, എന്റെ ശിക്ഷയെ അവർ ഇതുവരെ രുചിച്ചുനോക്കിയിട്ടില്ല" (38:59)

ഖിലാഫത്ത് വ്യവസ്ഥക്ക് ഗതിവ്യതിയാനം വരുമെന്നല്ലാതെ ഒരു നിമിഷം പോലും അത് അന്യം നിന്നുപോ

*(ശേഷം പേജ് 35)*

# സമാനശബ്ദരൂപങ്ങളും അറബിയേതര ഭാഷകളും

എം. ആലിക്കോയ

## ഭിന്നാർത്ഥപദങ്ങൾക്ക് ഭിന്നസ്വനിമങ്ങൾ (Phonemes) ഉൾക്കൊള്ളുന്ന വ്യക്തമായ ഭാഷയാണ് അറബി. മറ്റു ഭാഷകൾക്കുള്ളതുപോലെ ഭിന്നാർത്ഥങ്ങളുള്ള തുല്യോച്ചാരണ തൽസമപദങ്ങൾ (Homonyms) അറബിഭാഷയിലില്ല

ശബ്ദവും ഉച്ചാരണവും ഒരേവിധവും, അർത്ഥവും ഉത്പത്തിയും വിഭിന്നവുമായ വാക്കിന്നാണ് സമാനശബ്ദരൂപങ്ങൾ (Homonyms) എന്നു പറയുന്നത്. പദനിഷ്പത്തി ശാസ്ത്രജ്ഞന്മാർക്ക് തലവേദനയുണ്ടാക്കുന്ന പദമാണിത്. പ്രകടമായി ദൃഷ്ടിഗോചരമാകുന്ന മുന്നൂറ് പദങ്ങൾ ആംഗലഭാഷയിലുണ്ട്. ഉദാ. GRAVE മൂലപദങ്ങൾ വിഭിന്നമാണെങ്കിലും ഇവ കാലക്രമത്തിൽ രചനാന്തരണം ചെയ്യപ്പെട്ട് സമാനലിപിവിന്യാസം (SPELLING) സ്വീകരിക്കുകയാണുണ്ടായത്. എല്ലാ അറബിയേതര ഭാഷകളിലും സ്പഷ്ടമായി കാണാവുന്ന ഇത്തരം ഒട്ടേറെ തുല്യോച്ചാരണ ഭിന്നാർത്ഥപദങ്ങളുണ്ട്.

സംസ്കൃതവും സമാനശബ്ദപദങ്ങൾക്കൊണ്ട് നിബിഢമാണ്. വ്യത്യസ്തപദങ്ങൾ അടുക്കുംചിട്ടയുമില്ലാതെ കൂനിക്കൂടിയിരിക്കുന്ന സമാനശബ്ദപദങ്ങളും സംസ്കൃതഭാഷയിലുള്ള 800 സമാനശബ്ദരൂപങ്ങളുടെ വ്യുൽപത്തി അറബിഭാഷയിലെ 1900 പദങ്ങളുടെ സഹായത്തോടെ അറബിമൂലഭാഷാശാസ്ത്രപണ്ഡിതനായ മസ്ഹർ അഹ്മദ് കണ്ടെത്തിയിട്ടുണ്ട്. വിവിധ ഭാഷകളിൽ ഇത്തരം സമാനശബ്ദപദങ്ങൾ രൂപപ്പെട്ടുവന്നതിനു കാരണമായിട്ടുള്ള വസ്തുതകളാണ് താഴെ കുറിക്കുന്നത്.

1. അറബിഭാഷയിൽ മൂലപദങ്ങൾ അതിന്റെ തത്സമത (Identity) പരിരക്ഷിക്കുന്നു. മറ്റൊരു ഭാഷയ്ക്കും ഇല്ലാത്ത ഈ പ്രത്യേകത അറബിഭാഷയ്ക്ക് മാത്രമായിട്ടുള്ള ഗുണവിശേഷമാണ്. അറബിഭാഷയിൽ വ്യാകരണസജ്ജമായ നിയമങ്ങൾക്കനുസൃതമായി ലിപികൾ കൂട്ടിച്ചേർത്തും ഉച്ചാരണവിഭേദന ചിഹ്നങ്ങൾ (ഇഅ്റാഫ്) കുറിച്ചുകൊണ്ടുമാണ് പദരചന ചെയ്യപ്പെടുന്നത്. ഇത്തരം ക്രമീകരണം ശരിയായ അക്ഷരവിന്യാസവും ഉച്ചാരണശുദ്ധിയും ഉറപ്പുവരുത്തുന്നു.

ആര്യഭാഷകളിൽ അക്ഷരങ്ങൾ പൊതുവെ ഒറ്റതിരിച്ച് എഴുതി സ്വരങ്ങൾ പദത്തിന്നുള്ളിലേയ്ക്ക് തിരുകിക്കയറ്റുന്നു. ഇപ്രകാരം എഴുതപ്പെടുന്ന വാക്കുകൾ ഒന്നിലധികം വിധത്തിൽ ഉച്ചരിക്കാവുന്നതാണ്. അവയുടെ ശരിയായ ഉച്ചാരണം ഒരാളുടെ ദൃഷ്ടിയെയല്ല മറിച്ച് ഓർമ്മശക്തിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. നിഘണ്ടുക്കളിൽ കാണപ്പെടുന്നതുപോലുള്ള വ്യത്യസ്തരൂപത്തിലുള്ള ചിഹ്നങ്ങൾ സ്വരങ്ങളുടെ താഴെയും മീതെയും കുറിച്ചുകൊണ്ട് ഈ ന്യൂനത പരിഹരിക്കാൻ ഒരു ശ്രമം നടത്തിയിട്ടുണ്ട്. ഇത് അറബിഭാഷയിലെ സ്വരാക്ഷരവിഭേദനചിഹ്നത്തെ (ഇഅ്റാഫ്) അനുകരിക്കാനുള്ള മറ്റൊരു ശ്രമം കൂടിയാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. അറബിഭാഷയിൽ مخزن (MKZN) എന്ന പദം ഒരൊറ്റ വിധത്തിൽ മാത്രമെ ഉച്ചരിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുതപദം ഇംഗ്ലീഷ് ഭാഷയിൽ MAGAZINE എന്നെഴുതുമ്പോൾ ആറു വ്യത്യസ്തമാതൃകകളിൽ ഉച്ചരിക്കാവുന്നതാണ്. താഴെകൊടുത്തിട്ടുള്ള ഉദ്ധരണി സ്വരാക്ഷരങ്ങൾ പദരചനയിൽ വിഭക്തിപ്രത്യയദൂഷ്യമുള്ളവയാണെന്ന് കാണിക്കുന്നു.

“സ്വരാക്ഷരങ്ങളുടെ സ്വനപ്രതിനിധാനം (Phonetic Representation) ഇക്കാര്യത്തിൽ അവയുടെ എണ്ണം കൊണ്ടും റോമൻ അക്ഷരമാലയുടെ അതിദാരിദ്ര്യംകാരണവും ഇതിലുമെത്രയോ കൂടുതൽ വിഷമമുള്ളതാകുന്നു. ഇവയുടെ ആംഗലേയലംബികാപക്ഷേപം (Orthographical Representation) അഥവാ ലിപിവിന്യാസസംബന്ധിയായ വ്യാകരണം തികച്ചും ക്രമരഹിതവും മൂലറോമൻവ്യവസ്ഥയിൽനിന്നു ബഹുദൂരസ്ഥവുമാണ്. മിക്കവാറും എല്ലാ റോമൻഭാഷകളും അവയ്ക്കടുത്തുതന്നെ ഇന്നു നിലകൊള്ളുകയും ചെയ്യുന്നു.” (Nelson's Encyclopaedia Vol. 9 Page 9)

ഈ പരാമർശം സംസ്കൃതഭാഷയ്ക്കും ബാധകമാണ്. ചില ഉദാഹരണങ്ങൾ:

1. SA-MUD ra - Sealed
   SAM - UD-ra - Sea
2. SA - mana - Equal
   sam - ANA - Breathe
3. DHI - ra : - Thoughtful
   DHIR - A - Lasting

4. AKKAH - Near

AKKHA - Clear, Pure

ചുരുക്കത്തിൽ പദങ്ങൾ കൂടിക്കലർന്ന് അത് മറ്റൊരു പദമാണെന്നുള്ള ചിന്താക്കുഴപ്പത്തിന്നെതിരെ ഒരു രക്ഷാകവചമായി അറബിഭാഷയിലെ ഉച്ചാരണവിഭേദന ചിഹ്നം നിലകൊള്ളുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു.

2. അറബിഭാഷ മൂലപദങ്ങൾ ത്ര്യക്ഷരപദങ്ങളാണ്. മിക്കപ്പോഴും എല്ലാ സന്ദർഭങ്ങളിലും ഏതെങ്കിലുമൊരു സൂക്ഷ്മാക്ഷരം (Delicate letter) ത്ര്യക്ഷരപദങ്ങൾ ഉൾക്കൊള്ളുന്നതായി കാണാം. ي - و - ح - ه - ا - ع എന്നിവയാണ് പ്രസ്തുത സൂക്ഷ്മാക്ഷരങ്ങൾ. പദങ്ങൾ കൂടിക്കലർന്ന് തെറ്റിദ്ധാരണയുളവാക്കുന്നതിന്നെതിരിൽ അവയുടെമേൽ പാറാവുകാരായി ഈ അക്ഷരങ്ങൾ നിലകൊള്ളുന്നു. ഉദാ:

- عرب - ارب - حرب - ورب
ربع - ربو - ربا - برح - عرب
رب - ർന്നു ചിന്താക്കുഴപ്പം സൃഷ്ടിക്കുകയില്ല: ഈ സംരക്ഷണം നഷ്ടപ്പെട്ടാൽ സംസ്കൃതത്തിലും മറ്റു ഭാഷകളിലും ഉണ്ടായതുപോലുള്ള സമാനശബ്ദപദങ്ങൾ അറബിഭാഷയിലും രൂപമെടുക്കുമായിരുന്നു.

ث - س - ص - ش അറബി മൂലപദങ്ങളിൽ പരസ്പരം മാറ്റുവാൻ സാദ്ധ്യമല്ല. ഇംഗ്ലീഷിലെ S എന്ന അക്ഷരത്തിന് ഇവിടെ കുറിച്ച അറബി അക്ഷരങ്ങളെ പ്രതിനിധാനം ചെയ്യുവാൻ കഴിയുകയില്ല. അറബി ഭാഷക്ക് ഈ സ്വരഭേദം നഷ്ടപ്പെടുമ്പോൾ സമാനശബ്ദരൂപങ്ങൾ അറബിയിലും ഉണ്ടായിത്തീരും. തുടർന്നു صار (സാറ) سار (സാറ) ثار (സാറ) شار (ശാറ) എന്നീപദങ്ങൾ സമാനോച്ചാരണപദങ്ങളായിത്തീരുന്നതാണ്.

4-ഇംഗ്ലീഷിലെ Z എന്ന അക്ഷരം അറബിയിലെ ظ - ض، ز - ذ എന്നീ അക്ഷരങ്ങൾക്ക് തുല്യമാവുകയില്ല. ഇവിടെയും അറബിഭാഷാപദങ്ങൾക്ക് സ്വരഭേദം നഷ്ടപ്പെട്ടാൽ ظر (സർ) ضر (സർ) زر (സർ) ذر (സർ) എന്നീ പദങ്ങൾ തു ല്യോച്ചാരണ ഭിന്നാർത്ഥപദങ്ങളിൽ ലയിക്കുന്നതാണ്. എന്നാൽ ഇവ ഒരിക്കലും തുല്യോച്ചാരണപദങ്ങളല്ല. അറബി അക്ഷരമാലയിലെ ك - ق - خ - غ എന്നീ അക്ഷരങ്ങൾ ഇംഗ്ലീഷിലെ K Q G എന്നീ അക്ഷരങ്ങൾകൊണ്ട് തിരിച്ചറിയപ്പെടുകയില്ല. ഇവിടെ അറബിലിപികൾ സ്വരഭേദം നഷ്ടപ്പെട്ടാൽ أب - قب - غب - عب എന്നീ വാക്കുകൾ സമാന ശബ്ദപദമായി മാറുന്നു.

5 - A എന്ന ഇംഗ്ലീഷ് അക്ഷരം അറബിയിലെ ا - ع എന്നീ ലിപിക്ക് തുല്യമായിരിക്കുകയില്ല. അതുപോലെ H എന്ന അക്ഷരത്തിന് അറബിയിലെ ح - ه എന്നീ അക്ഷരങ്ങളുമായുള്ള വിനിമയവും സാധ്യമല്ല. കൂടാതെ Aയും H ഉം പരസ്പരം മാറിയും സമാനശബ്ദം സൃഷ്ടിക്കപ്പെടുന്നു.

7-T എന്ന അക്ഷരത്തിന് അറബിപദമായ ت - ط എന്നീ ലിപികളുടെ ശബ്ദരൂപം സൃഷ്ടിക്കാൻ കഴിയുകയില്ല. അറബിക്ക് ഈ സംരക്ഷണം നഷ്ടമായാൽ ستر - سطر എന്നീ പദങ്ങൾ തുല്യോച്ചാരണവും പ്രാപിക്കുന്നു.

8 സംസ്കൃതത്തിൽ 'സ' എന്ന ശബ്ദം 'ശ' ശബ്ദമായും (ശത്വം) 'ശ' ശബ്ദം 'സ' ശബ്ദമായും (സകാരം) മാറുന്നു. ഇത്തരം മാറ്റങ്ങളും തുല്യോച്ചാരണഭിന്നാർത്ഥപദങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിളനിലമായിത്തീരുന്നു.

9. അറബി മൂലപദങ്ങളിലെ ലിപിവിന്യാസം പുതിയ മൂലപദങ്ങളെ സൃഷ്ടിക്കുന്നുണ്ട്. ഉദാ: سل - سئل - سال - سلا - لس - لسى എന്നിവയെല്ലാം ഭിന്നാർത്ഥകങ്ങളായ മൂലപദങ്ങളാണ്. ഇതരഭാഷകളിൽ മൂലപദങ്ങളിലെ അക്ഷരങ്ങളുടെ പരസ്പരമാറ്റം ശബ്ദവിപര്യയത്തിന്നു കാരണമായിത്തീരുകയും അതുവഴി സമാനശബ്ദരൂപങ്ങൾ (Homonym) ഉണ്ടായിത്തീരുകയും ചെയ്യുന്നു.

ഇതരഭാഷകളിൽ ലിപികൾ പരസ്പരം സ്ഥാനമാറ്റം ചെയ്യുമ്പോഴുണ്ടാകുന്ന സ്വനമാറ്റവും സമാനശബ്ദരൂപം സൃഷ്ടിക്കുന്നു. അറബിഭാഷയിൽ രണ്ടു മൂലപദങ്ങൾ ഒരുവിധത്തിലും സമാനമായിരിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ അവയിലെ ഒരക്ഷരവും സമാനമല്ല. അതായത്, അവയിലെ ഒരക്ഷരവും മറ്റൊരു പദത്തിലെ അക്ഷരത്തിന്റെ സ്ഥാനത്ത് പകരമായി പ്രതിഷ്ഠിക്കുവാൻ സാധ്യമല്ല. ആകയാൽ അറബിമൂലപദങ്ങൾ ഇതരഭാഷാപദങ്ങളെ അപേക്ഷിച്ച് സ്ഥിരവും മാറ്റത്തിന് വിധേയമല്ലാത്തതും എക്കാലത്തും ഒരേ വിധത്തിൽ വ്യക്തികളുടെ കൈവിരലടയാളം പോലെ വ്യതിരിക്തവും തനിമ പുലർത്തുന്നതുമായി നിലകൊള്ളുന്നു. ചുരുക്കത്തിൽ, അറബിഭാഷയിൽ സമാനോച്ചാരണഭിന്നാർത്ഥപദങ്ങളുടെ പ്രശ്നം ഉദിക്കുന്നില്ല.

കേവലമൊരു സൈദ്ധാന്തീകരണശ്രമമെന്ന നിലക്കല്ല ഇതിവിടെ പ്രതിപാദിക്കുന്നത്. മറിച്ച്, വിവിധഭാഷകളിലെ സമാനശബ്ദരൂപങ്ങൾ വിഗ്രഹിച്ചും അറബി അക്ഷരമാലയിലെ

(ث - ش - س - ص)
(ذ - ظ - ث) (غ - خ - ك - ق)
(ظ - ص - ز - ذ) (ح - خ - ه - أ)

എന്നീ അക്ഷരങ്ങളിലെ സ്വരഭേദങ്ങൾ വേർതിരിച്ചു ചൂണ്ടിക്കാണിച്ചും അതിവിടെ തെളിയിച്ചിരിക്കുകയാണ്.

വ്യത്യസ്തമൂലപദങ്ങൾ കൂടിക്കലർന്ന വാക്കുകളുടെ വ്യുൽപത്തി പൊതുവെ തിരിച്ചറിയുവാൻ സാധിക്കുന്നതല്ലെന്ന വസ്തുത അംഗീകരിക്കപ്പെട്ടതാണ്. ഇത്തരം ചുരുങ്ങിയത് 300 പദങ്ങൾ സംസ്കൃതത്തിൽ കണ്ടെത്തിയിട്ടുണ്ട്. സംസ്കൃതത്തിലെ ഇത്തരം സമാന ശബ്ദപദതല ഭിന്നമൂലപദങ്ങൾ പ്രസ്തുതഭാഷയിൽ കണ്ടെത്തുകയില്ല. എന്നാൽ അറബിയേതര ഭാഷകളിലെ സമാനശബ്ദങ്ങളിലെ കൂടിക്കലർന്ന് കിടക്കുന്നതും തിരിച്ചറിയപ്പെടാതെ പോയതുമായ മൂലപദങ്ങൾ അറബി നമുക്ക് സജ്ജീകരിച്ചുതരുന്നു. മറ്റൊരു ഭാഷയ്ക്കും അവകാശപ്പെടാൻ സാധിക്കാത്തവിധം അറബിഭാഷ സ്പഷ്ടവും വ്യതിരിക്തവും ബൃഹത്തുമായ ഭാഷയാണെന്നും, അതുകൊണ്ടുതന്നെ സമാനശബ്ദരൂപങ്ങളെ സ്പഷ്ടമായി വിഗ്രഹിച്ച് അതിലെ മൂലപദങ്ങളെ

വേർതിരിച്ചുതരുന്നതിന്ന് അതു കഴിവുറ്റതാണെന്നുള്ള സത്യം അറബിഭാഷ മറ്റെല്ലാ ഭാഷകൾക്കും മുകളിലായി അത്യുൽകൃഷ്ടസ്ഥാനത്തു വിരാജിക്കുന്നുവെന്നതിന്ന് സ്പഷ്ടമായ തെളിവ് നൽകുന്നു.

സമാനശബ്ദരൂപത്തെപ്പറ്റി ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുതയുണ്ട്. ഭാഷ ദൈവം രൂപപ്പെടുത്തിയതും മനുഷ്യമനസ്സിൽ ക്രമപ്രവൃദ്ധമായി നിവേശിപ്പിച്ചതുമായിരുന്നുവെങ്കിൽ അവ ശുദ്ധമായ യുക്തിയിൽ അധിഷ്ഠിതമായിരിക്കേണ്ടതാണ്. നിലവിലുള്ള ഭാഷകൾ കുത്തഴിഞ്ഞതും അവ്യവസ്ഥിതവുമാണെന്ന വസ്തുതയാണ് ഭാഷ ദൈവം വെളിപ്പെടുത്തിക്കൊടുത്തതല്ലെന്നും മനുഷ്യനിർമ്മിതമാണെന്നും ഹെർഡറെപ്പോലെയുള്ള ഭാഷാശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുവാൻ കാരണമായത്. ഭാഷ അപൂർണ്ണമാണെന്ന ആശയമാണ് ആംഗ്യാനുകരണ സിദ്ധാന്തത്തിനും (Gesticulation Theory) സ്വനഭേദസിദ്ധാന്തത്തിനും (Insonic Theory) ജൻമം നൽകിയത്. ഭാഷ യുക്തിയധിഷ്ഠിതമല്ലെന്നും കുത്തഴിഞ്ഞതും അശാസ്ത്രീയവുമാണെന്നും പറയാനുണ്ടായ കാരണങ്ങളിലൊന്ന് സമാനശബ്ദപദങ്ങളെക്കുറിച്ചുള്ള പ്രഹേളികയാണ്. പ്രസ്തുത പദങ്ങൾ വിബന്ധനം ചെയ്തു വേർതിരിച്ചറിയുവാൻ കഴിയുമ്പോൾ ഭാഷ അശാസ്ത്രീയമാണെന്ന ആരോപണം തന്നെ നിലംപതിക്കുന്നു.

സമാന ശബ്ദരൂപമല്ലാത്ത പദങ്ങൾക്കും വിവധ അർത്ഥങ്ങൾ ഉണ്ടാകാവുന്നതാണെന്ന കാര്യം ഓർമിക്കേണ്ടതുണ്ട്. മറിച്ച് വ്യത്യസ്ത മൂലപദങ്ങൾ കൂടിക്കലർന്ന് ഒന്നായിചേർന്ന് ഒരേ ലിപിവിന്യാസം (Spelling) ആയിത്തീരുന്ന വാക്കിന്നാണ് സാമാന ശബ്ദപദം (Homonym) എന്ന സാങ്കേതിക നാമം നൽകപ്പെട്ടിരിക്കുന്നത്. ഉദാ: Bear എന്ന നാമവും Bear എന്ന ക്രിയയും സമാനോച്ചാരണഭിന്നാർത്ഥ പദങ്ങളാണ്.

ചുരുക്കത്തിൽ, അറബിഭാഷ സമാനപദങ്ങളെ വേർതിരിച്ച് ഭിന്നവാക്കുകളാക്കി അപഗ്രഥിച്ചുതരുന്നുവെന്ന സത്യം അത് എല്ലാ ഭാഷകളുടെയും ജനനിയാണെന്ന വാദം നിരാക്ഷേപമായി തെളിയിക്കുന്നു. സംസ്കൃതവും മറ്റു ഭാഷകളും സമാനശബ്ദപദങ്ങളെ സംബന്ധിച്ച് പ്രഹേളികയ്ക്ക് പരിഹാരം നിർദേശിക്കാൻ പര്യാപ്തമല്ല. അറബിഭാഷയുടെ ഈയൊരു സവിശേഷത താഴെകുറിക്കുന്ന ഉദാഹരണങ്ങൾ സ്പഷ്ടമായി തെളിയിക്കുന്നു. വ്യവസ്ഥിതമായ ഫോർമുലകൾക്ക് വിധേയമായി സമാനശബ്ദരൂപങ്ങൾ തിരിച്ചറിഞ്ഞിട്ടുള്ളത് വിവിധ ഭാഷകളിൽനിന്നുമുള്ള അത്തരം പദങ്ങൾ ഉദാഹരണമായി ഉദ്ധരിച്ചുകൊണ്ടാണ്. വ്യത്യസ്ത ഭാഷകളിലെ സമാന ശബ്ദരൂപങ്ങൾ മാത്രം ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം ഈ വാദഗതിക്ക് കൂടുതൽ തെളിവ് നൽകാൻ പര്യാപ്തമായിത്തീരുന്നതാണ്. ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകളിലെ സമാനശബ്ദങ്ങളാണ് ഇവിടെ അപഗ്രഥിച്ചു അവയുടെ അറബി മൂലങ്ങൾ കണ്ടെത്തിയിരിക്കുന്നത്. ഇതരഭാഷകളിലും ഇത്തരം പദങ്ങളുണ്ട്.

ഇവിടെ 39 സമാനശബ്ദപദങ്ങൾ സ്പഷ്ടമായി അപഗ്രഥിച്ച് വ്യതിരിക്തമായ പദങ്ങളായി വേർതിരിച്ചിരിക്കുന്നു. അറബി അക്ഷരമാലയും അവയുടെ മൂവക്ഷരരചാരിതിയും വ്യത്യസ്തഅറബിപദങ്ങൾ കൂടിച്ചേർന്ന സമാനശബ്ദരൂപങ്ങൾ സൃഷ്ടിക്കപ്പെടുന്നതിൽനിന്ന് അറബിഭാഷയ്ക്ക് പൂർണ്ണസംരക്ഷണം നൽകുന്നു.

(خ - غ - ق - ك) (ا - ع)
(ث - س - ش - ص)
(ذ - ر - ض - ط) (ح - ه)

എന്നീ അറബി ലിപികളുടെ സ്വരഭേദങ്ങൾ അവയിലെ വിവിധ പദങ്ങളെ തമ്മിൽ വേർതിരിച്ചുനിർത്തുന്നു. ഇവയ്ക്കുപുറമെ ع - ا - ه - ح - ر - ا - ي

എന്നീ സൂക്ഷ്മലിപികൾ വിവിദപദങ്ങളെ വേറിട്ടുനിർത്തുന്ന ഒരു രോധികയായി വർത്തിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ പദങ്ങൾ തമ്മിൽ കൂടിക്കലർന്നതിന്നെതിരെ എപ്പോഴും ഉണർന്നിരിക്കുന്ന കാവൽക്കാരന്റെ ചുമതലയാണ് ഈ അക്ഷരങ്ങൾ നിർവ്വഹിക്കുന്നത്. അറബിമൂലപദഘടനയിലെ ഈ രണ്ട് സവിശേഷതകൾ പ്രസ്താവിതമായ സമാനശബ്ദപദങ്ങൾ അപഗ്രഥിക്കുമ്പോൾ സൂക്ഷ്മമമായി പഠിക്കേണ്ടതുണ്ട്. അറബിയുടെ സവിശേഷതകളിൽ ഒന്നാണിത്. മറ്റു ഭാഷകളിൽനിന്നും അറബിയെ ഭിന്നവും സ്പഷ്ടവും വ്യതിരിക്തവുമായ (മുബീൻ) ഭാഷയാക്കുന്നത് ഈ വിശേഷതയാണ്. വിശുദ്ധഖുർആൻ ആവർത്തിച്ചും തറപ്പിച്ചും ബലപ്പെടുത്തിയും അറബിയെസംബന്ധിച്ചു മുന്നോട്ടുവെച്ചിട്ടുള്ള ഒരു വാദമുഖമാണിത്. 'മുബീൻ' എന്ന അറബിപദം സ്പഷ്ടമായിരിക്കുക, വ്യക്തമായിരിക്കുക, പ്രകടമായിരിക്കുക എന്നീ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന بيان എന്ന ധാതുവിൽനിന്നും ഉണ്ടായതാണ്. വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു:

وهذا لسان عربي مبين

"ഇതു സ്പഷ്ടവും ഋജുവുമായ അറബിഭാഷയാണ് (16:104).

ولقد يسرنا القرآن للذكر فهل من مذكر

"തീർച്ചയായും ഖുർആനെ ഓർമ്മിക്കാൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ഈ ഉപദേശം ശ്രദ്ധിക്കുന്നവരാരെങ്കിലുമുണ്ടോ? (54:41)

വിശുദ്ധഖുർആന്റെ ഇംഗ്ലീഷ് വിവർത്തകനായ മുഹമ്മദ് മാർമഡ്യൂക്ക് പിക്താൾ മുകളിൽ കൊടുത്തിട്ടുള്ള വാക്യത്തിന്റെ അടിക്കുറിപ്പിൽ എഴുതുന്നു.

"വിശുദ്ധഖുർആൻ വിശ്വാസികൾക്ക് അത്ഭുതകരമാംവണ്ണം ഹൃദിസ്ഥമാക്കുവാൻ കഴിയുന്നുവെന്നതു ഒരു പരമാർത്ഥമാണ്. പൗരസ്ത്യനാടുകളിൽ ഖുർആൻ മുഴുക്കെ മനഃപാഠമാക്കിയ ആയിരക്കണക്കിനാളുകൾ ഉണ്ട്. ഇംഗ്ലീഷ് ഭാഷയിലെ പ്രസിദ്ധമായ ഉദ്ധരണികൾപോലും കൃത്യമായി മനഃപാഠമാക്കാൻ പ്രയാസപ്പെടുന്ന ഈ പരിഭാഷകന്ന് അറബിഭാഷയിലുള്ള വിശുദ്ധഖുർആൻ പേജുകണക്കിൽ വളരെ

*ശേഷം പേജ് 23*

# ശിഥിലമാകുന്ന സമുദായം

മുഹമ്മദ് ഉമർ എച്ച്. എ.

## വിനാശം വിതക്കുന്ന പണ്ഡിതന്മാരുടെ കൈകളിലേന്തിയ ഖഡ്ഗത്താൽ തുണ്ടമാക്കപ്പെടുന്ന മുസ്‌ലിം സമുദായത്തെപ്പറ്റി

ഹിസ്റത്ത് മുഹമ്മദുനബി (സ) അവസാനകാലത്ത് തന്റെ സമുദായത്തിന്നുണ്ടാകുന്ന അധഃപതനത്തെയും അന്തഃഛിദ്രത്തെയും അവാന്തര വിഭാഗീയതയെയും കുറിച്ച് ചെയ്തിരുന്ന പ്രവചനം ഇന്ന് അതിന്റെ പൂർത്തീകരണത്തിന്റെ പാരമ്യത്തിലെത്തിയിരിക്കുന്നു.

യഥാർത്ഥ അഹ്ലുസ്സുന്നത്ത് വൽജമാഅത്താണ് തങ്ങളെന്നു വാദിക്കുന്ന സുന്നികൾ എ പി, ഇ കെ വിഭാഗങ്ങളായി ഭിന്നിച്ചുകൊണ്ട് ഒരുഭാഗത്തു തൊഴുത്തിൽ കുത്തും പള്ളിനിരോധനവും അസഭ്യവചനപ്രയോഗങ്ങളും നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇപ്പോഴിതാ തൗഹീദിന്റെയും സുന്നത്തിന്റെയും അഹ്ലുകാരാണു തങ്ങളെന്നു കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്ന 'മുജാഹിദീ'ങ്ങൾ പരസ്പരം ആരോപണവും പ്രത്യാരോപണവും ചെയ്തുകൊണ്ടിരിക്കുകയാണ്. മൗദൂദി ജമാഅത്തിന്നകത്തും പല ഉരുൾപ്പൊട്ടലുകളും ചീറ്റലുകളും പുകഞ്ഞുകൊണ്ടിരിക്കുകയാണ്. എല്ലാ മുസ്‌ലിം നാമധാരികളായ സംഘടനകളുടെയും അവസ്ഥ ഇത് തന്നെയാണ്. ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് അല്ലാഹു പറയുന്നു.

"അവർ സംഘടിതരാണെന്ന് നീ വിചാരിക്കുന്നുണ്ടാകും. എന്നാൽ അവരുടെ ഹൃദയങ്ങൾ വിഭിന്നങ്ങളാണ്." (59:15) വീണ്ടും പറയുന്നു: "തീർച്ചയായും നിങ്ങളുടെ പ്രയത്നങ്ങൾ വിഭിന്നങ്ങളാണ്." (92:5)

ഇന്ന് കാണപ്പെടുന്ന എല്ലാ കുഴപ്പങ്ങൾക്കും വിദ്രോഹ പ്രവർത്തനങ്ങൾക്കും ഉള്ള കാരണം ഇന്നത്തെ മുസ്‌ലിംകൾക്കും അവരുടെ നാമമാത്ര സംഘടനകൾക്കും ലക്ഷ്യമോ ഒരു സജീവ കേന്ദ്രമോ ആഗോളാടിസ്ഥാനത്തിലുള്ള ഒരു നേതൃത്വമോ ഇല്ലാത്തതാണ്. മുസ്‌ലിംസമുദായം കെട്ടുറപ്പുള്ള ഒരു സുശക്ത സമുദായമായി വിരാജിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. എന്നാൽ സ്വാർത്ഥമതികളും ആകാശത്തിൻകീഴിൽ നാശകാരികളും ആയ ഉലമാക്കളുടെ വിദ്വേഷ പ്രവർത്തനങ്ങളും കുഴപ്പങ്ങളും ആണ് അവരെ ഛിന്നഭിന്നമാക്കിത്തീർത്തത്. ചുരുക്കത്തിൽ ഈ പണ്ഡിതന്മാരുടെ പിടിയിൽ നിന്നു മോചനം ലഭിച്ചാലല്ലാതെ മുസ്‌ലിംകൾക്ക് രക്ഷയില്ല. ഈ യാഥാർത്ഥ്യം അവർ തന്നെ ഏറ്റുപറയുകയാണ്.

'അമീറുൽ ഹിന്ദ്' മൗലാനാ അസ്അദ് മദനീ ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ, ഒരു പൊതുയോഗത്തിൽ പ്രസംഗിക്കവെ ഇപ്രകാരം പ്രസ്താവിച്ചു.'

"നാം രാപ്പകൽ അല്ലാഹുവിനോടും റസൂലിനോടും അനുസരണക്കേടു കാണിച്ചുകൊണ്ടിരിക്കെ ദൈവകാരുണ്യത്തിന്നെങ്ങനെ അർഹരായിത്തീരും. ഏതെങ്കിലും ഒരു ഹറാമായ കാര്യം തങ്ങൾ ചെയ്യുന്നില്ല എന്ന് മുസ്‌ലിംകൾക്കു പറയുവാൻ സാധിക്കുമോ? മുസ്‌ലിംകൾ അധഃപതിച്ചുകൊണ്ടിരിക്കാത്ത ഒരു നാടും ലോകത്തില്ലതന്നെ. അപകർഷതയും അധമത്വവും അവരുടെ പ്രത്യേകതയായിത്തീർന്നിരിക്കുന്നു. മുസ്‌ലിംകളുടെ അവശസ്ഥിതി കണ്ട് നഊദുബില്ലാഹ്, ഖുർആന്റെ പ്രഭാവവും സ്വാധീനവും ഇപ്പോൾ ഇല്ല എന്ന് അതിന്റെ ശത്രുക്കൾ ഹാസ്യരൂപേണ പറയുകയാണ്. സത്യമെന്തെന്നാൽ, നമ്മുടെ ഇസ്‌ലാം യഥാർത്ഥ ഇസ്‌ലാമല്ല. നാം കൃത്രിമ ഇസ്‌ലാമിന്റെ അനുഗാമികളാണ്. ഖുർആനും ഹദീസും എല്ലാം ഒന്നുതന്നെ. എന്നാൽ നാമാണ് മാറിയിരിക്കുന്നത്. നാം സമാന്തരമായ (Parallel) ഇസ്‌ലാം കണ്ടുപിടിച്ചിരിക്കുന്നു. (മശ്‌രിഖ് ദിനപത്രം കല്ക്കത്ത 14.11.96)

മുസ്‌ലിംകളിൽ സംജാതമായിരിക്കുന്ന ഈ ദുരവസ്ഥക്കുള്ള കാരണക്കാരാരാണെന്ന് 'അമീറെ ശരീഅത്ത്' മൗലാനാ മുഹമ്മദുത്വാഹിർ പറയുന്നു. ഉമ്മത്തിന്റെ ഈ നാശകരമായ അവസ്ഥക്കുള്ള കാരണം, നബിയുടെ വാരിസുകളാണെന്ന് പെരുമ്പറയടിക്കുന്ന ഉലമാക്കളാണ്. അവരുടെ വാക്കിലും പ്രവൃത്തിയിലും വൈരുദ്ധ്യമുണ്ട്. അതുകൊണ്ടാണ് നമ്മുടെ മതപരമായ അധഃപതനത്തിന്റെ ഉത്തരവാദികൾ ഉലമാക്കളാണെന്നു നാം പറയുന്നത്. അവർ ദുഷിച്ചുപോയത് നിമിത്തം മുസ്‌ലിംകളിലും ദൂഷ്യവും നാശവും ഉടലെടുത്തിരിക്കുകയാണ്. (മശ്‌രിഖ് കല്ക്കത്ത 20-7-93)

കേരളത്തിലെ ഉലമാക്കളുടെ ഒന്നു രണ്ടു മാതൃകകൾ കേൾക്കുക.

കാന്തപുരം സുന്നി മുസ്‌ലിയാക്കന്മാരെ കുറിച്ച് ഇ കെ സുന്നി മുസ്‌ലിയാക്കന്മാർ എഴുതുന്നു.

"വയറിന്നുവേണ്ടി മതത്തിന്റെ ശിആറുകളെ തള്ളിപ്പറയുവാനോ മതവിരുദ്ധ പ്രസ്താവനകൾ ഇറക്കാനോ മടിക്കാത്ത ഇവരാണ് ഇന്ന് സമുദായത്തിന് ഏറ്റവും ഉപദ്രവകാരികൾ. ആകാശത്തിൻ കീഴിലെ ഏറ്റവും വലിയ ശർറുകൾ. മഹാന്മാരായ വലിയ്യുകളെയും ജീവിച്ചിരിക്കുന്ന പണ്ഡിത കാരണവന്മാരെയും അറപ്പില്ലാതെ തെറിപറയുന്ന ഈ വെള്ള ഇബ്‌ലീസുകൾ ഒരു ദയയും അർഹിക്കുന്നില്ലെന്നത് മുസ്‌ലിം കേരളത്തിന്റെ മനസ്സിലിരിക്ക

ട്ടെ. (ഫിർദൗസ് വാരിക 29-5-1990 ശബാബ് 19-8-1994)

ഇനി ശൈഖുനാ എ.പി.യുടെ ഒരു തിരുമൊഴി കാണുക." "മുജാഹിദുകളും മൗദൂദികളും മതത്തെ വികലമാക്കുന്ന യഹൂദികളുടെ പിന്തുടർച്ചക്കാരാണെന്നും അവരുമായി ഇടപഴകാനോ സലാം പറയുവാനോ പാടില്ലെന്നും കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാർ പ്രസ്താവിച്ചു. (മാധ്യമം 15-12-87)

ഇങ്ങനെ പരസ്പരം കൊത്തിക്കീറി ചോരയൊലിപ്പിക്കുന്ന നാശകാരികളായ മുല്ലാക്കൾക്കിടയിൽ നട്ടംതിരിയുകയാണ് സാധാരണ മുസ്‌ലിംകൾ.

അവസാനകാലത്ത് ഇത്തരം ശോചനീയവും ഭയാനകവും ആയ ഒരവസ്ഥ സംജാതമാകുന്നതാണെന്ന് റസൂൽ തിരുമേനി പ്രവചിച്ചപ്പോൾ ആ കാലം വന്നുപെടുകയാണെങ്കിൽ അങ്ങയുടെ ഞങ്ങൾക്കുള്ള കല്പനയെന്താണെന്ന് സഹാബാക്കൾ ചോദിച്ചു. അപ്പോൾ തിരുനബി (സ) നീ യഥാർത്ഥ മുസ്‌ലിംകളുടെ ജമാഅത്തും അവരുടെ ഇമാമും ആയി ബന്ധപ്പെടുക എന്നു പ്രതിവചിച്ചു. നിവേദകനായ ഹസ്റത്ത് ഹുദൈഫത്തൽയമാൻ പ്രസ്താവിക്കുന്നു. അപ്പോൾ ജമാഅത്തും ഇമാമും ഇല്ലെങ്കിലോ എന്നു ഞാൻ ചോദിച്ചപ്പോൾ നീ എല്ലാ ഫിർഖ (വിഭാഗ)കളിൽനിന്നും അകന്നുനിൽക്കുക. നിനക്ക് (കാടുകളിൽ പോയി) മരത്തിന്റെ വേര് ചവച്ചിറക്കി ജീവിക്കേണ്ടിവന്നാലും ആ അവസ്ഥയിൽത്തന്നെ മരിക്കേണ്ടിവന്നാലും ശരി. (ബുഖാരി കിതാബുൽ ഫിത്തൻ)

ഇവിടെ ഹസ്റത്ത് റസൂൽ കരിം (സ) നിർദ്ദേശിക്കുന്നത് താൻ പ്രവചിച്ച അൽജമാഅത്തിനെയും അതിന്റെ ഇമാമിനെയും കാണുവാൻ സാധിക്കുന്നില്ലെങ്കിൽ ആ അവസ്ഥയിൽ മുസ്‌ലിംകളിൽ കാണപ്പെടുന്ന ഒരു കക്ഷിയുമായും ബന്ധംവെക്കാൻ പാടില്ല എന്നാണ്.

എന്നാൽ ഹസ്റത്ത് നബികരിം (സ) തിരുമേനിയുടെ പ്രവചനങ്ങളനുസരിച്ച് മുസ്‌ലിംകൾ നൂറുകണക്കിലുള്ള കക്ഷികളും പ്രതികക്ഷികളും വിഭാഗങ്ങളും അവാന്തര വിഭാഗങ്ങളും ആയി മാറി. മോക്ഷാർഹമായ 'അൽജമാഅത്ത്' എന്നു ആ പുണ്യാത്മാവി(സ) നാൽ സുവിശേഷമറിയിക്കപ്പെട്ട (അൽമിശ്കാത്ത്) ഒരാഗോള ജമാഅത്തും ഇമാമത്തും ഹസ്റത്ത് മഹ്ദി മസീഹ് (അ) നാൽ സംസ്ഥാപിതമായി. ഈ കാലത്ത് ദൈവനിയുക്തരായ ഹസ്റത്ത് ഇമാം മഹ്ദി മസീഹ് (അ) ഇപ്രകാരം വാദിച്ചു.

"അസത്യത്തിന്റെ വിരോധിയും കറ്റുകെട്ടുകാരനെ നശിപ്പിക്കുന്നവനും കരീമും അസീസുമായ അല്ലാഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്തു പറയുന്നു. ഞാൻ അവന്റെ ഭാഗത്തുനിന്നുള്ളവനാകുന്നു. അവൻ അയച്ചതനുസരിച്ച് തക്കസമയത്ത് ഞാൻ ആഗതനായിരിക്കുന്നു. അവന്റെ കല്പന പ്രകാരമാണ് ഞാൻ വന്നിരിക്കുന്നത്. എന്റെ ഓരോ കാൽവെയ്പിലും അവൻ എന്നോടൊപ്പമുണ്ട്. അവൻ എന്നെ പാഴാക്കുന്നതല്ല. അവന്റെ ഇച്ഛക്കനുസൃതമായി അവന്റെ എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും പൂർത്തിയാകുന്നതുവരെ എന്റെ ജമാഅത്തിനെ അവൻ നശിപ്പിക്കുന്നതല്ല. അവൻ എന്നെ പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ പ്രകാശത്തിന്റെ പൂർത്തീകരണത്തിന്നാണയച്ചിരിക്കുന്നത്. (അർബയൻ 2 പേജ് 6)

വീണ്ടും അദ്ദേഹം പറയുന്നു:

അല്ലാഹു ഈ കാലഘട്ടത്തെ അന്ധകാര നിബിഢമായും ഈ ലോകം അശ്രദ്ധയിലും അവിശ്വാസത്തിലും ബഹുദൈവാരാധനയിലും മുഴുകികിടക്കുന്നതായും സത്യവിശ്വാസവും സത്യതയും ഭയഭക്തിയും സാത്വികതയും മാഞ്ഞുമാഞ്ഞുപോകുന്നതായും കണ്ട് വീണ്ടും ലോകത്ത് വിജ്ഞാനപരമായും കർമ്മപരമായും ധാർമ്മികവും ആത്മീയവും ആയ സത്യതയെ പുനഃസ്ഥാപിക്കുന്നതിന്നായും ദാർശനികതയുടെയും പ്രകൃതിമതത്തിന്റെയും (Naturalism) ബഹുദൈവാരാധനയുടെയും നിരീശ്വരത്ത്വത്തിന്റെയും ആടയണിഞ്ഞുകൊണ്ട് ഈ ദൈവികമായ തോട്ടത്തിന്ന് നാശവും നഷ്ടവും നടത്തുവാൻ ചെയ്യപ്പെടുന്ന എല്ലാ ആക്രമണങ്ങളിൽ നിന്നും ഇസ്‌ലാമിനെ സംരക്ഷിക്കുന്നതിന്നായിട്ടുമാണെന്നെ അവൻ അയച്ചിരിക്കുന്നത്.

(ആയിനയെ കമാലാത്തെ ഇസ്‌ലാം 251)

ഹസ്റത്ത് അഹ്മദ് (അ) 1891ലാണ് താൻ വാഗ്ദത്ത ചെയ്യപ്പെട്ട മഹ്ദിയും മസീഹും ആണെന്നു വാദിച്ചത്. അന്നു തൊട്ടിന്നേവരെ അദ്ദേഹത്താൽ സംസ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിക്കുവാൻ അതിന്റെ ശത്രുക്കൾ കഠിനമായി യത്നിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ പ്രസ്ഥാനം നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുകയും അതിന്റെ ശത്രുക്കൾ പരാജയപ്പെടുകയും നിന്ദ്യരാക്കപ്പെടുകയും അവസാനം നശിച്ചൊടുങ്ങുകയും ചെയ്യുന്ന കാഴ്ചയാണ് ലോകത്തിന്നു കാണുവാൻ സാധിക്കുന്നത്.

ഇന്നു അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ പ്രസ്ഥാനം ലോകത്ത് 176 രാഷ്ട്രങ്ങളിൽ കാലൂന്നിയിരിക്കുന്നു. 18 കോടിയിലധികം ജനസംഖ്യയുള്ള ഈ ജമാഅത്തിൽ അൻസാറുല്ലാഹ്, ഖുദ്ദാമുൽ അഹ്മദിയ്യാ, അത്ഫാലുൽ അഹ്മദിയ്യാ എന്നീ വയോജനയുവജന ബാലക സംഘടനകളും ലജ്നാ ഇമായില്ലാഹ്, നാസിറാത്തുൽ അഹ്മദിയ്യാ എന്നീ മഹിളാബാലികാ സംഘടനകളും ഒരേ ഒരു ആഗോളനേതൃത്വത്തിന്റെ കീഴിൽ പരസ്പരം കൈകോർത്തു ഐക്യദാർഢ്യത്തോടുകൂടി മുന്നേറിക്കൊണ്ടും വ്യാപിച്ചുകൊണ്ടുമിരിക്കുകയാണ്. ഈ ആഗോളപ്രസ്ഥാനത്തിന്നു ഒരുവിധത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയേയും നേരിടേണ്ടിവന്നിട്ടില്ല. സമ്പത്തിന്റെ പേരിൽ ഇപ്പോൾ മുസ്‌ലിംസംഘടനകൾക്കിടയിൽ ചേരിപ്പോരിന്നു കാരണമായിത്തീർന്ന ഒരു പ്രശ്നവും ഇന്നേവരെ ഈ ജമാഅത്തിൽ ഉണ്ടായിട്ടില്ല.

കറാച്ചിയിൽനിന്നു പുറപ്പെടുന്ന വജൂദ് എന്ന പത്രമാസിക എഴുതുന്നു.

"ഓരോ ഖാദിയാനിയും തന്റെ വരുമാനത്തിന്റെ പത്തിലൊന്ന് തന്റെ മതത്തിന്റെ പ്രചാരണത്തിന്നും അഭിവൃദ്ധിക്കുമായി ഖാദിയാനീ ജമാഅത്തിന്നു നൽകിക്കൊണ്ടിരിക്കുകയാണ്. ആയിര

ചെന്ന് പാവപ്പെട്ട മുസ്ലിംകളെ വഴിതെറ്റിച്ചുകൊണ്ടിരിക്കുകയാണ്.... ഒരു സർവ്വെ റിപ്പോർട്ടനുസരിച്ച് ഇതുവരെയായി ഇന്ത്യയിൽ അഞ്ചുകോടി മുസ്ലിംകൾ ഖാദിയാനികളുടെ വലയിൽപ്പെട്ടിരിക്കുകയാണ്. (നയീദുൻയാ ഡൽഹി 22/28 6-2002

'അൽഫസ്ലു ശഹിദത്ത് ബിഹിൽ അഅ്ദാഉ'. ശത്രുക്കളുടെ സാക്ഷ്യമാണ് പ്രാധാന്യമർഹിക്കുന്നത്! അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോളതലത്തിലുള്ള പുരോഗതിയും അതിന്റെ വിരോധികൾക്കിടയിൽ കാണപ്പെടുന്ന അന്തഃഛിദ്രവും തൊഴുത്തിൽകുത്തും അഹ്മദിയ്യത്തിന്റെ സത്യതയിലേക്ക്, അത് ഒരു ദൈവിക പ്രസ്ഥാനമാണെന്നതിലേക്ക് വെളിച്ചംവീശുന്നു. ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) അരുൾ ചെയ്യുന്നു.

"അല്ലാഹു എനിക്ക് വളരെയധികം മഹത്വം തന്നനുഗ്രഹിക്കുന്നതാണെന്നും എന്റെ സ്നേഹം ഹൃദയങ്ങളിൽ കുടിയിരുത്തുന്നതാണെന്നും എന്റെ പ്രസ്ഥാനത്തെ ഭൂമിയിലെങ്ങും പ്രചരിപ്പിക്കുന്നതാണെന്നും എല്ലാ ഫിർഖകളിൻമേലും എന്റെ ജമാഅത്തിന്ന് വിജയം നൽകുന്നതാണെന്നും, എന്റെ ജമാഅത്തിലുള്ള ജനങ്ങൾ തങ്ങളുടെ സത്യതയുടെ പ്രകാശത്താലും ദൃഷ്ടാന്തങ്ങളാലും അടയാളങ്ങളാലും എല്ലാവരുടെയും വായടക്കുംവണ്ണം അറിവിലും വിജ്ഞാനത്തിലും പരിപൂർണ്ണതയടയുന്നതാണെന്നും ഓരോ സമുദായവും ഈ നീരുറവിൽ നിന്നും ജലപാനം നടത്തുന്നതാണെന്നും അല്ലാഹു എന്നെ ആവർത്തിച്ചാവർത്തിച്ചറിയിച്ചിരിക്കുന്നു. ഈ പ്രസ്ഥാനം ശക്തമായ രീതിയിൽ വലുതാകും...... ഭൂമിയിൽ അതു വ്യാപിക്കുന്നതാണ്. പല തടസ്സങ്ങളും പരീക്ഷണങ്ങളും വരുന്നതാണ്. എന്നാൽ അല്ലാഹു എല്ലാം തന്നെ നീക്കിക്കളയുന്നതും തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതുമാണ്. അതുകൊണ്ട് അല്ലയോ ശ്രോതാക്കളെ! ഈ കാര്യങ്ങൾ ഓർമ്മയിൽവെക്കുക. ഈ മുന്നറിയിപ്പുകൾ നിങ്ങൾ നിങ്ങളുടെ പെട്ടികളിൽ സൂക്ഷിക്കുക. ഒരുദിവസം പൂർത്തിയാകാനിരിക്കുന്ന ദൈവവചനമാണിത്. (തദ്കിറ പേജ് 846)

ടുത്തിരിക്കുകയാണ്. ഖാദിയാനികളുടെ ദൈനംദിനമുള്ള പുരോഗതി, ലക്ഷക്കണക്കിൽ ജനങ്ങളുടെ ഖാദിയാനി മതത്തിലേക്കുള്ള പ്രവേശനം, ലോകത്തിന്റെ ഖാദിയാനിയത്തിലേക്കുള്ള ചായ്‌വും താല്പര്യവും പ്രത്യക്ഷത്തിൽ മനസ്സിലാക്കിത്തരുന്നത് അല്ലാഹു അവരോടൊപ്പമാണ് നിൽക്കുന്നതെന്നാണ്. കാരണം മുഴുവൻ ഉമ്മത്തും (72 വിഭാഗങ്ങളും പരി.) ഒരു ഭാഗത്തും ഈ ന്യൂനപക്ഷ ജമാഅത്ത് മറ്റൊരു ഭാഗത്തുമാണെന്ന സത്യം ആർക്കും കാണാവുന്നതാണ്. പെട്രോ ഡോളറിന്റെ സമ്പത്തും ഗവൺമെന്റുകളുടെ സഹകരണവും ഭൂരിപക്ഷമാണെന്ന വാദവും എല്ലാം ഉണ്ടായിട്ടും ഫലം വട്ടപ്പൂജ്യമാണ്. കുഫ്ർ വ്യാപിച്ചുകൊണ്ടിരിക്കുന്നു. മുസ്ലിംകൾ ദിനംപ്രതി ധാർമ്മികമായും ആത്മീയമായും സാമ്പത്തികമായും മതപരമായും അധഃപതനഗർത്തത്തിൽ ആണ്ടാണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇതെങ്ങിനെയുണ്ടായി? നാം ഗൗരവപൂർവ്വം ഈ പ്രശ്നത്തെക്കുറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ, ഖാദിയാനിയത്താകുന്ന ഈ വെള്ളപ്പൊക്കത്തിന്റെ തീവ്രമായി വർദ്ധിച്ചുവരുന്ന ഈ വേഗത കണ്ട് അടുത്ത ചില വർഷങ്ങളിൽ ഇത് മുഴുലോകത്തോടൊപ്പം പാക്കിസ്താനെയും ഒഴിച്ച് കൊണ്ടുപോകുന്നതാണെന്നനുമാനിക്കുന്നതിൽ ഒരു തെറ്റും ഇല്ലതന്നെ (ദിഫാഅ് മാസിക കറാച്ചി. ആഗസ്റ്റ് 1997 പേജ് 40)

ന്യൂഡൽഹിയിൽ നിന്നു പ്രസിദ്ധീകൃതമാകുന്ന നയിദുൻയാ എന്ന മാസികയുടെ 22/28-6-2001ലെ പതിപ്പിൽ അതിന്റെ കോളമിസ്റ്റ് നയാസ് അഹ്മദു ചൗഹാൻ എഴുതുന്നു.

"നമ്മുടെ മഹാന്മാരായ പണ്ഡിതന്മാരുടെ അശ്രാന്ത പരിശ്രമങ്ങൾ ഉണ്ടായിട്ടും ഖാദിയാനിമതം (?) ഇന്ത്യയിൽ ദൈനംദിനം വ്യാപിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം വളരെ പരിതാപത്തോടെ എഴുതേണ്ടിവരികയാണ്. നമ്മുടെ ഉലമാക്കളുടെ പരിശ്രമങ്ങൾ പൊതുയോഗങ്ങളിലും പള്ളികളിലും മാത്രം പരിമിതമാണെങ്കിൽ ഖാദിയാനീ പ്രചാരകന്മാർ ഗ്രാമങ്ങൾ തോറും

ക്കണക്കിലുള്ള വ്യക്തികൾ തങ്ങളുടെ സ്വത്തുക്കളുടെ പത്തിലൊരംശം വസിയ്യത്ത് ചെയ്യുന്നു. അവരിൽ ശീസാൻ കമ്പനിയുടെ ഉടമസ്ഥനെപ്പോലെ വമ്പിച്ച ധനവാന്മാരുമുണ്ട്. ഇവർ തങ്ങളുടെ വരുമാനത്തിന്റെ പത്തിലൊരംശം അതായത് വർഷംതോറും രണ്ടര മൂന്നു കോടിരൂപ ഖാദിയാനീ ജമാഅത്തിന്നു കൊടുത്തുകൊണ്ടിരിക്കുന്നു. റഷ്യൻ ഭാഷയിൽ ഖാദിയാനി ജമാഅത്ത് വിശുദ്ധ ഖുർആൻ വിവർത്തനം ചെയ്തുകൊണ്ട് റഷ്യ മുഴുവനും വിതരണം ചെയ്തിരിക്കുന്നു. ഇതിന്റെ എല്ലാ ചെലവുകളും ശീസാൻ കമ്പിനിയാണ് വഹിച്ചിരിക്കുന്നത്. ഇതേപ്രകാരം, കുറഞ്ഞത് നൂറുഭാഷകളിൽ ഖാദിയാനികൾ വിശുദ്ധ ഖുർആൻ ഭാഷാന്തരം ചെയ്ത് ലോകത്തെങ്ങും വിതരണം ചെയ്തിരുന്നു. ഞാൻ ഈ അടുത്ത് കുവൈത്തിൽ ചെന്നിരുന്നു. അവിടുത്തെ മതകാര്യ മന്ത്രാലയത്തിലെ (Ministry for religious Affairs) ഉദ്യോഗസ്ഥൻ എന്നോട് റഷ്യയിലെ സ്വതന്ത്ര നാടുകളിൽ ഞങ്ങൾ ചെന്നേടത്തെല്ലാം റഷ്യൻ ഭാഷയിൽ വിശുദ്ധഖുർആന്റെ ഖാദിയാനി തർജ്ജമ കാണുവാൻ സാധിച്ചു എന്നു പറഞ്ഞു. അവരുടെ വരുമാനമാർഗ്ഗങ്ങൾ വളരെ വിപുലമാണ്. ഖാദിയാനി ജമാഅത്ത് ഒരു മണിക്കൂറിന്ന് 5 ലക്ഷം രൂപയുടെ കണക്കിൽ ടെലിവിഷൻ ചാനൽ വാങ്ങിയിരിക്കുന്നു. അവരുടെ T.V. (M.T.A.I) 24 മണിക്കൂറും പ്രവർത്തനനിരതമാണ്.

നമ്മുടെ ഇസ്ലാമികനാടുകൾ ഈ ഭാഗത്ത് ഒരു ശ്രദ്ധയും ചെലുത്തുന്നില്ല."

(വജൂദ് കറാച്ചി 28-10-2000, അൽഫസൽ ഇന്റർ നേഷനൽ ലണ്ടൻ 25-5-2001)

കറാച്ചിയിൽ നിന്നു തന്നെ പുറപ്പെടുന്ന ദിഫാഅ്മാസിക എഴുതുന്നു.

1988 മുതൽ ഇന്നുവരെ ഖാദിയാനിസം മുബാഹലയുടെ മൈതാനത്ത് നിന്നുകൊണ്ട് വെല്ലുവിളി നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരുവിധത്തിൽ പറയുകയാണെങ്കിൽ അവർ തങ്ങളുടെ പ്രശ്നം ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് അവന്റെ തീർപ്പിന്നു വിട്ടുകൊ

വിശുദ്ധ ഖുർആനും ചില ചരിത്രപ്രശ്നങ്ങളും – 2

# ബാബേൽ ഗോപുരവും പൊതുഭാഷയും

എ. എം. മുഹമ്മദ് സെലിം

## പുരാതനകാലം മുതല്ക്കേ മനുഷ്യൻ കൈകാര്യം ചെയ്തിരുന്ന ഭാഷ ഇപ്പോഴും അവന്റെ കൂടെയുണ്ട്. മൂർത്തമായ ഭാഷയെ ഉപജീവിച്ച്കൊണ്ട് ചരിത്രാതീതകാലത്തെ മനുഷ്യന്റെ ചരിത്രത്തിലേക്ക് നമുക്ക് ഇറങ്ങിചെല്ലാനാവും

ആദിഭൂതം മുതൽ ഇന്നുവരെ അനസ്യൂതവും അഖണ്ഡവുമായി മനുഷ്യൻ ഉപയോഗിച്ചുവരുന്ന ആയുധമാണ് ഭാഷ. മാനുഷതയയുടെ സമസ്തഭാ വങ്ങളുടെയും ഉത്കൃഷ്ട പ്രതീകമാകുന്നു അത്. മനുഷ്യന് ഇന്നേവരെ മനസ്സിലാക്കാൻ കഴിയാത്ത ഭാഷയുടെ വിസ്മയകരമായ നിഗൂഢതകളെയും വ്യവഹാരതലത്തിൽ അവക്കുണ്ടായ രൂപപരിണാമങ്ങളെയും കുറിച്ചുള്ള അഗാധമായ പഠനങ്ങൾ പല സത്യങ്ങളും അനാവരണം ചെയ്യും.

നോഹയുടെ പ്രളയത്തിന് ശേഷം മനുഷ്യർ ഒരുമിച്ചു ജീവിച്ചിരുന്ന കാലത്ത് ഒരു പൊതുഭാഷയായിരുന്നു സംസാരിച്ചിരുന്നത്. അക്കാലത്ത് മനുഷ്യൻ നിർമ്മിക്കാൻ ശ്രമിച്ച ബാബേൽ എന്ന മഹാഗോപുരത്തെപ്പറ്റിയും ഭാഷ മാറ്റിമറിച്ചുകൊണ്ട് ദൈവം അത് പരാജയപ്പെടുത്തിയതിനെ സംബന്ധിച്ചുമുള്ള ഒരു കഥ ബൈബിളിലുണ്ട്. പ്രതീകാത്മകമായ ഈ ബൈബിൾ കഥ ഭാഷയുടെ വൈവിധ്യങ്ങളെ സംബന്ധിച്ച ചിന്തകൾക്ക് വഴിമരുന്നിടുന്നു, കഥയിങ്ങനെയാണ്:

“അക്കാലത്ത് ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു. എന്നാൽ അവർ കിഴക്കോട്ടു കൂടി പുറപ്പെട്ടുവന്നപ്പോൾ ശിനാർ ദേശത്ത് ഒരു സമതല ഭൂമി കണ്ടു. അവിടെ പാർത്തു. അവർ പരസ്പരം പറഞ്ഞു. ‘വരുവിൻ നമുക്ക് ഇഷ്ടിക ഉണ്ടാക്കി നന്നായി ചുട്ടെടുക്കാം.’ അങ്ങനെ അവർ കല്ലിനുപകരം ഇഷ്ടികകളും കുമ്മായത്തിനുപകരം പശമണ്ണും ഉപയോഗിച്ചു. വരുവിൻ; നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിക്കാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക; നമുക്കു ഒരു പേരുണ്ടാക്കുക എന്നു അവർ പറഞ്ഞു. മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിനു യഹോവ ഇറങ്ങിവന്നു. അപ്പോൾ യഹോവ: ഇതാ, ജനം ഒന്ന്. അവർക്കെല്ലാവർക്കും ഭാഷയും ഒന്ന്, ഇതും അവർ ചെയ്തുതുടങ്ങുന്നു. അവർ ചെയ്‌വാൻ നിരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമാകയില്ല. വരുവിൻ; നാം ഇറങ്ങിച്ചെന്നു അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കികളയുക എന്ന് അരുളി ചെയ്തു. അങ്ങനെ യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു. അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു. സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെവെച്ചു കലക്കികളകയാൽ അതിനു ബാബേൽ എന്നു പേരായി. യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചു കളഞ്ഞു.” (ഉല്പത്തി 11:1–10)

ഖുർആന്റെ പ്രസ്താവനയെ പരോക്ഷമായി ദൃഢീകരിക്കുന്ന ഈ കഥയിൽനിന്ന് മൂന്നു കാര്യങ്ങൾ നമുക്ക് നിഗമിച്ചെടുക്കാം. ഒന്നാമതായി, മനുഷ്യൻ ഒരുകാലത്ത് ഒരുമിച്ചു ജീവിച്ചിരുന്നു. രണ്ടാമതായി ഒരേ ഭാഷ സംസാരിച്ചിരുന്നു. മൂന്നാമതായി ഭൂമിയിലെ നാലുഭാഗത്തേക്കും ചിന്നിച്ചിതറിപ്പോയി.

### ഭാഷയുടെ ഉത്ഭവം

മനുഷ്യനെപ്പോലെ തന്നെ അത്ഭുതങ്ങൾ നിറഞ്ഞതാണ് മനുഷ്യന്റെ ഭാഷണകല. പുരാതന മനുഷ്യന്റെ ചരിത്രപഠനത്തിന് ആധുനിക പണ്ഡിതന്മാരുടെ ശ്രദ്ധ ഭാഷയെ സംബന്ധിച്ച പഠനങ്ങളിലേക്ക് തിരിയുകയാണ്. കാരണം നാം ഇപ്പോഴും കൈകാര്യം ചെയ്യുന്ന ഭാഷ ആദിപുരാണം മുതലേ മനുഷ്യന്റെ കൂടെയുണ്ട്.

മനുഷ്യന്റെ സർവ മഹത്വങ്ങൾക്കും പുരോഗതിക്കും ആധാരമായ ഭാഷയും ഭാഷണകലയും ശാസ്ത്രത്തിന് ഇപ്പോഴും വഴങ്ങിയിട്ടില്ല. മനുഷ്യന്റെ വൈകാരികവും ധിഷണാപരവുമായ പ്രതികരണവൃത്തി എന്ന നിലയ്ക്ക് ഭാഷണകലയിൽ ഭാഷ, മനസ്സ് മസ്തിഷ്കം, ഹൃദയം, നാഡീവ്യൂഹം എന്നീ ഘടകങ്ങൾ പങ്കെടുക്കുന്നു. മേൽപറഞ്ഞതിൽ മസ്തിഷ്കം ഹൃദയം നാഡീവ്യൂഹം മുതലായ അവയവങ്ങൾ ശരീരശാസ്ത്രത്തിന്റെ ഭാഗമാണ്. ഭാഷയും മൂർത്തമാണെന്ന് പറയാം. എന്നാൽ ഈ പ്രക്രിയയിലെ ഏറ്റവും

പ്രമുഖമായ മനസ്സ് അമൂർത്തവും ഭൗതികശാസ്ത്രങ്ങൾക്ക് വഴങ്ങാത്തതുമാണ്. അങ്ങനെ ഭാഷയുടെയും ഭാഷണകലയുടെയും ഉൽപ്പത്തി പിടികിട്ടാത്ത സമസ്യയായി അവശേഷിക്കുന്നു.

ഭാഷയുടെ ഉല്പത്തിയെപ്പറ്റി പത്തൊമ്പതാം നൂറ്റാണ്ടിലെ പണ്ഡിതന്മാർ നിരവധി സിദ്ധാന്തങ്ങൾ മുന്നോട്ടുവെക്കുകയുണ്ടായി. മറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്പോലെ ബഹിർഭാഗസ്ഥവും സ്ഥൂലവുമായ വീക്ഷണങ്ങളായിരുന്നു അവർക്കുണ്ടായിരുന്നത്. ജീവികളുടെ ശബ്ദങ്ങളെ അനുകരിച്ച് പുറപ്പെടുവിച്ച അനുകരണ ശബ്ദങ്ങളായിരുന്നു ഭാഷയുടെ ഉൽപ്പത്തിക്ക് നിദാനം എന്നായിരുന്നു ഒരുകൂട്ടരുടെ അഭിപ്രായം. ഭാരിച്ച ജോലികൾ ചെയ്യുമ്പോൾ ആശ്വാസത്തിനുവേണ്ടി പുറപ്പെടുവിച്ച ശബ്ദങ്ങളാണ് ഭാഷയായി രൂപപ്പെട്ടതെന്ന് മറ്റൊരു സിദ്ധാന്തം. വികാര പ്രകടനങ്ങളായ വ്യാക്ഷേപക ശബ്ദങ്ങളാണ് മനുഷ്യഭാഷക്ക് വിത്ത് പാകിയതെന്ന് വേറൊരു കൂട്ടർ. ഓരോരുത്തരുടെയും ഭാവനാവിലാസങ്ങൾക്കനുസരിച്ച് കെട്ടിപ്പടുത്ത ഈ ബുദ്ധിശൂന്യമായ സിദ്ധാന്തങ്ങളൊക്കെയും ശാസ്ത്രീയമല്ലാത്ത വെറും ഊഹങ്ങളാണെന്ന നിലക്ക് ആധുനിക ഭാഷാശാസ്ത്രജ്ഞന്മാർ തള്ളിക്കളഞ്ഞിരിക്കുന്നു. തിരസ്ക്കരിക്കപ്പെട്ട ഈ വികല സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചതിൽ മഹാപണ്ഡിതനായ മാർക്സ് മുള്ളറെപ്പോലെയുള്ളവർ പോലുമുണ്ട്. വിശുദ്ധഖുർആൻ പറയുന്നു: "ആ പരമകാരുണികൻ, അവൻ ഖുർആൻ പഠിപ്പിച്ചു. അവൻ മനുഷ്യനെ സൃഷ്ടിച്ചു അവനെ ഭാഷണം പഠിപ്പിക്കുകയും ചെയ്തു" (55:1-5) പ്രാകൃതമനുഷ്യന്റെ സർവ്വ മഹത്വത്തിനും കാരണമായതും അത്യഗാധ ധിഷണാവൈഭവത്തോടെ സംഘടിപ്പിക്കപ്പെട്ടതുമായ ഭാഷ ദൈവം പഠിപ്പിച്ചതാണെന്ന ഖുർആൻ, പ്രസ്താവം ആധുനികഭാഷാശാസ്ത്രം അംഗീകരിച്ചുവരികയാണ്.

പ്രാകൃത മനുഷ്യൻ ഭാഷ എപ്രകാരം പഠിച്ചു എന്നറിയണമെന്നുണ്ടെങ്കിൽ മനുഷ്യശിശു എപ്രകാരം ഭാഷണകല അഭ്യസിക്കുന്നു എന്ന് സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്. ആ വഴിക്ക് ഭാഷയുടേയും ഭാഷണകലയുടേയും നിഗൂഢതകളിലേക്ക് ആധുനിക ശാസ്ത്രം കാലെടുത്തുവെക്കുകയാണ്. ഭാഷണസിദ്ധി മനുഷ്യനിൽ ഒരു ജനിതക പാരമ്പര്യംപോലെ അന്തർലീനമായി കിടക്കുന്നു എന്നാണ് വിശ്വപ്രശസ്ത ഭാഷാ പണ്ഡിതനായ നോം ചോസ്കി പറയുന്നത്. മനുഷ്യശിശുവിൽ ഭാഷണസിദ്ധിയുണ്ട്. പക്ഷേ, സംസാരഭാഷ അവൻ സമൂഹത്തിൽനിന്ന് പഠിച്ചെടുക്കേണ്ടതുണ്ട്. അതുകൊണ്ട് ഭാഷാപഠനം ഒരു അഭ്യസ്തവൃത്തിയാണ് (Learned behaviour). നിലവിലുള്ള ഭാഷ മനുഷ്യശിശു പഠിച്ചുവശത്താക്കുന്നത്പോലെ പ്രാകൃത മനുഷ്യന് ആരാണ് ഭാഷ പഠിപ്പിച്ചത്? ഭാഷ എവിടെ നിന്ന് വന്നു? ആ ഭാഷയേത്? ഈ ചോദ്യങ്ങൾ ആധുനിക ഭാഷാശാസ്ത്രത്തേയും നരവംശശാസ്ത്രത്തേയും അലട്ടുകയാണ്. പ്രാകൃത മനുഷ്യൻ സംസാരിച്ചുപോന്ന ഭാഷയ്ക്ക് മുമ്പിൽപോലും മഹാബുദ്ധിമാൻമാർ വരെ വിസ്മയഭരിതരാകുന്നു. പുരാതന മനുഷ്യൻ സംസാരിച്ചിരുന്ന ഭാഷ വളരെ ലളിതമാണെന്ന് കരുതുന്നത് ശരിയല്ല. ജെയിംസ് എഡ്ഗാർ സ്വെയ്ൻ എന്ന വിശ്വപ്രശസ്ത ചരിത്രകാരൻ എഴുതുന്നു. "പുരാതനകാലത്തെ ഭാഷകൾ വളരെ ലളിതങ്ങളായിരുന്നു എന്ന് കരുതുന്നതും ശരിയല്ല. യൂറോപ്പിലെ ഒരു സാധാരണ കർഷകൻ ആയിരം വാക്കുകളിൽ കൂടുതൽ ഉപയോഗിക്കാറില്ല. എന്നാൽ ടീറാദെൽ പ്യൂരോയിലെ പ്രാകൃത മനുഷ്യർക്ക് ഈ സംഖ്യയുടെ അനേകം ഇരട്ടി വരുന്ന ഒരു പദസമ്പത്തുണ്ട്. എക്സിമോ വർഗ്ഗക്കാരുടെ ഭാഷയാകട്ടെ വളരെ പ്രയാസമേറിയതാണ്. ലാപ്പസ് എന്ന വർഗ്ഗക്കാർക്ക് മഞ്ഞ് എന്ന പദത്തിന് 24 പര്യായപദങ്ങളുണ്ട്. (A History of world civilisation-James Edgar swain P. 48). ഏതായാലും പ്രാകൃത മനുഷ്യൻ ഇത്രയും വിസ്മയകരമായ ഒരായുധം കണ്ടുപിടിക്കുമോ? ഖുർആന്റെ വചനങ്ങളിലേക്ക് നമുക്ക് ശ്രദ്ധതിരിക്കാം. "അവൻ മനുഷ്യനെ സൃഷ്ടിച്ചു അവനെ ഭാഷണം പഠിപ്പിക്കുകയും ചെയ്തു" (വി: ഖുർആൻ).

## അറബി: പ്രഥമഭാഷ

മനുഷ്യന് ആശയവിനിമയത്തിന് യോഗ്യമായ സംസാരഭാഷ ഇല്ലാത്ത ഒരു കാലഘട്ടമുണ്ടായിരുന്നുവെന്ന് നരവംശശാസ്ത്രം പറയുന്നു. പ്രാകൃതമനുഷ്യന് ഭാഷണകല ദൈവം പഠിപ്പിച്ചതാണെന്ന് ഖുർആൻ പറയുമ്പോൾ ഭാഷയും ദൈവം സൃഷ്ടിച്ചതാണെന്ന് വരുന്നു. ഭാഷണശേഷി ജനിതകപരമായി ഉൾചേർത്ത് സൃഷ്ടിച്ച മനുഷ്യന് ഭാഷണകല പ്രകടമാകണമെങ്കിൽ ഭാഷയുംകൂടി വേണം. രക്തം ചിന്തി കുഴപ്പക്കാരനായി ജീവിച്ച പ്രാകൃതമനുഷ്യന് ദൈവം വെളിപാടുമുഖേന ഭാഷ നൽകുകയും ഭാഷണകല അഭ്യസിപ്പിക്കുകയും ചെയ്യുകയാണുണ്ടായത്. പ്രാകൃതമനുഷ്യനിൽ നിന്നും ദൈവത്തിന്റെ പ്രതിനിധിയെ തിരഞ്ഞെടുത്ത് അവൻ ഭാഷ അഭ്യസിപ്പിക്കുന്ന രംഗം ഖുർആൻ വിവരിക്കുന്നത് കാണുക.

"ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കുവാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം. അവർ പറഞ്ഞു 'അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയിക്കുകയാണോ? ഞങ്ങളാകട്ടെ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു'. അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നുണ്ട്. അവൻ ആദമിന് എല്ലാ നാമങ്ങളും പഠിപ്പിച്ചുകൊടുത്തു. അനന്തരം അവൻ അവയെ മലക്കുകളുടെ മുമ്പിൽ വരച്ചുകാട്ടി എന്നിട്ട് അവൻ പറഞ്ഞു നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്നോടു പറയുക." (2:31, 32)

ദൈവവും മനുഷ്യനുമായി പുരാതനകാലം മുതൽക്കേ സംവദിക്കുന്നത് ദിവ്യവെളിപാടുകളിലൂടെയാണ്. രക്തം ചിന്തിയും കുഴപ്പക്കാരനുമായിക്കഴിഞ്ഞ മനുഷ്യന് വെളിപാടുകളിലൂടെ ഭാഷ നൽകി ഭാഷണകല അഭ്യസിപ്പിക്കുകയാണ് ദൈവം ആദ്യം ചെയ്തത്. ആ പ്രഥമഭാഷ അറബിയായിരുന്നു. ഇവിടെ

# എസ്പരാന്റോ

ഭാഷാപരമായ കലഹം ഇല്ലാതാക്കാൻ വേണ്ടി പോളണ്ടിലെ ഭാഷാവിദഗ്ധനായ ഡോ. ലുഡ്വിക് ലാസറസ് സാമൻ ഹോഫ് (1859-1917) ആവിഷ്കരിച്ച ഒരു കൃത്രിമ ലോകഭാഷയാണ് 'പ്രതീക്ഷിച്ചിരിക്കുന്ന ആൾ' എന്നർത്ഥമുള്ള എസ് പരാന്റോ. ഡോ. ലുഡ്വിക് സ്വയം തന്നെ പേരുമാറ്റി 'എസ്പരാന്റേ' എന്ന പേർ സ്വീകരിക്കുകയാണുണ്ടായത്. റഷ്യൻ, ഇംഗ്ലീഷ്, ഗ്രീക്ക്, ലത്തീൻ, ഫ്രഞ്ച് മുതലായ ഭാഷകൾ സ്വായത്തമാക്കിയ ഡോ. ലുഡ്വിക് എസ്പരാന്റോ എന്ന ആശയം പരസ്യപ്പെടുത്തുന്നതിന് മുമ്പുതന്നെ ബൈബിൾ, ഹാംലെറ്റ് എന്നീ കൃതികളും ഗൊയ്ഥെ, മോളിയേ, ഗോഗോർ തുടങ്ങിയ എഴുത്തുകാരുടെ പല കൃതികളും എസ്പരാന്റേ ഭാഷയിലേക്ക് തർജ്ജമ ചെയ്യുകയുണ്ടായി. 1887ൽ അന്താരാഷ്ട്രഭാഷ (Internacia Lingvol) എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടെയാണ് ഈ കൃത്രിമ അന്താരാഷ്ട്രഭാഷക്ക് പ്രശസ്തി ലഭിച്ചത്. Dr. Esperanto's International Language എന്ന പേരിൽ ആ പുസ്തകത്തിന് ഒരു ഇംഗ്ലീഷ് വിവർത്തനവും വരികയുണ്ടായി. യൂറോപ്യൻ രാജ്യങ്ങൾ എസ്പരാന്റോയെ ആവേശപൂർവം സ്വാഗതം ചെയ്തു. എസ്പരാന്റോയുടെ പ്രചാരണ ത്തിന് 2500 മെമ്പർമാരുള്ള ഒരു അന്താരാഷ്ട്ര സംഘടനയുണ്ട്. 7000 പുസ്തകങ്ങളും നൂറിലധികം ആനുകാലികങ്ങളും എസ്പരാന്റോ ഭാഷയിലുണ്ട്. യുനെസ്കോ ഈ 'ലോകഭാഷാ' ഉദ്യമത്തെ സഹായിക്കുന്നുണ്ട്.

എസ്പരാന്റോ ഭാഷ ഇംഗ്ലീഷ് വ്യാകരണത്തിന്റെ അനുകരണമായിരുന്നു. പല കൃത്രിമ രീതികളും എസ്പരാന്റോവിൽ ആവിഷ്കരിക്കപ്പെട്ടത് കാരണം ഐക്യരാഷ്ട്രസഭയുടേയും ലോക ഗവർമെന്റുകളുടേയും സഹായം കിട്ടിയിട്ടുപോലും എസ്പരാന്റോ ഒരു സമ്പർക്കഭാഷ എന്ന നിലക്ക്പോലും വിജയമായില്ല. ഏറെക്കുറെ മരിച്ചുകഴിഞ്ഞ ഈ കൃത്രിമഭാഷ ബാബേൽ ഗോപുര ശ്രമംപോലെ പരാജയപ്പെട്ട ഉദ്യമമായിരുന്നു.

'ഇസ്മ്' എന്ന പദത്തിന്റെ ബഹുവചന രൂപമാണ് 'അസ്മാഅ്' നാമം, നാമവിശേഷണം എന്നൊക്കെയാണ് അർത്ഥം. വസ്തു വും അതിന്റെ ഭാഷയിലെ ആവിഷ്കാരമായ നാമവും തമ്മിൽ അറബിയിലുള്ളതുപോലെ തികവുറ്റത്തും യുക്തിയുടെ പാരമ്യത്തിലുള്ളതുമായ ബന്ധം മറ്റു ഭാഷകളിൽ ദൃശ്യമല്ല. അറബിഭാഷയിൽ കാണുന്ന അവികലമായ പദഘടനയും, നിരുക്തങ്ങളും, മറ്റു ഭാഷകളിൽ കാണുവാൻ സാധ്യമല്ല. അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹസ്റത്ത് അഹ്മദ് (അ) അറബിഭാഷയുടെ മാതൃപദവിയെക്കുറിച്ചും ദൈവവാണി എന്ന നിലക്ക് അതിന്റെ വൈശിഷ്ട്യത്തെക്കുറിച്ചും സർവ്വ ഭാഷാപടുക്കളുടേയും ആധുനിക ഭാഷാപണ്ഡിതന്മാരെയും വെല്ലുവിളിച്ചുകൊണ്ട് ഇതുസംബന്ധിച്ച് 'മിനനുർ റഹ്മാൻ' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഇത് വെറും ഒരവകാശവാദമല്ല ഭാഷയെ സംബന്ധിച്ച് എല്ലാ ശാസ്ത്രീയ യുക്തികളോടുംകൂടി സമർപ്പിച്ച ഒരു വെല്ലുവിളിയാണിത്. വിയോജിപ്പുള്ളവർക്ക് വേണമെങ്കിൽ അവരുടെ വാദമുഖങ്ങളുമായി ഈ മഹൽഗ്രന്ഥത്തെ സമീപിച്ചുനോക്കാം. മറ്റു ഭാഷകളെല്ലാം അറബിഭാഷയിൽനിന്നു പിരിഞ്ഞുപോയതാണെന്നാണ് ഹസ്റത്ത് അഹ്മദ് (അ) ഈ ഗ്രന്ഥത്തിൽ സമർത്ഥിച്ചിരിക്കുന്നത്. പക്ഷേ, പാശ്ചാത്യ പണ്ഡിതന്മാർ ഇസ്ലാമിനോടും അറബി ഭാഷയോടുമുള്ള അവഗണനയും മുൻവിധിയും തുടരുന്നതുകൊണ്ട് തുറന്ന ഹൃദയത്തോടെ ഈ വെല്ലുവിളി അവർ ശ്രദ്ധിക്കുന്നില്ല.

ഭാഷ എന്നത് മൂർത്തമായ ഒരു പഠനവസ്തുവായിരിക്കെ ലോകത്തുള്ള ഭാഷകളെല്ലാം ഒരു പൊതുഭാഷയിൽ നിന്നുണ്ടായതാണെന്ന സിദ്ധാന്തത്തിന് പൂരകമായി ഒരു മാതൃഭാഷ കണ്ടെത്തേണ്ടിയിരിക്കുന്നു. അതിന്നുള്ള ശേഷിയും പദകോശങ്ങളുടെ സമ്പന്നതയും അതിപുരാതനവും ഇന്നും സജീവവുമായ അറബി ഭാഷയിലല്ലാതെ മറ്റൊരു ഭാഷക്കും കാണുവാൻ സാധ്യമല്ല. ഇത് മതപരമായ ഒരു പക്ഷപാതിത്വമോ ഒരു വൈകാരിക പ്രകടനമോ അല്ല. തികഞ്ഞ ഒരു ശാസ്ത്രീയ സത്യമാണ്. ശാസ്ത്രലോകം താരതമ്യാത്മകമായി അഭ്യൂഹങ്ങളിൽ നിന്നും മുൻവിധികളിൽനിന്നും മുക്തമായി അറബി ഭാഷയിലേക്ക് ശ്രദ്ധതിരിക്കട്ടെ-ലോകത്ത് നിലവിലുള്ള എല്ലാ സംസാരഭാഷയും അറബി ഭാഷയിൽ നിന്ന് പ്രാദേശിക ഭേദങ്ങളോടെ ഉരുത്തിരിഞ്ഞതാണെന്ന് കാണാം.

## ഭാഷാ സമൂഹങ്ങളുടെ വൈവിധ്യം

"അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വൈവിധ്യവും തീർച്ചയായും അതിൽ അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്." (30:23)

അറബി സംസാരിക്കുന്ന ഒരു സമൂഹത്തിൽ നിന്ന് സഞ്ചാരികളായിപ്പോയ ജനങ്ങൾ, ഭൂമിയുടെ മറ്റു ഭാഗങ്ങളിൽ താമസമുറപ്പിക്കുകയോ അതിവ്യാപന (Diffusion) സിദ്ധാന്തക്കാർ പറയുന്നതുപോലെ, ഭാഷാ പരിജ്ഞാനമില്ലാത്ത ജനങ്ങളിൽ കലർന്നു ജീവിക്കുകയോ ചെയ്തിരിക്കാം. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഭാഷാ വൈവിധ്യങ്ങൾക്ക് കാരണമാകുന്നു എന്നത് ഒരു ശാസ്ത്രീയ യാഥാർത്ഥ്യമാണ്. ഭാഷാവൈവിധ്യങ്ങളെപ്പറ്റി പ്രതിപാദിച്ച ഈ ഖുർആൻ വചനത്തിലെ ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ പറ്റിയുള്ള പരാമർശം ഭാഷാവൈവിധ്യങ്ങൾക്ക് മനുഷ്യന്റെ ആവാസ വ്യവസ്ഥയും പരിസ്ഥിതിയുമായുള്ള ദൃഢബന്ധത്തെ സൂചിപ്പിക്കുന്നു. അങ്ങനെ അറബി ഭാഷ പ്രാദേശിക ഭേദങ്ങളോടെ മറ്റു ഭാഷകളായി രൂപാന്തരപ്പെട്ടു. യുഗയുഗാന്തരങ്ങളായി വളരെ മന്ദഗതിയിൽ നടന്ന ഈ രൂപാന്തരണ പ്രക്രിയയെക്കുറിച്ച് ശാസ്ത്രത്തിന്റെ ഗവേഷണഫലത്തിന്നായി നമുക്ക് കാതോർക്കാം. തീർച്ചയായും അത് ഖുർആന്റെ വിശുദ്ധ വചനങ്ങളുടെ സാധൂകരണമായിരിക്കും.

## മക്കാപട്ടണം നഗരങ്ങളുടെ മാതാവ്

വിശുദ്ധഖുർആനിൽ മക്കാപട്ടണ

ത്തെപ്പറ്റി 'ഉമ്മുൽഖുറാ' നഗരങ്ങളുടെ മാതാവ് എന്നാണ് വിശേഷിപ്പിക്കുന്നത്. ഇത് മക്കയുടെ നാഗരികമായ മാതൃസ്ഥാനത്തെ സുചിപ്പിക്കുന്നു. "ഇപ്രകാരം അറബിഭാഷയിലുള്ള ഖുർആൻ നാം നിനക്ക് ബോധനം ചെയ്തിരിക്കുന്നു. മാതൃനഗരത്തിനും (മക്ക) അതിനുചുറ്റുമുള്ളവർക്കും നീ മുന്നറിയിപ്പു നൽകുന്നതിന്നും ഒരു സംശയവുമില്ലാത്ത എല്ലാവരേയും ഒരുമിച്ചു കൂട്ടുന്ന നാളിനെ സംബന്ധിച്ച് നീ മുന്നറിയിപ്പ് നൽകുന്നതിനുംവേണ്ടി" (42:8).

നാടോടി ജീവിതത്തിൽ നിന്ന് പ്രാകൃത മനുഷ്യൻ സ്ഥിരവാസത്തിന്റെ അതായത്, നാഗരിക ജീവിതത്തിലേക്ക് പ്രവേശിക്കുകയുണ്ടായി. നഗരങ്ങളും പട്ടണങ്ങളും രൂപംകൊണ്ടു. ഇവിടെ നഗരങ്ങളുടെ മാതാവായി മക്കാപട്ടണത്തേയും അറബിഭാഷയിലുള്ള ഖുർആനെയും സംബന്ധിച്ച പരാമർശം ശ്രദ്ധേയമാണ്. നാഗരിക പുരോഗതിക്കൊപ്പം മനുഷ്യന്റെ സാംസ്കാരിക പുരോഗതിയെ സൂചിപ്പിക്കുന്ന മനുഷ്യവംശത്തിന്റെ പ്രഥമ ആരാധനാലയമായ 'കഅ്ബ' യും മക്കാപട്ടണത്തിലാണെന്ന് ഖുർആൻ പറയുന്നു. 'സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമമന്ദിരം മക്കയിലുള്ളതുതന്നെയാണ്. അനുഗ്രഹീതവും സർവ്വലോകർക്കുമുള്ള മാർഗ്ഗദർശകവുമത്രേ അത്" (3:97). ഇവിടെ ഏറ്റവും പുരാതനമായ നാഗരികതയും സംസ്കാരവും അഥവാ ആത്മീയതയും മക്കാപട്ടണത്തിൽ സംഗമിക്കുന്നു. മരുഭൂമി ചുറ്റിലുമായി നിൽക്കുന്ന മക്കാപട്ടണം ചരിത്രാതീതകാലം മുതൽക്കേ സ്ഥിരവാസത്തിന്റെ നഗരിയായിരുന്നു. അതിപുരാതനഭവനം 'ബൈത്തുൽ അത്തീഖ്' എന്നു വിശേഷിപ്പിച്ച കഅ് ബയുടെ സാന്നിദ്ധ്യമാകണം മക്കയെ പുരാതന പട്ടണമാക്കിയത്. ഇബ്രാഹീം നബി (അ)യും മകൻ ഇസ്മായീൽ നബി (അ)യും പണ്ട്കാലം മുതല്ക്കെ അവിടെയുണ്ടായിരുന്ന കഅ്ബ പുതുക്കി പണിയുകയാണ് ചെയ്തത്.

സ്ഥിരവാസത്തിന്റെ നഗരമാണെങ്കിലും മക്കാപട്ടണം 'കൃഷിയോഗ്യമല്ലാത്ത' ഒരു മരുത്താഴ്വരയിലാണ് സ്ഥിതിചെയ്യുന്നത്. ഇബ്റാഹീം നബി (അ)യുടെ പ്രാർത്ഥനയിൽ മക്കാപട്ടണത്തിന്റെ ഈ വിശേഷണം കാണാം. "ഞങ്ങളുടെ നാഥാ, എന്റെ സന്തതികളിൽ നിന്ന് ചിലരെ കൃഷിയോഗ്യമല്ലാത്ത ഒരു താഴ്വരയിൽ നിന്റെ ആദരണീയമായ ഭവനത്തിന്റെയടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു" (14:38) മക്കയുടെ ഈ പ്രത്യേകത കാരണം ഭക്ഷണത്തിന്നും മറ്റ് വിഭവങ്ങൾക്കും വിദൂരദേശങ്ങളെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. ഇസ്ലാമിനു മുമ്പു പണ്ട് മുതൽക്കേ മക്കാനിവാസികൾ കച്ചവടസംഘങ്ങളായി ദൂരദിക്കുകളിലേക്ക് യാത്രകൾ നടത്തി. ചിലർ ഫലഭൂയിഷ്ടമായ ദൂരസ്ഥലങ്ങളിൽ വാസമുറപ്പിച്ചു. അങ്ങനെ ആ ദൂരദിക്കുകളിൽ താമസിച്ച ജനങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ടു. മറ്റു ദേശങ്ങളിലെ പ്രാകൃത ജനങ്ങൾക്ക് ഭാഷാസിദ്ധിയുണ്ടണ്ട്. പക്ഷേ പക്വമായ മനുഷ്യഭാഷക്ക് പകരം ആംഗ്യഭാഷയും അർത്ഥരഹിതമായ ശബ്ദങ്ങളുമായിരിക്കാം അവർ ഉപയോഗിച്ചത്. വെളിപാടിലൂടെ ലഭിച്ച അറബിഭാഷ സംസാരിക്കുന്നവരുമായി സമ്പർക്കത്തിലേർപ്പെട്ടപ്പോൾ അവരുടെ ഭാഷണസിദ്ധി ഭാഷയായി രൂപപ്പെട്ടതായിയിരിക്കാം. മനുഷ്യശിശു ഭാഷണകല അഭ്യസിക്കുന്ന പ്രതിഭാസവുമായി നമുക്കതിനെ താരതമ്യം ചെയ്യാം.

നടോടി ജീവിതത്തിൽനിന്ന് സ്ഥിരതാമസം ആരംഭിച്ചതിന്റെ പ്രതീകമായിരുന്നു മക്കാപട്ടണം. അവിടെ പൗരാണിക കാലം മുതൽക്കുതന്നെ ജീവിച്ചിരുന്നവർ ഖുറൈശികളായിരുന്നു. വിവിധ സ്ഥലങ്ങളിൽനിന്ന് പെറുക്കിയെടുത്ത് ഒരു സ്ഥലത്ത് സംയോജിപ്പിക്കുക എന്ന് അർത്ഥംവരുന്ന 'ഖറശാ' എന്ന ധാതുവിൽ നിന്നാണ് 'ഖുറൈശ്' എന്ന പദം നിഷ്പന്നമായത്.

അങ്ങനെ കഅ്ബയുടെ സാന്നിദ്ധ്യവും അറബിഭാഷയുടെ അനുഗ്രഹവും കൊണ്ട് ഉന്നതമായ നാഗരിക സംസ്കൃതിയുടെ ഉച്ചസ്ഥായിയിൽ വിരാജിച്ച മക്കാനിവാസികൾ തിരുനബി (സ)യുടെ ആഗമനകാലത്ത് അധഃപതനത്തിന്റെ നീചഗർത്തത്തിലായിരുന്നു. നാടോടിജീവിതത്തിൽ നിന്ന് സ്ഥിരവാസത്തിന്റെ നാഗരിക സമൂഹമായി മാറിയ പുരാതന മക്കാനിവാസികൾ പിന്നീട് കച്ചവടത്തിലൂടെ ലോകംമുഴുവൻ വ്യാപിച്ച കാര്യം ഖുർആൻ പറയുന്നു. ആഹാരത്തിനു വേണ്ടിയായിരുന്നു ഈ യാത്രകൾ നടത്തിയിരുന്നത്. അതിന്റെ ഫലമായി അവർക്ക് ആഹാരവും സമാധാനവും ലഭിച്ചതായി ഖുർആൻ പറയുന്നു. സംസ്കാരത്തിന്റെയും ഭാഷയുടെയും അതിവ്യാപനത്തിന്നുള്ള ഒരു ദൈവിക പദ്ധതിയായിരിക്കാമിത്.

"ഖുറൈശികളെ ഒന്നിപ്പിക്കുന്നതിനുവേണ്ടി ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രകളുമായി അവർക്ക് ഇണക്കമുണ്ടാവുന്നതിനുവേണ്ടി അതിനാൽ ഈ മന്ദിരത്തിന്റെ (കഅ്ബ) നാഥനെ അവർ ആരാധിക്കട്ടെ; അവർക്ക് ആഹാരം നൽകി വിശപ്പിൽനിന്ന് അവർക്ക് രക്ഷ നൽകി സമാധാനനാവസ്ഥ സംജാതമാക്കിക്കൊടുക്കുകയും ചെയ്തവനായ (അവരുടെ നാഥൻ)" (106:1-5)

## ഉപസംഹാരം

വിശുദ്ധഖുർആൻ ചരിത്രാന്വേഷകരുടെ അക്ഷയഖനിയാണ്. നിരവധി ചരിത്രപ്രശ്നങ്ങൾക്ക് അതിൽ പരിഹാരമുണ്ട്. അറബി ഭാഷയിലുള്ള ഖുർആന്റെ അതിസൂക്ഷ്മവും ഗഹനവുമായ ചരിത്രവിവരണങ്ങളിൽ ഓരോ ആയത്തുകളിലും ചരിത്രസത്യങ്ങളുടെ ആയിരമായിരം രഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു. പൗരാണിക ജനതകളെക്കുറിച്ച് ചരിത്രകാരന്മാരുടെ ഗവേഷണങ്ങൾക്ക് മാർഗ്ഗദീപമാകാൻ കഴിയുന്ന ഒരേയൊരു മതഗ്രന്ഥം വിശുദ്ധഖുർആനാണ്. പക്ഷേ, പണ്ഡിതന്മാരുടെ മുൻവിധികളോടെയുള്ള അവഗണനക്ക് പാത്രമായ ആ ദിവ്യഗ്രന്ഥം സൗമ്യപൂർവ്വം ഉണർത്തുന്നത് കാണുക: "അപ്പോൾ അവർ ഖുർആനെ സംബന്ധിച്ച് ചിന്തിക്കുന്നില്ലേ? അത് അല്ലാഹു വല്ലാത്ത (മറ്റുവല്ല)വരിൽ നിന്നും ഉള്ളതായിരുന്നുവെങ്കിൽ തീർച്ചയായും അവർ അതിൽ ധാരാളം വൈരുദ്ധ്യങ്ങൾ കണ്ടെത്തുമായിരുന്നു"(4:83). "അവൻ തന്നെയാണ് നിനക്ക് ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത് അതിൽ ചിലത് ഖണ്ഡിതവചനങ്ങളാണ്. അത് ഗ്രന്ഥത്തിന്റെ അടിസ്ഥാനമാകുന്നു. മറ്റുചിലത് സദൃശവചനവുമാണ്.... അറിവിൽ പരിപൂർണ്ണ വൈഭവം സിദ്ധിച്ചവരല്ലാതെ അതിന്റെ വ്യാഖ്യാനം അറിയുന്നില്ല.... ബുദ്ധിമാൻമാരല്ലാതെ ആരും തന്നെ ഉപദേശം സ്വീകരിക്കുന്നില്ല" (33:8) ■

# ശാസ്ത്രം തൗഹീദിലേക്ക്

ഡോ. ഇ. താഹിർ

## ഭൗതികശാസ്ത്രം പദാർത്ഥങ്ങളുടെ പൊരുളിനെക്കുറിച്ചുള്ള അഗാധമായ അന്വേഷണങ്ങളിലേക്ക് പോകുമ്പോഴെല്ലാം പദാർത്ഥാതീതമായ പരംപൊരുളിലേക്ക് ആനയിക്കപ്പെടുകയാണ്

ശാസ്ത്രത്തിന്റെ കുതിച്ചുകയറ്റം മനുഷ്യന്റെ ചിന്താഗതികളെ അതിവേഗം മാറ്റിത്തിരുത്തലുകൾക്ക് വിധേയമാക്കിയിട്ടുണ്ട്. ഭൗതികശാസ്ത്രം ദൈവവിശ്വാസത്തെ കീഴ്പ്പെടുത്തി എന്ന വാദമുഖങ്ങൾ ഉന്നയിച്ചവർ പുനർചിന്തനം നടത്തേണ്ടിവന്നു. പദാർത്ഥത്തിന്റെ പരമാർത്ഥത്തെക്കുറിച്ചു പഠനം നടത്താൻ ശാസ്ത്രകാരന്മാർ ശ്രമിച്ചപ്പോഴെല്ലാം തന്നെ പ്രപഞ്ചരഹസ്യം ഒരു സമസ്യയായി അനുഭവപ്പെട്ടു. ഭൗതികശാസ്ത്രം അഭൂതപൂർവ്വമായി വളർന്നു വികസിച്ചുവെന്ന അവകാശവാദം ഉന്നയിക്കുമ്പോഴെല്ലാം തന്നെ മുന്നോട്ടുള്ള പ്രയാണത്തിൽ നിരവധി കടമ്പകൾ തരണം ചെയ്യേണ്ടിവരുന്നുവെന്നു നിസ്സഹായതയോടെ സമ്മതിക്കുകയും ചെയ്യുന്നു.

## അടിസ്ഥാന ബലങ്ങൾ

സ്ഥലത്തെ കാലവുമായി (Space time) ബന്ധിപ്പിച്ചതോടെ ഊർജ്ജതന്ത്രം പുതിയൊരു മാനം കണ്ടെത്തി. പ്രപഞ്ചാധാരമായ നാലു അടിസ്ഥാന ബലങ്ങളിൽ മൂന്നിനേയും ഏകീകരിക്കാൻ സാധിച്ചു. പ്രപഞ്ചത്തിലെ സമസ്ത വസ്തുക്കളും നാലു കണങ്ങൾകൊണ്ടു നിർമ്മിതമാണെന്നാണ് ഫിസിക്സ് അതുവരെ ധരിച്ചുപോന്നത്. ഈ നാലു കണങ്ങളിൽ രണ്ടെണ്ണം ന്യൂക്ലിയർ കണങ്ങളായ പ്രോട്ടോണും ന്യൂട്രോണുമാണ്. മറ്റെ രണ്ടെണ്ണം പ്രകാശകണങ്ങളായ ഇലക്ട്രോണും, ന്യൂട്രിനോയുമാണ്. ഈ നാലുകണങ്ങളാൽ നിർമ്മിതമാണ് പ്രപഞ്ചം. പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് ഈ നാലു കണികകളിലടങ്ങിയ ബലങ്ങളും (Force) ആണ്. അടിസ്ഥാനപരമായ നാലു ബലങ്ങൾ ഇവയാണ്. ഗുരുത്വബലം (Gravitational force) വിദ്യുദ്കാന്തിക ബലം (Electro-magnetic force) ശക്ത ന്യൂക്ലിയർ ബലം (Strong Nuclear force) അശക്ത ന്യൂക്ലിയർ ബലം (Weak Nuclear force. പ്രപഞ്ചത്തിൽ പ്രകടിതമാവുന്ന ഈ നാലു ബലങ്ങളുടെ പ്രവർത്തനത്തെ ശാസ്ത്രം വിലയിരുത്തുന്നതു ശ്രദ്ധേയമാണ്. ഗ്രാവിറ്റോൺ എന്ന കണമാണ് ഗുരുത്വാകർഷണബലത്തിന്റെ അടിസ്ഥാനഘടകം. പ്രപഞ്ചത്തിന്റെ അടിസ്ഥാനഘടകമായ പ്രോട്ടോണും, ന്യൂട്രോണും, ഇലക്ട്രോണും, ന്യൂട്രിനോവും സ്ഥാനഭ്രംശം സംഭവിക്കാതെ നിലകൊള്ളുന്നത് ഗുരുത്വബലംകൊണ്ടാണ്. ഗ്രഹങ്ങൾ അതിന്റെ ഭ്രമണപഥത്തിൽ സഞ്ചരിക്കുന്നതും നക്ഷത്രപഥങ്ങൾ പ്രപഞ്ചവിധാനത്തിൽ പൊങ്ങിക്കിടക്കുന്നതും നക്ഷത്രങ്ങൾ പ്രകാശം ചൊരിയുന്നതും ഗുരുത്വബലം ഉള്ളതിനാലാണ്. അടുത്തതു വിദ്യുത്കാന്തിക ബലമാണ്. ഊർജ്ജതന്ത്രത്തിൽ വൻനേട്ടം കൈവരിച്ചതു വിദ്യുത്കാന്തിക ബലത്തെക്കുറിച്ചുള്ള അറിവ് ലഭിച്ചതിന്നുശേഷമാണ്.

ഫോട്ടോൺ എന്ന കണമാണ് വിദ്യുത്കാന്തികബലത്തിന്റെ അടിസ്ഥാനഘടകം. പ്രോട്ടോൺ ന്യൂട്രോണിനെ ആകർഷിക്കുന്നതു വൈദ്യുതിയിലൂടെയുള്ള ഈ ബലമാണ്. പ്രകൃതിയിൽ കാണുന്ന വസ്തുക്കൾക്ക് രൂപമാറ്റമില്ലാതെ അതതിന്റെ ഗുണങ്ങൾ വെച്ചുപുലർത്തുന്നതു വിദ്യുത്കാന്തിക ബലം ഉള്ളതുകൊണ്ടാണ്. അചേതനവും സചേതനവുമായ സമസ്ത വസ്തുക്കളും നിശ്ചിത രൂപത്തിൽ ചേർന്നുനിൽക്കുന്നതും, അണുവിനേയും മോളിക്യൂളുകളേയും ചേർത്തുനിർത്തുന്നതും കാന്തികബലം തന്നെയാണ്. അടുത്തതു ശക്തബലമാണ്. പ്രോട്ടോൺ, ന്യൂട്രോൺ എന്നിവയെ ന്യൂക്ലിയസ്സിനകത്തു പിടിച്ചുനിറുത്തുന്ന ബലമാണിത്. ഇതിന്റെ അടിസ്ഥാനകണത്തെ ഗ്ളുവോൺ (Gluon) എന്നു വിളിക്കുന്നു. നാലാമത്തെതു അശക്തബലമാണ്. സ്വയം ഊർജ്ജപ്രസരണത്തിനു പ്രേരിപ്പിക്കുന്ന ബലമാണ് അശക്തബലം. ഊർജ്ജോൽപ്പാദനത്തിനു അവലംബിക്കുന്ന ന്യൂക്ലിയർ ഫ്യൂഷൻ ഈ ബലത്തിലാണുള്ളത്. ഈ നാലു ബലങ്ങളും അടിസ്ഥാനപരമായി ഏകമാണെന്നു സിദ്ധാന്തിക്കുന്നതാണ് ഏകീകൃതസമഗ്രതാ സിദ്ധാന്തം (Grand unification Theory) വിശ്വവിഖ്യാതനായ ആൽബർട്ട് ഐൻസ്റ്റൈനാണ് ഈ സിദ്ധാന്തം ലോകത്തു അവതരിപ്പിച്ചത്. പ്രപഞ്ചവസ്തുക്കൾക്കും പ്രതിഭാസങ്ങൾക്കും നിദാനമായ ബലങ്ങളെല്ലാംതന്നെ വ്യതിയാനം സംഭവിക്കാതെ നിലനിൽക്കുന്നതു ഏകീകൃതമായ മണ്ഡലത്തിലെ (United field) ഘനീഭൂതാവസ്ഥകൊണ്ടാണ്. കേവലമായ അസ്തിത്വമുള്ള ഏകീകൃത മണ്ഡലമാണ് കണികകളിൽ അടങ്ങിയിരിക്കുന്ന മൗലികവസ്തു. പ്രപഞ്ചത്തെ ഇങ്ങനെ നിലനിർത്തുന്ന അടിസ്ഥാനബലങ്ങളെല്ലാം തന്നെ, യഥാർത്ഥത്തിൽ ഒരേഒരു ബലത്തിന്റെ വിവിധ ഭാവങ്ങളാണ് എന്നു ഏകീകൃത സമഗ്രതാസിദ്ധാന്തം ഉദ്ഘോഷിക്കുന്നു.

വിദ്യുത്കാന്തികബലവും അശക്തബലവും തമ്മിൽ പരസ്പരം ബന്ധപ്പെടുന്നതു അതിസൂക്ഷ്മമായ ഒരു കണം വഴിയാണെന്ന് കണ്ടെത്തിയത് ഡോ. അബ്ദുസ്സലാമും, വെയിൻബർഗുമാണ്. വിദ്യുത്കാന്തിക ബലവും, അശക്ത (ന്യൂക്ലിയർ) ബലവും ഒന്നുതന്നെയാണെന്നു സൈദ്ധാന്തികമായി നിഗമിച്ചതും പ്രോട്ടോൺ നശിക്കുമെന്നു കണ്ടുപിടിച്ചതും ഭൗതികശാസ്ത്രത്തെ പുതിയ മേഖലയിലേക്കുള്ള വഴിത്തിരിവിലേക്കെത്തിച്ചു. പ്രോട്ടോൺ നശി

ക്കും എന്നു കണ്ടെത്തിയാൽ വൈദ്യുത–കാന്തികം, ശക്തം, അശക്തം എന്നീ ബലങ്ങൾ ഒന്നുതന്നെയാണെന്ന സിദ്ധാന്തത്തിലേക്ക് എത്തിച്ചേരും.[1]

പ്രപഞ്ചസത്തയുടെ ആത്യന്തിക സ്വഭാവത്തെക്കുറിച്ചുള്ള പര്യവേഷണം ഭ്രമജനകമാണെന്നു തെളിയിക്കുന്നു. നാളിതുവരെ നിർഗ്ഗമിച്ച വസ്തുക്കളെല്ലാംതന്നെ അർദ്ധസത്യങ്ങളും ഭാഗിക വീക്ഷണങ്ങളുമാണെന്ന് ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ സമ്മതിക്കുകയും ചെയ്യുന്നു. വിഭജിക്കാനാവാത്തത് എന്നർത്ഥംവരുന്ന ആറ്റം എന്ന വാക്കിന്നു പ്രസക്തിയില്ലെന്നു ആധുനിക ഊർജ്ജതന്ത്രം സ്ഥാപിച്ചു കഴിഞ്ഞു. നൂറിലധികം സൂക്ഷ്മഘടകങ്ങളുടെ സംയുക്തമാണ് ആറ്റം എന്നാണ് ഇപ്പോൾ കണ്ടെത്തിയത്. ന്യൂട്രോണും പ്രോട്ടോണും അതിസൂക്ഷ്മമായ 'ക്വാർക്ക്' എന്ന ഘടകങ്ങളാൽ മെനഞ്ഞെടുത്തതാണത്രേ. ചന്ദ്രനിൽനിന്നു ലഭിച്ച പാറക്കഷണങ്ങൾ മുതൽ ജീവകോശങ്ങളുടെ അംശമായ പ്രോട്ടോപ്ലാസം വരെ രണ്ടുതരം ക്വാർക്കുകൾ ചേർന്നുണ്ടായതാണ്. അപ്പ് (Up) എന്നും ഡൗൺ (Down) എന്നുമാണ് ശാസ്ത്രജ്ഞന്മാർ നൽകുന്ന പേരുകൾ. പ്രോട്ടോണിന്റെ ജീർണ്ണതയിൽ നിന്നു സ്ട്രോൺജ എന്നും പാർമധ് എന്നും പേരായ രണ്ടു ഘടകങ്ങളുടെ 'ബോട്ടം' 'ടോപ്പ്' എന്ന പേരിലറിയപ്പെടുന്ന മറ്റു രണ്ടു ഘടകങ്ങൾ വേറെയും ക്വാർക്കിൽ ഉണ്ടാവണമെന്ന നിഗമനവും ഊർജ്ജതന്ത്രജ്ഞന്മാരിൽ ഉണ്ട്. ക്വാർക്ക് എന്നതു വൈരുദ്ധ്യമുള്ള കണങ്ങളാണെന്ന നിഗമനമാണിന്നുള്ളത്. ഇതേവരെ കണ്ടെത്തിയ ഏറ്റവും സൂക്ഷ്മമായ ക്വാർക്കിനേക്കാളും അതിസൂക്ഷ്മമായ ഘടകങ്ങൾ ഇനിയും കണ്ടെത്തിക്കൂടായ്കയില്ലെന്നാണ് ശാസ്ത്രനിഗമനം. പ്രസിദ്ധ ഊർജതന്ത്രജ്ഞനായ ക്രിഡ്ലർ പറയുന്നു:

"ഓരോ സൂക്ഷ്മ ഘടകം കണ്ടുപിടിച്ചവരും കരുതിയിരുന്നതു അവർ കണ്ടുപിടിച്ച വസ്തുവാണ് ഏറ്റവും ചെറിയ ഘടകം എന്നാണല്ലോ. എന്നാൽ താമസമെന്യേ ആറ്റം, പ്രോട്ടോൺ എന്നിവയ്ക്കെല്ലാം ആ പദവി നഷ്ടപ്പെട്ടതുപോലെ ക്വാർക്കിനു മാത്രം അതു സംഭവിക്കുകയില്ലെന്നു കരുതുന്നതു വിഡ്ഢിത്തമല്ലേ?"[2]

സ്ഥലകാലവസ്തു ജഢിലമായ ഈ പ്രപഞ്ചത്തിന്റെ നിർമ്മാണരഹസ്യം കണ്ടെത്തുന്നതിന് വസ്തുവിന്റെ സൂക്ഷ്മരൂപം പരിശോധിച്ചാൽ മതിയാകുമെന്ന അവകാശവാദം ഉന്നയിക്കുന്ന ശാസ്ത്രശാഖയാണ് ക്വാണ്ടം ബലതന്ത്രം. ബർലിനിലെ ശാസ്ത്രസമൂഹത്തിനു മുമ്പാകെ മാക്സ്പ്ലാങ്ക് എന്ന ജർമ്മൻ ശാസ്ത്രജ്ഞനാണ് ക്വാണ്ടം ബലതന്ത്രത്തിന്നു രൂപരേഖ നല്കിയത്. വസ്തുവിന്റെ സൂക്ഷ്മരൂപത്തെ കണ്ടെത്താനുള്ള തീവ്രയത്നമായിരുന്നു അദ്ദേഹം ചെയ്തത്. വസ്തുവെന്നതു ആത്യന്തികമായി ഊർജ്ജമാണെന്നു തെളിഞ്ഞു. ഊർജ്ജത്തെ അളക്കുവാൻ ഭൗതികനിയമങ്ങൾ അപര്യാപ്തതമാണെന്നു വന്നു. ഭൗതിക നിയമങ്ങളും നിഷ്പ്രയോജനമാണെന്നു കണ്ടു. സ്ഥലവും കാലവും പ്രപഞ്ചത്തിന്റെ അടിസ്ഥാന ശിലകളാണെന്ന് കരുതിപ്പോന്നതു തെറ്റാണെന്നും പ്രപഞ്ചത്തെക്കുറിച്ചുള്ള യാന്ത്രികവീക്ഷണം തിരുത്തപ്പെടേണ്ടതാണെന്നും ഊർജ്ജത്തിന്റെ സൂക്ഷ്മരൂപം കണമാണെന്നും തരംഗമാണെന്നും ഉള്ള അഭിപ്രായം ശാസ്ത്രകാരന്മാരിൽ ഉയർന്നു വന്നു. വസ്തുവെന്നും, ദ്രവ്യമെന്നും നാം വ്യവഹരിക്കുന്ന പദാർത്ഥങ്ങൾ യഥാർത്ഥത്തിൽ ഊർജ്ജമാണെന്നു സമർത്ഥിക്കപ്പെട്ടു. ഊർജത്തിന്റെ സ്രോതസ്സിനെ തേടിയുള്ള നെട്ടോട്ടത്തിലാണ് പിന്നീട് ശാസ്ത്രജ്ഞൻമാർ വ്യാപൃതരായത്. ഐൻസ്റ്റയിനു സമശീർഷനെന്നു വാഴ്ത്തപ്പെടുന്ന അമേരിക്കൻ ഭൗതിക ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹാക്കിങ്ങ് ഊർജത്തെ വിശകലനം ചെയ്തുകൊണ്ടു വിശ്വവിഖ്യാതമായ "എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം" എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

"എവിടെ നിന്നാണവ (ഊർജ്ജം) വന്നത്? വസ്തുവിന്റെ മൂലരൂപം ഊർജ്ജമാണെന്ന് വന്നാൽ തന്നെയും ഊർജ്ജം എവിടെനിന്നു വന്നുവെന്ന ചോദ്യം അവശേഷിക്കും. അതിന്റെ ഉത്തരം ഇതാണ്: കാണപ്പെടുന്ന ഈ മഹാപ്രപഞ്ചത്തിന്റെ ഊർജ്ജം പൂജ്യമത്രെ. കാരണം ഈ പ്രപഞ്ചവസ്തുക്കളത്രയും ധനാത്മക ഊർജ്ജം കൊണ്ടാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്നു നമുക്കറിയാം. എന്നാൽ അവയുടെ നിലനില്പിന്നാധാരം ഗുരുത്വാകർഷണബലമാണ്. അതാകട്ടെ ഋണാത്മക ഊർജമാണുതാനും. (രണ്ടുവസ്തുക്കൾ തമ്മിലുള്ള അകലം വർദ്ധിക്കുമ്പോൾ അവ തമ്മിലുള്ള ഗുരുത്വാകർഷണബലം കുറയുമെന്ന നിയമം ഓർക്കുക) ഭൗതിക നിയമങ്ങളുടെ സുസംഘടിതമായ സമീകരണങ്ങൾകൊണ്ട് ഈ പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളുടെയും ധനാത്മക ഊർജ്ജത്തിനു തുല്യമായ ഗുരുത്വാകർഷണത്തിന്റെ ഋണാത്മക ഊർജ്ജം നിലവിലുണ്ടെന്ന് തെളിയിക്കാൻ കഴിയും. ഇവ പരസ്പരം തട്ടിക്കിഴിച്ചാൽ ഊർജ്ജം പൂജ്യമാണെന്നു കാണാം".[3]

ഇനി ഊർജ്ജം എന്നാലെന്താണെന്നതിനെക്കുറിച്ച് ശാസ്ത്രം എന്തു പറയുന്നുവെന്നു പരിശോധിക്കാം.

യു ആന്റ് ആറ്റം എന്ന ഗ്രന്ഥത്തിൽ ഗാൽഡ് വെന്റ് പറയുന്നു.

"നിർവ്വചിക്കാൻ പ്രയാസമേറിയ ഒന്നാണ് ഊർജ്ജം. യഥാർഥത്തിൽ അതൊരു വസ്തുവല്ല. സ്പർശവേദ്യമായ ദ്രവ്യത്തെപ്പോലെയല്ല ഊർജ്ജം. അതു സ്ഥലത്തെ ഉൾക്കൊള്ളുന്നില്ല. ഭാരമില്ല, നിഴലിനെ സൃഷ്ടിക്കുന്നില്ല. ചുരുക്കത്തിൽ ഇന്ദ്രിയഗോചരമായ വസ്തുക്കളെപ്പോലെ അല്ല അത്. മറിച്ചു പ്രവൃത്തിയുടെ മൂലതത്വമാണ്. ശുദ്ധമായ, വിഘടിതമായ രൂപത്തിൽ അതിന് അസ്തിത്വമില്ല. എന്നാൽ അത് ഏതെങ്കിലും വസ്തുക്കളോടോ, സൂക്ഷ്മകണികകളോടോ അനുബന്ധിച്ചോ ഉൾക്കൊണ്ടോ നിലകൊള്ളുന്നു."[4]

ക്വാണ്ടം സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ മാർക്സ് പ്ലാങ്കിന്റെ (1858–1947) അഭിപ്രായം വിലമതിക്കേണ്ടതാണ്. അദ്ദേഹം പറയുന്നു.

"ശാസ്ത്രത്തിന്റെ വസ്തുനിഷ്ഠാത്മകമായ ശാഖയുടെ പഠനത്തിലേക്കു ഉഴിഞ്ഞുവെച്ച ശാസ്ത്രജ്ഞനെന്ന നിലയിൽ ഞാൻ എല്ലാവിധ മതഭ്രാന്തിൽനിന്നും തികച്ചും വിമുക്തനാണ്. പരമാണുവിനെക്കുറിച്ചുള്ള പര്യവേഷണത്തിൽ എനിക്കു നിങ്ങളോടു പറയുവാനുള്ളത് ഇതാണ്: തനതായി പദാർഥം എന്നൊന്നില്ല. എല്ലാ പദാർത്ഥങ്ങളും ഒരു ഊർജ്ജവിശേഷത്തിൽ നിന്നും ഉൽഭൂതമാണ്. ഈ ഊർജ്ജവിശേഷത്തിൽ ഉൾക്കൊള്ളുകയും ചെയ്യു

ന്നു. ഈ ശക്തിവിശേഷമാകട്ടെ പരമാണുകണികകളെ തലങ്ങും വിലങ്ങും ചലിപ്പിക്കുകയും പരമാണുവിന്റെ അതിസൂക്ഷ്മതരമായ ഒരു സൗരശ്രേണിയിൽ കൊണ്ടുവന്നു കേന്ദ്രീകരിക്കുകയും ചെയ്യുന്നു. ഈ സമസ്ത പ്രപഞ്ചത്തിൽ ഒരു ബുദ്ധി പ്രതിഭയോ മറ്റൊരു ആന്തരീകശക്തിയോ ഇല്ലെന്നുള്ളതിനാൽ സ്വബോധമുള്ള ഒരു ബുദ്ധിയുടെ ചൈതന്യവിശേഷം ഈ ഊർജ്ജത്തിനു പിന്നിൽ പ്രവർത്തിക്കുന്നതായിട്ടു തന്നെ നമുക്കുസങ്കല്പിക്കേണ്ടി വരുന്നു. ഈ ചൈതന്യവിശേഷം തന്നെയാണ് എല്ലാ പദാർഥത്തിന്റെയും അടിസ്ഥനപൊരുൾ."[5]

പ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞനായ ജെയിംസ് ഹോപ്‌വുഡ് ജീൻസ് (1877 –1946) പറയുന്നു.

"എല്ലാതരം യാന്ത്രികതക്കും അതീതമായ ഒരു യാഥാർത്ഥ്യത്തിലേക്കാണ് അറിവിന്റെ മുഴുവൻ ഗതിയും നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നു പറയുന്നതിൽ മിക്കവാറും എല്ലാ പണ്ഡിതന്മാരും, മുഴുവൻ ഊർജ്ജതന്ത്രജ്ഞന്മാരും ഇന്നു ഏകാഭിപ്രായക്കാരാണ്. പ്രപഞ്ചം അനുക്രമേണയുള്ള ഒരു വലിയ യന്ത്രമാണെന്നതിനേക്കാൾ ഒരു മഹത്തായ ചിന്താരൂപമാണെന്നു കാണപ്പെടുന്നു."[6]

പ്രപഞ്ചത്തിന്റെ നിലനില്പിന്നാധാരം ഗുരുത്വാകർഷണമാണെന്നു തെളിയിച്ച സർ ഐസക് ന്യൂട്ടൺ, ഗുരുത്വാകർഷണത്തിന്റെ സ്വരൂപത്തെ പൂർണ്ണമായും ഗ്രഹിക്കുവാൻ മനുഷ്യന്നു ഒരിക്കലും സാധ്യമല്ലെന്നു അസന്നിഗ്ധമായ ഭാഷയിൽ എഴുതി. അദ്ദേഹം റിച്ചാർഡ് ബെൻഡ്‌ലി (Richard Bently) എന്ന പണ്ഡിതന്നു ഇപ്രകാരമെഴുതി. "ഒരു അന്യശക്തിയുടെ സ്വാധീനമില്ലാതെ ശൂന്യതകൊണ്ടു വിയുക്തമായിരിക്കുന്ന രണ്ടു പദാർത്ഥങ്ങൾക്കു പരസ്പരം സ്വാധീനം ചെയ്യുവാൻ കഴിയുമെന്നും, ഒന്നിനു മറ്റേതിന്റെ വികാരത്തെ ഏതെങ്കിലും തരത്തിൽ നിയന്ത്രിക്കാൻ കഴിയുമെന്നും, ആരെങ്കിലും പറഞ്ഞാൽ ഞാനതിനെ തികഞ്ഞ വിഡ്ഢിത്തമായിട്ടേ എണ്ണുകയുള്ളൂ. അങ്ങനെയൊരാൾ പറയണമെങ്കിൽ ദാർശനിക വിഷയങ്ങളിൽ അവഗാഹം നൽകുന്ന ബുദ്ധിവിശേഷം അയാൾക്കു ലഭിച്ചിട്ടില്ലെന്നു പറയേണ്ടി വരും."[7]

ന്യൂട്ടൻ പറഞ്ഞു: "ചില നിയമങ്ങൾക്കു വിധേയമായി സ്ഥിരമായി പ്രവർത്തിക്കുന്ന ഒരു മാധ്യമം കാരണമാണ് ഗുരുത്വാകർഷണം ഉളവാകുന്നത്."[8]

1938ൽ ആൽബർട്ട് ഐൻസ്റ്റെയിൻ ഇങ്ങനെ പറഞ്ഞു: "ഭൂതഭൗതികങ്ങളെ സംബന്ധിക്കുന്ന പ്രക്രിയകളെല്ലാം മനുഷ്യർ യഥേഷ്ടം നടത്തുന്ന മാനസികമായ കല്പനകളാണ്. അവ പൂർണ്ണമായും ബാഹ്യപ്രപഞ്ചത്തിന്റെ നിഷ്കൃഷ്ടമായ നിയമങ്ങൾ കൊണ്ടു നിയന്ത്രിക്കപ്പെട്ടവയാണെന്ന് കരുതരുത്. വസ്തുത മനസ്സിലാകണമെന്ന് അത്യാകാംക്ഷയുള്ള നാം, വാച്ച് എപ്രകാരം പ്രവർത്തിക്കുന്നുവെന്നറിയുവാൻ അതിന്റെ വെളിയിൽ നിന്നു അഭ്യൂഹം ചെയ്യുന്ന ഒരു മനുഷ്യനെപോലെയാണ്. ഈ അന്വേഷകൻ വാച്ചിന്റെ സമയം കുറിക്കുന്ന മുഖവും ചലിക്കുന്ന സൂചികളും കാണുന്നു. ടിക്ടിക്ക് എന്നുള്ള ശബ്ദംകൊണ്ടു അഭിവഞ്ജിക്കപ്പെടുന്ന സെക്കന്റുകളും മനസ്സിലാക്കുന്നു. വാച്ചു തുറന്നുനോക്കുവാൻ ഒരു വഴിയും കാണുന്നില്ല. എന്നാൽ ബുദ്ധിമാനായ ആ മനുഷ്യന് വാച്ചിന്റെ പ്രവർത്തനത്തെ വിശദീകരിക്കുന്ന യന്ത്രസാമഗ്രികളുടെ ഒരു രൂപം മനസ്സിലാവിഷ്കരിക്കാതിരിക്കുവാൻ വയ്യ. അയാളുടെ ഭാവനയിൽ മാത്രമുള്ള യന്ത്രം പ്രവർത്തിക്കുന്നതെങ്ങനെയെന്നു വിശദീകരിക്കുവാൻ അയാൾ സമർത്ഥനായിരിക്കുമ്പോഴും താൻ സങ്കല്പിക്കുന്ന മാതിരിയുള്ള ഒരു യന്ത്രവിശേഷം തന്നെയാണോ ആ വാച്ചിനെ പ്രവർത്തിപ്പിക്കുന്നതെന്നു അയാൾക്കു തീരുമാനിക്കുവാൻ കഴിയുന്നതല്ല. യന്ത്രത്തെസംബന്ധിക്കുന്ന കല്പനയും വാസ്തവത്തിലുള്ള യന്ത്രത്തിന്റെ സ്വരൂപവും ഒന്നിനോടൊന്നു എത്രകണ്ടു സത്യമായി വരുന്നു എന്ന് ഒരാൾക്കും നിശ്ചയിക്കുവാൻ കഴിയുന്നതല്ല. ഊർജ്ജതന്ത്രജ്ഞന്മാർ ഈ ഭൗതികപ്രപഞ്ചത്തെ വിശദീകരിക്കുമ്പോഴും ഇതുപോലുള്ള ഒരു പ്രശ്നം സംഗതമാണ്. അവർ തുറക്കാൻ വയ്യാത്ത വാച്ചിനെക്കുറിച്ച് പുറമേനിന്നു അഭ്യൂഹം ചെയ്യുന്നവരാണ്. ദാർശനികമായിരിക്കുന്ന പ്രവർത്തനത്തിലെ കാര്യകാരണമായ യുക്തിയുക്തത ഊർജ്ജതന്ത്രജ്ഞന് കാല്പനികമായി മാത്രം അറിയുന്ന ഒരു സമഗ്ര സ്വരൂപത്തോട് സാദൃശ്യമുള്ളതുപോലെ നമുക്കു തോന്നിപ്പോകുന്നു. എന്നാൽ യാഥാർത്ഥ്യം എന്താണെന്ന് ഒരിക്കലും നിശ്ചയിക്കാൻ കഴിയുന്നതല്ല."[9]

ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ രാജസപ്രഭാവം, ജാജ്ജ്വല്ല്യമാനമായി വിരാജിക്കുമ്പോഴും, പ്രപഞ്ചത്തിന്നു അതീതമായ ബോധശക്തിയെക്കുറിച്ചു മനുഷ്യനിലെ ബോധതലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രതിഭാധനനായി ലോകം അംഗീകരിച്ച ആൽബർട്ട് ഐൻസ്റ്റയിൻ തുറന്നുപറഞ്ഞതു വളരെ ഗൗരവപൂർവ്വം മാനിക്കേണ്ടതായിട്ടുണ്ട്. അദ്ദേഹം പറഞ്ഞു:

"ദുർബ്ബലവും, ചഞ്ചലവുമായ മനസ്സുകൊണ്ടു, നമുക്കു പരോക്ഷമായി ഗ്രഹിക്കുവാൻ കഴിയുന്നവിധത്തിലും ലോലമായ സ്ഥിതിയിലും സ്വന്തം അവതരണം ചെയ്യുന്ന അപരിമേയവും പരമോന്നതവുമായ ചൈതന്യത്തെ സംബന്ധിച്ചു എനിക്കുള്ള വിനീത ഭക്തിയിലാണ് എന്റെ മതബോധമുൾക്കൊള്ളുന്നത്."[10]

ദുർഗ്രഹമായ പ്രപഞ്ചത്തിൽ വെളിപ്പെടുന്ന ഒരു അതീതശക്തി എന്റെ ദൈവത്തെക്കുറിച്ചുള്ള ഭാവനക്കു രൂപകല്പന നൽകുന്നു.

ശാസ്ത്രം മുന്നോട്ടു വെക്കുന്ന ഓരോ കാൽവെപ്പും തൗഹീദിന്റെ രാജപാതയിലേക്കുള്ള യാത്രയുടെ വിജയഗാഥയിലേക്കു വഴിതെളിയിക്കുന്നു. ■

1. *ശാസ്ത്രത്തിനും അദ്വൈതകാലം: കലാകൗമുദി, ലക്കം: 426 എൻ. ആർ. എസ്സ്. ബാബു*
2. *കേരളകൗമുദി 1990 may 2*
3. *A Brief History of Time, page 136 by Stephen W. Hawking.*
4. *You and the Atom by Gerald Wend.*
5. *Miracles of the God, page 150*
6. *Miracle of God by Erichvona Danikona page 57*
7. *Proceedings of the Royal Societies of London* ഊർജ്ജതാണ്ഡവം : നിത്യചൈതന്യയതി, പേജ് *33*
8. *Newton quoted by MorisBermo.*
9. *Quoted from* : ഊർജ്ജതാണ്ഡവം, നിത്യചൈതന്യയതി പേജ് 16.
10. *The universe and Dr. Albert Einstein page 105.*

നമ്മുടെ വിയോജിപ്പുകൾ (4)

# ഈസാനബി(അ)യുടെ അത്ഭുത ദൃഷ്ടാന്തങ്ങൾ

ഏ. പി. കുഞ്ഞാമു

## ഈസാനബി (അ)നെ പറ്റിയുള്ള മിഥ്യാവിശ്വാസങ്ങളിൽനിന്ന് മുക്തരായാൽ മാത്രമേ മുസ്‌ലിംകൾക്ക് ഏകദൈവവിശ്വാസം (തൗഹീദ്) കൈക്കൊള്ളാനാവൂ

നിർഭാഗ്യമെന്ന് പറയട്ടെ മുസ്‌ലിംകൾ ഈസാനബി (അ) മുഖേന വെളിപ്പെട്ട ചില ദൃഷ്ടാന്തങ്ങളിൽ ബാഹ്യാർത്ഥം ആരോപിച്ചുകൊണ്ടു വിശ്വസിക്കുന്നു. ആ വിശ്വാസം വിശുദ്ധഖുർആന്റെ ഖണ്ഡിതവചനങ്ങൾക്ക് എതിരായി ഭവിക്കുന്നു. വിശുദ്ധഖുർആനിൽ പരസ്പര വൈരുദ്ധ്യമില്ല. കാരണം അതു ജഗന്നിയന്താവായ അല്ലാഹുവിന്റെ വചനമാണെന്ന് വിശുദ്ധഖുർആനിലൂടെ അടിവര ഇട്ടുകൊണ്ടു അല്ലാഹു പ്രഖ്യാപിക്കുന്നു. അതേപോലെ അല്ലാഹുവിന്റെ വചനത്തിൽ ഖണ്ഡിതമായ വചനങ്ങളും ആലങ്കാരികമായ വചനങ്ങളും ഉണ്ടെന്നും കുബുദ്ധികൾ ആലങ്കാരിക വചനങ്ങളുടെ മേൽ പിടിച്ചുതൂങ്ങുമെന്നും വിശുദ്ധഖുർആൻ അതിന്റെ അനുവാചകരെ തെര്യപ്പെടുത്തുന്നു.

അഹ്‌മദിയ്യാ ജമാഅത്തിന്റെ സ്ഥാപകനായ മഹ്ദിമസീഹ് ഹസ്റത്ത് അഹ്‌മദ്(അ) പല ഉപമാവചനങ്ങളിലും അലങ്കാരോക്തികളിലും ഖുർആനിലും ഹദീസുകളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. നബിമാരേ സംബന്ധിച്ചും ഇത്തരം പ്രവചന ഭാഷകൾ ഉപയോഗിക്കുക എന്നത് ഇസ്‌ലാമിനെ പോലെ എല്ലാ മതസാഹിത്യങ്ങളിലും കാണാവുന്നതാണ്. നബിമാർ ആഗതരായാൽ പ്രവചനങ്ങളിലെ ബാഹ്യാർത്ഥങ്ങളിൽ പിടിച്ചുതൂങ്ങി പ്രവാചകരെ നിഷേധിക്കുകയും ഉപദ്രവിക്കുകയും ചെയ്യൽ ശത്രുക്കളുടെ സമ്പ്രദായമാണ്. മുസ്‌ലിം ഉമ്മത്തിനെ അധഃപതനത്തിൽ നിന്നും രക്ഷിക്കാൻ മൂസാമസീഹിന് (ഈസ) സദൃശനായ ഒരു പ്രവാചകൻ മുസ്‌ലിം ഉമ്മത്തിൽ വന്നാൽ അവർ എങ്ങിനെ പ്രതികരിക്കുമെന്ന് കൂടി ത്രികാലജ്ഞനായ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുണ്ട്.

സച്ചരിതരായ വിശ്വാസികളെ (മുഅ്മിനീങ്ങളെ) വിശുദ്ധഖുർആനിൽ ഇമ്രാന്റെ മകൾ മറിയമിനോടും ഫിർഔന്റെ ഭാര്യ ആസിയയോടും ഉപമിച്ചിരിക്കുന്നു. ആ അർത്ഥത്തിൽ വാഗ്ദത്ത മസീഹ് ഉപമാ രൂപത്തിൽ മറിയമാണ്. ആ മറിയമിന്ന് വഹ്‌യ് മുഖേന അറിയിച്ചതനുസരിച്ചു ഇബ്നുമറിയം ജനിക്കുന്നു. ഇങ്ങിനെ സാദൃശ്യത്തിൽ ഹസ്റത്ത് അഹ്‌മദ് (അ) ആദ്യം മറിയമാവുകയും അദ്ദേഹത്തിന് അല്ലാഹുവിൽ നിന്ന് വഹ്‌യ് ലഭിച്ചപ്പോൾ അദ്ദേഹം ഇബ്നുമറിയമാവുകയും ചെയ്തു. ഈ യാഥാർത്ഥ്യം മുസ്‌ലിംകൾക്ക് പറഞ്ഞുകൊടുത്തപ്പോൾ അവർ കൈകൊട്ടി ആരവം കൊള്ളുകയാണ് ചെയ്തത്. ആ സംഗതി അല്ലാഹു പ്രവചനരൂപത്തിൽ വിശുദ്ധഖുർആൻ പ്രതിപാദിക്കുന്ന "മറിയമിന്റെ മകന്റെ സാദൃശ്യം ഒരു ഉപമയായി പറയപ്പെട്ടാൽ നിന്റെ ജനം (മുസ്‌ലിം ഉമ്മത്ത്) അതിനെ കൈകൊട്ടി ആരവംകൊള്ളുന്നു. (43:58) ഇത് ഇന്ന് അഹ്‌മദികളായ നാം കാണുമ്പോൾ അവരുടെ ഈമാൻ വർദ്ധിക്കുകയാണ്."

ഖണ്ഡിതവചനത്തിലുള്ള ഒരു ഉദാഹരണം "സർവ്വചരാചരങ്ങളുടെയും സൃഷ്ടികർത്താവ് അല്ലാഹുവാണ്". ഇത് അല്ലാഹുവിന് മാത്രമുള്ള ഒരു ഗുണമാണ്. ഈ ഗുണത്തിന്ന് ആരെയും അല്ലാഹു പങ്കുകാരാക്കിവെക്കുകയില്ല. അതേപോലെ മരിച്ചവരെ പുനർജ്ജീവിപ്പിക്കുക. ഇതിനും ആരെയും അല്ലാഹു പങ്കുകാരാക്കിയിട്ടില്ല. മരിച്ചവരെ ഈ ഭൂമിയിൽ വീണ്ടും ജീവിപ്പിക്കുക എന്നുള്ളതും അല്ലാഹു നിരോധിച്ചിരിക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ ഇത്തരം സിഫത്തുകളെപ്പറ്റി, ഗുണങ്ങൾ, മുസ്‌ലിംകൾ വളരെ ബോധവാന്മാരായിരിക്കണം.

ഈസാനബി (അ)യെ സംബന്ധിച്ച മുസ്‌ലിംകളുടെ ചില വിശ്വാസങ്ങൾ അല്ലാഹുവിന് പങ്കുകാരെ ആരോപിക്കുന്ന രൂപത്തിലാണ്. ഉദാഹരണത്തിന് ഈസാനബി (അ) പക്ഷിയെ സൃഷ്ടിച്ചു. മരിച്ചവരെ ഈ ലോകത്തിൽ വീണ്ടും ജീവിപ്പിച്ചു. ജന്മനാ കുരുടന്മാരായവർക്ക് കാഴ്ച നൽകി. അദ്ദേഹം ഇപ്പോഴും ആകാശത്തിൽ ജീവിച്ചിരിക്കുന്നു. ഇത്തരം അവിശ്വാസങ്ങൾ അതിൽപ്പെടുന്നു. ക്രിസ്ത്യാനികൾ യേശുവി (അ)നെ ദൈവവും ദൈവപുത്രനുമായി വിശ്വസിക്കുന്നു.

അതുകൊണ്ടുതന്നെ ദൈവത്തിന് മാത്ര മായി വിശേഷിപ്പിക്കപ്പെട്ട സിഫത്തുക ളുടെ (വിശേഷങ്ങൾ) പ്രകടനം യേശു വിന്നുണ്ടായിരിക്കണം. മറ്റു പ്രവാചക ന്മാർക്കൊന്നുംതന്നെ ഇത്തരം ഗുണ ങ്ങൾ വെളിപ്പെട്ടതായി മുസ്‌ലിംകളോ ക്യസ്ത്യാനികളോ വിശ്വസിക്കുന്നില്ല. യേശുവിനെ ദൈവപുത്രനെന്ന് വിശ്വ സിക്കുന്ന ക്രിസ്ത്യാനികൾ പോലും അദ്ദേഹം ഭൂമിയിൽ വെച്ച് സൃഷ്ടി കർമ്മത്തിലേർപ്പെട്ടു എന്ന് വിശ്വസിക്കു ന്നില്ല. ദൗർഭാഗ്യമെന്ന് പറയട്ടെ മുസ്‌ലിംകൾ ഇസാനബി (അ) പക്ഷിയെ സൃഷ്ടിച്ചു എന്നു വിശ്വസി ക്കുന്നു. ദൈവത്വത്തിന്റെ ഏറ്റവും പ്രാമാണികമായ ഒരു ഗുണമാണ് 'സൃഷ്ടികർത്തൃത്വം' എന്നത്. മുസ്‌ലിംകൾ അത് ഈസാനബിയിൽ ആരോപിക്കുന്നതോടെ ക്രിസ്ത്യാനിക ളുടെ ദൈവപുത്രവാദത്തിന്ന് അത് ന്യായീകരണമാവുന്നു. ദൈവത്തിൽ പങ്കുചേർക്കുക എന്നാണ് ഇതി ന്നർത്ഥം.

ഇതിന്ന് ഇസ്‌ലാമിലെ സാങ്കേതിക പദം "ശിർക്ക്" എന്നാണ്. അല്ലാഹു പൊറുത്തുകൊടുക്കാത്ത പാപമായി പ്രഖ്യാപിച്ചത് ഈ ശിർക്ക് തന്നെ യാണ്. ഇത് മുസ്‌ലിംവിഭാഗത്തിലെ ആര് അവലംബിച്ചാലും ശിർക്ക് തന്നെ. സുന്നികളല്ലാത്ത മറ്റു മുസ്‌ലിംസംഘ ടനകൾ ഔലിയാക്കന്മാർക്ക് അമാനു ഷിക കറാമത്തുകൾ നിഷേധിക്കുന്നവ രാണ്. ഉദാഹരണത്തിന് മുഹ്‌യിദ്ദീൻ ശൈഖ് തങ്ങൾ (റ) ശവത്തിന് ജീവൻ നൽകിയെന്നും, കോഴിയുടെ എല്ലുക ളോട് കൂകാൻ പറഞ്ഞപ്പോൾ കൂകിപ്പ റന്നതായും മറ്റുമുള്ള സുന്നികളുടെ വിശ്വാസത്തെ ശിർക്കൻ വിശ്വാസമായി ഗണിക്കുകയും അവർ മക്കയിലെ മുശ്‌രിക്കുകളെക്കാൾ അധഃപതിച്ചവരാ ണെന്നും ഫത്‌വകൾ പുറപ്പെടുവി ക്കുകയും ചെയ്യുന്നു. ശരിയാണ്. ഏതൊരു ശിർക്കിനെ വിപാടനം ചെയ്യാൻ റസൂൽതിരുമേനി (സ) ആഗ തരായോ അതേ ശിർക്ക് ഇന്നു മുസ്‌ലിംകളിൽ കുടികൊള്ളുന്നു. മുഹ്‌യിദ്ദീൻ ശേഖ് (റ) തങ്ങൾ മരിച്ച വരെ ജീവിപ്പിച്ചപ്പോഴും കോഴിയെ പു

> **ഇതിന്ന് ഇസ്‌ലാമിലെ സാങ്കേതിക പദം "ശിർക്ക്" എന്നാണ്. അല്ലാഹു പൊറുത്തു കൊടുക്കാത്ത പാപമായി പ്രഖ്യാപി ച്ചത് ഈ ശിർക്ക് തന്നെ യാണ്. ഇത് മുസ്‌ലിം വിഭാഗത്തിലെ ആര് അവലംബിച്ചാലും ശിർക്ക് തന്നെ**

നർജ്ജീവിപ്പിച്ചപ്പോഴും ആ വിശ്വാസം ശിർക്ക് ആകുമെങ്കിൽ അതേ പ്രവൃത്തി മറ്റാര് ചെയ്താലും ശിർക്ക് തന്നെയാ ണ്. മുഹ്‌യിദ്ദീൻ ശൈഖ് തങ്ങൾ (റ) ഇതൊക്കെ ചെയ്തതു അല്ലാഹുവിന്റെ അനുമതിയോടുകൂടി ആണെന്ന് സുന്നി കൾ പറയുന്നു. എന്നാൽ ഇതേ പ്രവൃത്തി അല്ല ഇതിലും കൂടുതലായ പ്രവൃത്തികൾ ഈസാനബി (അ) ചെയ്തപ്പോൾ അത് തൗഹീദ് ആകു ന്നത് എങ്ങനെ? ................ ഈ ചോദ്യ ത്തിന് ഉത്തരം മുജാഹിദ്,. ജമാഅത്തെ ഇസ്‌ലാമി മുതലായ കക്ഷികൾ നൽകേ ണ്ടതാണ്.

അല്ലാഹു തന്നെ ചില നടപടിക്രമ ങ്ങളും നിയമങ്ങളും ഉണ്ടാക്കുക അതു അല്ലാഹു തന്നെ ലംഘിക്കുക. ഇങ്ങി നെയുള്ള ഒരു വിശ്വാസം അല്ലാഹു വിന്റെ ഗുണനാമങ്ങളെത്തന്നെ അപ കീർത്തിപ്പെടുത്തലാണ്.

എന്നാൽ ഈ വിശ്വാസങ്ങൾക്ക് എതിരായി അഹ്‌മദി മുസ്‌ലിംകൾ വിശ്വ സിക്കുന്നതും പ്രചരിപ്പിക്കുന്നതും ഏതു പോലെ മുഹ്‌യിദ്ദീൻ ശേഖ് (റ) തങ്ങളെപ്പറ്റി മുഹ്‌യിദ്ദീൻ മാല എഴു തിയ കവി അലങ്കാരോക്തിയിൽ പാടിയോ അതേപോലെ തന്നെയാണ് ഈസാനബി (അ)യെ കുറിച്ച് വിശു ദ്ധ ഖുർആനും വിശേഷിപ്പിച്ചത് എന്നാണ്.

ഇന്ന് ലോകത്ത് അല്ലാഹുവിനെ ആരാധിക്കുന്നതിനേക്കാൾ ജനങ്ങൾ ആരാധിക്കുന്ന ഒരു വ്യക്തിയാണ് ഈസാനബി (അ). ഏകദേശം ഇരുനൂ റ് കോടി ക്രിസ്ത്യാനികളിൽ ഭൂരിഭാ ഗവും യേശുവിനെ ദൈവവും ദൈവ പുത്രനും പരിശുദ്ധാത്മാവുമായി വിശ്വ സിക്കുന്നവരും ആരാധിക്കുന്നവരുമാണ്. എന്നാൽ അല്ലാഹു വിശുദ്ധഖുർആ നിൽ 16:21, 22 ൽ വിവരിച്ചതിന്റെ മല യാളപരിഭാഷ ഇങ്ങനെ വായിക്കാം.

"അല്ലാഹുവിനെ കൂടാതെ അവർ ആരെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അവർ ഒന്നിനേയും സൃഷ്ടിച്ചിട്ടില്ല. അവർ തന്നെ സൃഷ്ടികളാണ്. അവർ മരിച്ചവരാണ്; ജീവനുള്ളവരല്ല. അവർ എപ്പോഴാണ് ഉയർത്തെഴുന്നേല്പിക്ക പ്പെടുക എന്നവർ അറിയുന്നില്ല."

ഈ രണ്ടു ആയത്തുകളിൽ അല്ലാഹു ഇന്നത്തെ മുസ്‌ലിം ഭൂരിപക്ഷ ത്തിന്റെ ഈസാനബി (അ)യെക്കുറി ച്ചുള്ള എല്ലാ അന്ധവിശ്വാസങ്ങളെയും ഒന്നായി ഖണ്ഡിച്ചിരിക്കയാണ്. നോക്കു അല്ലാഹുവിനെ കൂടാതെ വിളിച്ചു പ്രാർത്ഥിക്കപ്പെടുന്ന പൊയ് ദൈവം ഈസാനബി (അ) ആണ്. അദ്ദേഹം ഒന്നിനേയും സൃഷ്ടിച്ചില്ല. മറ്റൊരു സ്ഥലത്ത് ഒരു ഈച്ചയെപോലും സൃഷ്ടിച്ചില്ല എന്ന പരാമർശവും വിശു ദ്ധഖുർആനിന് ഉണ്ട് (22:67). പിന്നെ എങ്ങനെ പക്ഷിയെ സൃഷ്ടിക്കും? തുടർന്ന് പറയുന്നു. "അവർ മരിച്ചവരാ ണ്." ഈ കാര്യത്തിൽ മുസ്‌ലിംകളെ ക്കാൾ നല്ലത് ക്രിസ്ത്യാനികളാണ്. ക്രിസ്ത്യാനികൾ ഈസാനബി (അ) മരിച്ചതിനുശേഷം ഉയർത്തെഴുന്നേറ്റു പോയി എന്നു വിശ്വസിക്കുമ്പോൾ ഈസാനബി (അ) മരിക്കാതെ ഇന്നും ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്ന് വിശ്വ സിക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ ഈ വചനത്തിന്റെ അർത്ഥമെന്താണ്? തുടർന്ന് "ജീവനുള്ളവരല്ല" എന്നു പറ ഞ്ഞുകൊണ്ടു വലിയൊരു കല്ല് ഈ ശിർക്ക് വിശ്വാസത്തെ ഉടക്കാൻ

അല്ലാഹു ഈ ആയത്തിന്ന് പുറകെ തന്നെ ഘടിപ്പിച്ചിരിക്കുകയാണ്. ഇനി അവർക്കുള്ള അവസ്ഥ നാളെ വിധിനാളിലുള്ള ഉയർത്തെഴുന്നേൽപാണ്. അത് എപ്പോഴാണെന്ന് അവർ അറിയുന്നില്ല. എന്നുവെച്ചാൽ അവർ തിരിച്ചു ഈ ഭൂമിയിലേക്കില്ല. ഇതുപോലുള്ള നിരവധി വചനങ്ങൾ വിശുദ്ധഖുർആനിൽ ഉണ്ട്. വിസ്തരഭയത്താൽ അതിവിടെ ചേർക്കുന്നില്ല. അപ്പോൾ ഒന്നുകിൽ അഹ്മദി മുസ്‌ലിംകളുടെ വിശ്വാസത്തിലേക്ക് വരിക. അങ്ങിനെ വന്നാൽ അല്ലാഹു പൊറുത്തുകൊടുക്കപ്പെടാത്ത പാപമായ ശിർക്കിൽ നിന്നും രക്ഷപ്പെടാം. അല്ലെങ്കിൽ വിശുദ്ധഖുർആനിൽ പരസ്പര വൈരുദ്ധ്യമുണ്ടെന്ന് വിശ്വസിക്കണം. സർവ്വതിനേയും സൃഷ്ടിച്ചവൻ അല്ലാഹുവാണെന്ന് ഒരു സ്ഥലത്തുപറയുക. മറ്റൊരു സ്ഥലത്ത് ഈസാനബി (അ) കളിമണ്ണുകൊണ്ടു പക്ഷിയെ ഉണ്ടാക്കി അതിൽ ഊതിയപ്പോൾ അത് അന്തരീക്ഷത്തിൽ അല്ലാഹുവിന്റെ അനുമതിയോടെ പറന്നുപോയി എന്നു പറയുക. അല്ലാഹുവിനെ കൂടാതെ ആരെ വിളിച്ചുപ്രാർത്ഥിക്കുന്നുവോ അവർ ഒന്നിനേയും സൃഷ്ടിച്ചില്ല. ഒരു ഈച്ചയെപ്പോലും സൃഷ്ടിച്ചില്ല എന്നു പറയുക. ഇതെല്ലാം എങ്ങിനെ പരസ്പര വൈരുദ്ധ്യമില്ലാതെ അവതരിപ്പിക്കാൻ പറ്റും? മുസ്‌ലിംകൾ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. അഹ്മദികൾക്ക് എന്തു പറഞ്ഞാലും ഈസാനബി (അ) പറ്റി മാത്രമേ പറയാനുള്ളൂ എന്ന് പറഞ്ഞ് തള്ളേണ്ട വിഷയമാണോ? 200 കോടി ക്രിസ്ത്യാനികളും 100 കോടി മുസ് ലിംകളും ശിർക്കിന്ന് അടിമകളായി തീർന്ന ഈ വിശ്വാസത്തെ പേറിക്കൊണ്ട് ദൈവം പൊറുത്തുകൊടുക്കാത്ത പാപികളായി പോകുന്നത് കൈയും കെട്ടി കാഴ്ചക്കാരായി ഇരിക്കാൻ സാധിക്കാത്തതുകൊണ്ടാണ് അഹ്മദികൾ ഇതുതന്നെ ഉരുവിട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിങ്ങളുടെ ദുരഭിമാനം കൈവെടിഞ്ഞു യഥാർത്ഥ ഇസ്‌ലാമിലേക്ക് നിങ്ങൾ മടങ്ങുവിൻ. അതിനുവേണ്ടിയാണ് ഒരു സത്യാത്മാവിനെ അല്ലാഹു അയച്ചിരിക്കുന്നത്. അദ്ദേഹം മുസ്‌ലിം ലോകത്തോടു ആഹ്വാനം ചെയ്ത ഒരു തത്വം ഞാൻ എന്റെ ഭാഷയിലും ശൈലിയിലും അവതരിപ്പിക്കുകയാണ്.

ചിലപ്പോൾ മനുഷ്യരുടെ സിഫത്തുകൾ (ഗുണങ്ങൾ) അല്ലാഹുവിന് ആരോപിക്കാറുണ്ട്. ഉദാഹരണത്തിന് അല്ലാഹു രണ്ടു കൈകൾകൊണ്ടു ആദമിനെ സൃഷ്ടിച്ചു. അല്ലാഹു കാണുന്നവനാണ്. കേൾക്കുന്നവനാണ്. ചില ഹദീസുകളിൽ സൽകർമ്മകാരികൾ അല്ലാഹുവിങ്കലേക്ക് നടന്നുപോവുകയാണെങ്കിൽ അല്ലാഹു ഇങ്ങോട്ട് ഓടി വരുമെന്നും പറയപ്പെടുന്നു. നിന്റെ കൈയിൽ ബൈഅത്ത് ചെയ്തവർ അല്ലാഹുവിന്റെ കൈയിലാണ് ബൈഅത്ത് ചെയ്തത്. അല്ലാഹു അർശിൽ ഉപവിഷ്ഠനായി. എന്നീ പ്രയോഗങ്ങൾ ആലങ്കാരികമായിട്ടാണ് എടുക്കേണ്ടത്. അല്ലാഹു മനുഷ്യരെപ്പോലെ അവയവങ്ങളോടു കൂടിയവനാണെന്ന് മുസ്‌ലിംകൾ ആരും വിശ്വസിക്കുന്നില്ല. അപ്പോൾ അതിന് ഉദ്ദേശ്യാർത്ഥമാണുള്ളത്. അതുപോലെ ദൈവത്തിന്റെ ചില ഗുണങ്ങൾ മനുഷ്യരിൽ ആരോപിക്കുമ്പോഴും ആലങ്കാരികമായി എടുക്കുക, ഉദാഹരണമായി സൃഷ്ടിപ്പിനെപ്പറ്റി തന്നെ എടുക്കാം. അല്ലാഹു ഒരു പക്ഷിയെ സൃഷ്ടിക്കുന്നതിനേക്കാൾ ലാഘവത്തോടെയാണ് ഈസാനബി പക്ഷിയെ സൃഷ്ടിച്ചതായി ഖുർആൻ പറയുന്നത്. അല്ലാഹു പക്ഷിയെ സൃഷ്ടിച്ചുകാണിച്ചുതന്നത് പക്ഷി കൂട്ടിൽ മുട്ട ഇട്ട കുറച്ചുനാൾ അട ഇരുന്നശേഷമാണ് ഒരു പക്ഷിക്കുഞ്ഞ് പിറക്കുന്നത്. പിന്നെ പറക്കാനും അതിന്റേതായ സമയം എടുക്കുന്നു. എന്നാൽ ഈസാനബി (അ) കളിമണ്ണുകൊണ്ടു പക്ഷിയെ ഉണ്ടാക്കുന്നു. അതിൽ ഊതുന്നു അല്ലാഹുവിന്റെ "ഇദിന്"കൊണ്ട് അത് പറന്നുപോകുന്നു. അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചത് കളിമണ്ണുകൊണ്ടാണ്. കളിമണ്ണുകൊണ്ട് സൃഷ്ടിക്കുക എന്നു പറഞ്ഞതിന് ഭാവാത്മകമായ അർത്ഥമാണ് നൽകേണ്ടത്. അതായത് കളിമണ്ണ് അതിന്റെ ശില്പിക്ക് അവനുദ്ദേശിക്കുന്ന രൂപത്തിൽ ഡിസൈൻ (രൂപകല്പന) ചെയ്തെടുക്കാൻ സാധിക്കുന്നു. ഉദാഹരണത്തിന് കളിമണ്ണുകൊണ്ടു വിവിധ രൂപത്തിലുള്ള രൂപശില്പങ്ങൾ ഉണ്ടാക്കാം. അതുപോലെ മനുഷ്യന്റെ ആത്മീയരൂപത്തിന് പരിവർത്തങ്ങളുണ്ടാക്കാൻ ഒരു ആത്മീയ പരിഷ്ക്കർത്താവിന്ന് സാധിക്കുന്നു. ഈസാനബി (അ)യോടൊത്ത് അദ്ദേഹത്തിന്റെ അനുചരന്മാരുടെ സഹവാസം അദ്ദേഹത്തിന്റെ ഉപദേശ നിർദ്ദേശങ്ങൾ അതാണ് ഇവിടെ ഊതൽ കൊണ്ടുള്ള വിവക്ഷ. അതിന്റെ ഫലമായി അദ്ദേഹത്തിൽ വിശ്വസിച്ച അനുയായികളിൽ ചിലർ ആത്മീയ വിഹായസ്സിൽ പറക്കുന്ന പക്ഷികളെപ്പോലെ ആയിത്തീർന്നു. ഇതു മനുഷ്യന്റെ കരങ്ങളാൽ സാദ്ധ്യമല്ല. ദൈവികസഹായംകൊണ്ടേ സാധിക്കുകയുള്ളൂ. വിശുദ്ധഖുർആനിൽ തന്നെ അല്ലാഹു ഹവാരീങ്ങൾക്ക് 'വഹ്‌യ്' (ദിവ്യ ഭാഷണം) നൽകിയതായി പ്രസ്താവിക്കുന്നുണ്ട്. ഇതേപോലെ പ്രവാചകന്മാരുടേയും മുജദ്ദിദുമാരുടേയും ആഗമനോദ്ദേശ്യം ആത്മീയമായി മരിച്ചവരെ ജീവിപ്പിക്കൽ ആണ്. ആ അർത്ഥത്തിൽ ഈസാനബി (അ) അടക്കം എല്ലാ നബിമാരും മുജിദ്ദിദീങ്ങളും മരിച്ചവരെ ജീവിപ്പിച്ചിട്ടുണ്ട്. അല്ലാതെ മൃതശരീരത്തെ ജീവിപ്പിക്കലല്ല. മരിച്ചവർ മടങ്ങിവരില്ല എന്നത് അലംഘനീയമായ നിയമമാണ്. അതേപോലെ ആത്മീയരോഗികളെ സുഖപ്പെടുത്തലും ആലങ്കാരികാർത്ഥത്തിൽ ആത്മീയ സംസ്കരണമാണ്.

ഗാന്ധിജി ഇന്ത്യയിൽ ലക്ഷക്കണക്കിനുള്ള സ്വാതന്ത്ര്യസമര സേനാനികളെ സൃഷ്ടിച്ചു എന്നു പറഞ്ഞാൽ അല്ലാഹു സൃഷ്ടിക്കുന്നതുപോലെയാണ് എന്നാരും പറയുകയില്ല. അത്തരം പ്രയോഗം എല്ലാ ഭാഷകളിലും ഉണ്ട്. ഈ രൂപത്തിൽ നാം അല്ലാഹുവിന്റെ ഇത്തരം ഗുണങ്ങൾ മനുഷ്യനിൽ ആരോപിക്കുമ്പോഴും അതേപോലെ മനുഷ്യന് ദൈവികമായ ഗുണങ്ങൾ ആരോപിക്കുമ്പോഴും അതെല്ലാം ആലങ്കാരികമായി എടുത്താൽ ശിർക്കിൽനിന്നും മോചനമുണ്ടാകും. ■

*(തുടരും)*

## ഭൂതകാലതാളുകളിൽ

# കാലം മായ്ക്കാത്ത ചിത്രം

കെ. പി. അഹ്മദ്

ഒരു മെയ്മാസരാത്രി! ഓർക്കാപ്പുറത്ത് പ്രത്യക്ഷപ്പെട്ട ചാറൽമഴ തണുപ്പിന് പകരം ചൂടാണ് പകർന്നത്! എരിയുന്ന ആ രാത്രിയിൽ ഞാൻ തനിച്ചായിരുന്നില്ല! ആത്മീയവും ഭൗതികവുമായ ഒട്ടേറെ വിഷയങ്ങളെക്കുറിച്ച് വാഗ്വാദവും ചർച്ചയും നടത്താറുള്ള ഒരു സുഹൃത്തും കൂടെയുണ്ടായിരുന്നു. നിശ്ശബ്ദസേവകരെ സംബന്ധിച്ചുള്ള അന്നത്തെ ഞങ്ങളുടെ സംഭാഷണം യാദൃച്ഛികമായ വഴിത്തിരിവിലേക്ക് വഴുതിവീണപ്പോൾ അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത് വർഷങ്ങൾക്ക് മുമ്പുള്ള ഒരു തീവണ്ടിയാത്രയിലെ അനുഭവമായിരുന്നു.

അങ്ങ് വടക്ക്..... മംഗലാപുരത്തു നിന്നും തെക്കോട്ട് കുതിക്കുന്ന ഒരു ട്രെയിനായിരുന്നു അത്! ജനൽപാളികളിലൂടെ മിന്നിമറയുന്ന ദൃശ്യങ്ങൾപോലെ സഹയാത്രികർ ഇറങ്ങിപ്പോകുന്നതും, പുതിയ മുഖങ്ങൾ കയറിവരുന്നതും ശ്രദ്ധിക്കുകയായിരുന്നു സുഹൃത്ത്! അതോടൊപ്പം പതിവുകാഴ്ചകളായ അന്ധഗായകന്റെ പാട്ടും, വഴിമുട്ടിയ ജീവിതത്തിന്റെ കദനകഥ കാർഡിൽ അച്ചടിച്ചു വിതരണം ചെയ്യുന്ന ഭിക്ഷാംദേഹികളും, പിന്നെ മത്സരബുദ്ധിയോടെ വിലസുന്ന വാണിഭക്കാരും അയാളുടെ ശ്രദ്ധയിൽ പെടാതിരുന്നില്ല! ഇങ്ങനെ കണ്ടുമടുത്ത ചിത്രങ്ങൾ വിരസത വിതറുമ്പോഴാണ് ഇടക്കേതോ ചെറിയ സ്റ്റേഷനിൽ കിതപ്പോടെ വണ്ടി നിർത്തിയത്!

ഏതാനും പേർ ഇറങ്ങിക്കഴിഞ്ഞപ്പോൾ മധ്യവയസ്സു പിന്നിട്ട ഒരു യാത്രക്കാരൻ കമ്പാർട്ട്മെന്റിലേക്ക് കയറിവന്നു. ഒഴിഞ്ഞുകിടന്ന ഒരു സീറ്റിൽ അഭയം തേടിയ ആ മനുഷ്യൻ ചുറ്റുമൊന്ന് കണ്ണോടിച്ചു! കുലീനത കൂടപ്പിറപ്പായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹമെന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാമായിരുന്നു! ഭക്തിപാരവശ്യം നിഴൽവിരിച്ച മുഖം പ്രശാന്തമായിരുന്നു! ആകർഷകമായ കണ്ണുകളുടെ അഗാധതയിൽ ആർദ്രത തളംകെട്ടിക്കിടപ്പുണ്ടായിരുന്നു!

നിമിഷങ്ങൾ പിന്നിട്ടപ്പോൾ അദ്ദേഹം കയ്യിലുണ്ടായിരുന്ന ബാഗ് തുറന്ന് ചില പുസ്തകങ്ങളും ലഘുലേഖകളും പുറത്തെടുക്കുകയും, ഒരു മന്ദഹാസത്തോടെ ആ കമ്പാർട്ടുമെന്റിൽ മുഖാമുഖം നോക്കിയിരിക്കുന്ന യാത്രക്കാർക്ക് അത് നൽകുകയും ചെയ്തു! അതുവരെ ചിതറിയ ചിന്തകളിൽ വിഹരിച്ചുനടന്ന യാത്രക്കാർ അക്ഷരങ്ങളുടേയും ആശയങ്ങളുടേയും ലോകത്തിലേക്ക് ആനയിക്കപ്പെട്ടു!

വലിഞ്ഞുനീളുന്ന ആ യാത്രയിൽ ചിലരെല്ലാം അത് വായിച്ചു തിരിച്ചു കൊടുത്തു! വേറെ ചിലർ അത് അശ്രദ്ധമായി ഇരിപ്പിടങ്ങളിൽ ഉപേക്ഷിച്ച് പുറത്തിറങ്ങി! ഇവരിൽനിന്നൊക്കെ വ്യത്യസ്ഥരായ മറ്റുചിലർ അത് പാരായണം ചെയ്ത് സംശയങ്ങളുന്നയിച്ചു! ഇങ്ങനെ വീണുകിട്ടിയ അനർഘനിമിഷങ്ങളിൽ ചാരിതാർത്ഥ്യത്തിന്റെ ഉൾപുളകത്തോടെ ചോദ്യകർത്താക്കളുടെ സംശയങ്ങൾക്ക് അദ്ദേഹം മറുപടി നൽകി! ചിലരുമായദ്ദേഹം തർക്കിച്ചു! താൻ ഉൾക്കൊള്ളുന്ന വിശ്വാസമാർഗ്ഗത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിച്ചു! മണിക്കൂറുകൾ നീണ്ടുപോയ ഈ ഒറ്റയാൾ പട്ടാളത്തിന്റെ പോരാട്ടം കോഴിക്കോട് റയിൽവേസ്റ്റേഷനിൽ എത്തുന്നതുവരെ തുടർന്നു! പിന്നീടദ്ദേഹം ശേഷിച്ച ലഘുലേഖകളും പ്രസിദ്ധീകരണങ്ങളും പെറുക്കിക്കൂട്ടി ബാഗിൽ നിക്ഷേപിച്ച് പ്ലാറ്റ് ഫോമിലേക്കിറങ്ങി.

ആരായിരുന്നു ആ മനുഷ്യൻ! അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ തലപ്പത്തിരിക്കുന്ന ഒരു ആദരണീയ വ്യക്തിയാണതെന്ന് എന്റെ സുഹൃത്ത് തിരിച്ചറിഞ്ഞെങ്കിലും; ആ തിരിച്ചറിവ് അപൂർണ്ണമായിരുന്നു! വിശാലമായ കാൻവാസിൽ വരക്കപ്പെടേണ്ട ഒരു പശ്ചാത്തല ചിത്രം ആ മനുഷ്യനുണ്ടെന്ന് ഞാൻ സുഹൃത്തിനെ ധരിപ്പിച്ചു.

നാട്ടുരാജാക്കന്മാർ കൊടികുത്തിവാണ കാലം! ഇന്നത്തെ കാസർഗോഡ് ജില്ലയിലെ മോഗ്രാൽ ദേശത്ത് 'കുഞ്ഞിപ്പക്കി ഇച്ച' എന്ന ഒരു നാട്ടുരാജാവുണ്ടായിരുന്നു! ആ രാജാവിന്റെ മകനായ 'കുഞ്ഞമ്മു ഇച്ച' പ്രസിദ്ധനായ ഒരു കവിയായിരുന്നു! 'ബാലാമുബ്നു ഫഖീഹ്' എന്ന തൂലികാ നാമത്തിലാണ് അദ്ദേഹം കവിതകൾ രചിച്ചിരുന്നത്! സമ്പന്നതയുടെ മടിത്തട്ടിൽ വളർന്ന ആ കവിക്ക് ഒരു പുത്രൻ ജനിച്ചപ്പോൾ രാജവംശത്തിന്റെ പരമ്പരാഗതമായ നാമങ്ങൾ നിലനിർത്താൻ തന്റെ വന്ദ്യപിതാവിന്റെ 'കുഞ്ഞിപ്പക്കി' എന്ന പേരുതന്നെയാണ് ആ പുത്രനും നൽകിയത്! പക്ഷെ, തൃക്കരിപ്പൂർ സ്വദേശിയായ മാതാവ് ഒരു വലിയ സമിന്ദാർ കുടുംബത്തിലെ അംഗമായിരുന്നു! അതുകൊണ്ടുതന്നെ അവരുടെ തറവാട്ടുകാരണവരായ സുലൈമാൻഹാജിയുടെ ഓർമ്മക്കായി 'സുലൈമാൻ' എന്ന മറ്റൊരു പേരും ആ പുത്രന് ലഭിച്ചു!

കാലത്തിന്റെ കുത്തിയൊഴുക്കിൽ പഴയ പൈതൃകത്തിന്റെ പുതിയ സാരഥിയായി ചുമതലയേറ്റെടുത്ത ഈ മകൻ മോഗ്രാൽ ദേശത്ത് 'കുഞ്ഞിപ്പക്കി ഇച്ച' എന്നും തൃക്കരിപ്പൂരിൽ 'സുലൈമാൻ ഇച്ച'യെന്നും ഇരട്ടപ്പേരുകളിൽ അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തു! പ്രതാപൈശ്വര്യങ്ങളുടെ മദ്ധ്യാഹ്നസൂര്യൻ കത്തിയെരിഞ്ഞ നാളുകളായിരുന്നു അത്! എന്നാൽ, ആ സന്ദർഭത്തിൽ സമുന്നതമായ മറ്റൊരു വഴിത്താരയിലേക്കുള്ള നിയോഗം അദ്ദേഹത്തെ കാത്തിരിക്കുന്നുണ്ടായിരുന്നു!

ക്കിക്കൊണ്ട് കേരളത്തിലെ ഒന്നാമത്തെ അഹ്മദിയ്യാ അമീറായിത്തീരുകയും ചെയ്തു!

'കുമ്പള' റയിൽവേ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ കയറിയ അമീറലി സാഹിബ് കോഴിക്കോടുവരെ അഹ്മദിയ്യാ സാഹിത്യങ്ങൾ വിതരണം ചെയ്തതും പ്രചാരണം നടത്തിയതും അമീറിന്റെ ഉന്നതമായ സ്ഥാനത്തിരിക്കുമ്പോഴാണെന്ന് വിസ്മയത്തോടെ എന്റെ സുഹൃത്ത് ഇപ്പോഴും ഓർക്കുന്നു! അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ എളിമത്തത്തിന്റെ ഒരു പ്രതീകമാണവിടെ പ്രത്യക്ഷപ്പെട്ടത്!

ഒരു പ്രസ്ഥാനത്തിന്റെ ഉത്തുംഗപീഠത്തിലിരുന്നപ്പോഴും നിശ്ശബ്ദസേവകനായ പ്രചാരകനായി, കാലം മായ്ക്കാത്ത ചിത്രമായി സുഹൃത്തിന്റെ മനസ്സിൽ അതിപ്പോഴും അവശേഷിക്കുന്നു.

മൂന്നാംഖലീഫ ഹസ്റത്ത് മീർസാ നാസിർ അഹ്മദ് സാഹിബ് ഒരു തലപ്പാവ് ഉപഹാരമായിക്കൊടുത്തയച്ചു! പിന്നീടൊരിക്കൽ അമീറലി സാഹിബ് അഹ്മദിയ്യാ കേന്ദ്രമായ 'റബ്വ' സന്ദർശിച്ചപ്പോഴും ഖലീഫാ തിരുമനസ്സ് മൂന്നാമൻ കേരളത്തിലെ ഈ തീർത്ഥാടകന് മറ്റൊരു തലപ്പാവുകൂടി സമ്മാനിക്കുകയുണ്ടായി! കോഴിക്കോട് ദാറുസ്സലാമിൽ സംഘടിപ്പിക്കപ്പെട്ട ഒരു യോഗത്തിൽ ആ തലപ്പാവ് ധരിച്ചുകൊണ്ട് അദ്ദേഹം പ്രത്യക്ഷപ്പെട്ട ചിത്രം എന്റെ ഓർമ്മകളിൽ ഇപ്പോഴും തുടിച്ചു നിൽക്കുന്നു!

കേരള അഹ്മദിയ്യാ സെൻട്രൽ കമ്മിറ്റിയുടെ ആദ്യത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അമീറലി സാഹിബ് ദീർഘകാലം ആ പദവിയിൽ തുടരുകയും, ഒടുവിൽ സ്വന്തം പേരിൽ നേരത്തെ മുദ്രണം ചെയ്യപ്പെട്ട 'അമീർ' എന്ന വാക്കിനെ അർത്ഥ സമ്പൂർണ്ണമാ

പിന്നേയും മാറ്റങ്ങളുടെ കാറ്റ് വീശിയപ്പോൾ ഒരു ആത്മീയ പ്രസ്ഥാനത്തിലേക്ക് ചേക്കേറിയ ആ രാജ കുടുംബാംഗം 'അമീറലി' എന്ന പേരാണ് സ്വീകരിച്ചത്! ഒടുവിൽ 'സിദ്ധീഖ് അമീറലി സാഹിബ്' എന്ന പ്രൗഢഗംഭീരമായ നാമധേയത്തിൽ നമ്മളദ്ദേഹത്തെ അറിയുന്നു!

അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച കാലം മുതൽ ധനപരമായ ത്യാഗത്തിൽ അസാധാരണമായ ആവേശം കാണിച്ച അദ്ദേഹത്തിന്റെ അർപ്പണബോധം ശ്ളാഘനീയമാണ്! കാലപ്രവാഹത്തിലെ മറ്റൊരു സിദ്ദീഖിനെപ്പോലെ തനിക്കുള്ളതെല്ലാം ദാനം നൽകാൻ ആ വലിയ മനസ്സ് എപ്പോഴും സന്നദ്ധമായിരുന്നു!

സാത്വികതയുടേയും സമർപ്പണത്തിന്റേയും ഉദാത്ത മാതൃകയായിരുന്ന സിദ്ധീഖ് അമീറലി സാഹിബിന് അഹ്മദിയ്യാ ജമാഅത്തിന്റെ മഹാനായ

---

*(8-ാം പേജിൽ നിന്ന് )*

കൃത്യമായും കണിശമായും ഹൃദിസ്ഥമാക്കുവാൻ കഴിയുന്നു." (Glorious Quran : P 380)

ചുരുക്കത്തിൽ എല്ലാ അറബിയേതര ഭാഷകളിലും അപൂർണ്ണതയും സങ്കീർണ്ണതയും നിലനിൽക്കുന്നുവെന്നതു ഒരു പരമാർത്ഥം മാത്രമാണ്. അറബി ഭാഷയിലൂടെയുള്ള സമാനശബ്ദപദങ്ങളുടെ വിഗ്രഹണം ഭാഷകളുടെ ഉറവിടം അറബിയാണെന്നു തെളിയിക്കുന്നു. പദനിഷ്പത്തി ശാസ്ത്രജ്ഞന്മാർക്ക് പ്രഹേളികയായി ചൂണ്ടിക്കാണിക്കപ്പെട്ട സമാനശബ്ദരൂപങ്ങളുടെ വ്യുൽപത്തിക്ക് പരിഹാരം കാണാൻ സംസ്കൃതമോ മറ്റു ഭാഷകളോ പര്യാപ്തമല്ലെന്ന് ചൂണ്ടിക്കാണിച്ചുവല്ലോ. ഉപര്യുക്തമായ സമാനശബ്ദരൂപങ്ങളിലേക്കുള്ള ഒരു സംഗ്രഹവീക്ഷണം അവ വിരോധാഭാസവും വികലവും ഭിന്നാത്മകവുമാണെന്ന് കാണിക്കുന്നു. ഈ പദങ്ങളിലെ സ്വയം വൈരുദ്ധ്യങ്ങളെ അറബിഭാഷ നൽകിയിട്ടുള്ള മാതൃകകൾ മുഖേന വിശദീകരിക്കുകയും ചെയ്തിരിക്കുന്നു.

താഴെക്കൊടുത്തിട്ടുള്ള ഹസ്റത്ത് അഹ്മദുൽഖാദിയാനി (അ)ന്റെ ഇതു സംബന്ധമായ പരാമർശം സമാന ശബ്ദരൂപങ്ങളെക്കുറിച്ച് പ്രത്യേകിച്ചും ശ്രദ്ധേയവും പഠനാർഹവും ഹഠാദാകർഷകവുമത്രെ:

"ഭാഷകൾ യഥാർത്ഥ മാർഗ്ഗരേഖകൾ കൈവെടിയുകയും വികലമായിത്തീരുകയും ചെയ്തു. പനവൃക്ഷം കൽപവൃക്ഷവും മാണിക്യം ചരൽക്കല്ലും വിവാഹസദ്യ ചാവടിയന്തിരവും തേർക്കുതിര കഴുതയും, മലർവാടി മണലാരണ്യവുമായി പ്രതിസ്ഥാപനം ചെയ്യപ്പെടുന്നതുവരെ ഈ പ്രക്രിയ തുടർന്നു. വാഗ്മിതയുടെ ആസ്ഥാനം ഉള്ളംകൈ പോലെ ശൂന്യമായി. സന്തോഷവും പ്രസന്നതയും അവരിൽനിന്ന് ദൂരപ്പെട്ടു. ഒപ്പം പൂന്തോട്ടങ്ങളും ഉറവകളും പുൽമേടുകളും അതിന്റെ തനിമയും ദുരന്തങ്ങൾ ഇടവിടാതെ ഭാഷയുടെ മേൽ വർഷിച്ചു. അത്യാഹിതങ്ങൾ അവരെ തകർത്തുകളഞ്ഞു. കമ്പോളത്തിലെ മാന്ദ്യം അവരുടെ വിൽപനച്ചരക്കുകളെ മലീമസമാക്കി. അവയുടെ ഗുണമേന്മ നഷ്ടപ്പെട്ടു. അവരുടെ ഭവനം കവർച്ച ചെയ്യപ്പെട്ട ഒരിടമായിത്തീരുവോളം ഈ ക്രമരാഹിത്യം തുടർന്നുപോയി" (മിനനുർറഹ്മാൻ).

സമാന ശബ്ദങ്ങളെക്കുറിച്ചുള്ള സമഗ്രവും അഗാധവുമായ പഠനം ഉപരിനിരീക്ഷണം നിസ്സംശയം സത്യമാണെന്നു തെളിയിക്കുന്നതാണ്.

യഥാസ്ഥിതം അറബിഭാഷയിലൂടെയുള്ള വിഗ്രഹണം മറ്റുഭാഷകൾക്കു നേരെയുള്ള ഒരു നിതാന്തവെല്ലുവിളി കൂടിയാണ്.

ചുരുക്കത്തിൽ, സമാനശബ്ദപദങ്ങളി മൂലപദങ്ങൾ കണ്ടെത്താനുള്ള പദവ്യുൽപത്തി ശാസ്ത്രജ്ഞരുടെ അന്വേഷണശ്രമം കുറിക്കുകൊള്ളുകതന്നെ ചെയ്തിരിക്കുന്നു. അവർ അതിൽ വിജയിക്കുകയും ചെയ്തിരിക്കുന്നു. സമാനശബ്ദപദത്തിലെ ഘടകഭാഗങ്ങൾക്കൊണ്ടുതന്നെ അതിലെ ഭിന്നാത്മക അർത്ഥപദങ്ങൾ വിശദീകരിക്കപ്പെട്ടിരിക്കുന്നു. അവർക്കിതു സമ്പൂർണ്ണസന്തോഷത്തിനും സംതൃപ്തിക്കും കാരണമായിഭവിക്കുകയും ചെയ്തിരിക്കുന്നു.

"അറബിഭാഷക്കുള്ളതത്രെ സർവ്വസ്തുതിയും ബഹുമാനവും" ■

# യേശുവിന്റെ ഖബറും ക്രിസ്ത്യാനികളുടെ പ്രതികരണങ്ങളും

മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ്

## ഈസാനബി (അ) അഥവാ യേശുവിന്റെ മരണവും ഇസ്‌ലാമിന്റെ വിജയവുമായുള്ള ബന്ധത്തെക്കുറിച്ച്

നബി നായകർ (സ) ഏതൊരു വിശ്വാസത്തിലേക്ക് ക്ഷണിച്ചുവോ അതേ വിശ്വാസത്തിലേക്ക് തന്നെയാണ് മഹ്ദിയും അവരെ ക്ഷണിക്കുക. (ബിഹാറുൽ അൻവാർ വാല്യം 13 പേജ് 179 -80 ഇറാനിൽ പ്രിന്റ് ചെയ്തത്).

യാഥാർത്ഥ്യത്തിന്റെ മുഖംമൂടി ചിര പ്രതീക്ഷിതനായ മഹ്ദി അനാവരണം ചെയ്യുകയും ഇസ്‌ലാമിന് ഒരു പുതുജീവൻ നൽകുകയും ചെയ്യുമെന്ന് ചില പഴയ ഹദീസുകളിൽ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. മതത്തോട് കൂട്ടിച്ചേർക്കപ്പെട്ട അന്യമായ കാര്യങ്ങൾ വിലയില്ലാത്തതും ദ്രോഹകരവുമാണെന്ന് തെളിയിക്കപ്പെടും. ഇവകൾ ഇത്തരത്തിൽ നീക്കം ചെയ്യപ്പെടുമ്പോൾ മഹ്ദി ഒരു പുതിയ മതവും പുതിയ ഗ്രന്ഥവും കൊണ്ടുവന്നിരിക്കുന്നുവെന്ന് ജനങ്ങൾ വിചാരിക്കും. (പേർഷ്യൻഭാഷയിലെഴുതിയ 'കിത്താബുൽ മഹ്ദി' സെയ്ത് സദറുദ്ദീൻ സദർ സമാഹരിച്ചത് പേജ് 229. ഇറാനിൽ അച്ചടിച്ചത്).

ഈ പ്രവചനത്തിന്റെ പൂർത്തീകരണമായ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ മുസ്‌ലിംകളെ പൊതുവിൽ അഭിസംബോധന ചെയ്തുകൊണ്ടിപ്രകാരം പറഞ്ഞു: യേശുവിന്റെ മരണം സ്ഥാപിക്കപ്പെടാതെ കുരിശുമതം നശിക്കയില്ലെന്ന് നല്ലപോലെ ഓർത്തുകൊൾവിൻ. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിനെതിരായി യേശു ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസംകൊണ്ട് നമുക്കെന്തു നേട്ടം? ഇസ്‌ലാം ജീവിക്കാൻവേണ്ടി അദ്ദേഹത്തെ മരിക്കാൻ അനുവദിക്കുക. (കശ്തീനൂഹ് പേജ് 15)

ഖാദിയാനിലെ വാർഷിക സമ്മേളനത്തിൽ ആ മഹാത്മാവ് പറഞ്ഞത് എത്ര ശരിയാണ്! ഇസ്‌ലാമിന്റെ പുനരുദ്ധാരണവും ക്രിസ്തുവിന്റെ മരണവും പരസ്പരം ബന്ധിതമാണ്. യേശു ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം ഇസ്‌ലാമിനേൽപ്പിച്ചിരിക്കുന്ന ക്ഷതം കണക്കറ്റതാണ്. ഇസ്‌ലാമിന്റെ ആദ്യകാലത്ത് ഈ വിശ്വാസം തെറ്റാണെന്ന് തന്നെ കരുതപ്പെട്ടിരുന്നു. എന്നാൽ ഈ അബദ്ധം ഇപ്പോൾ ഭീകരനായ ഒരു കഴുകനെപ്പോലെ ഇസ്‌ലാമിനെ വിഴുങ്ങാൻ തന്നെ തയ്യാറായി നിൽക്കുകയാണ്. ഇസ്‌ലാം ഇപ്പോൾ പതിതാവസ്ഥയിലാണ്. എന്നാൽ ക്രിസ്തുമതമാകട്ടെ മസീഹ് ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന മാരകമായ ഒരേയൊരു ആയുധംകൊണ്ട് ആക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. മുസ്‌ലിം തലമുറകൾ ക്രിസ്ത്യാനികളുടെ ഈ ആയുധത്തിനിരയായിരിക്കുന്നു. അതിനാൽ അല്ലാഹു മുസ്‌ലിംകളെ താക്കീതുചെയ്യാൻ ആഗ്രഹിച്ചു. (മൽഫൂസാത്ത് വാല്യം 10 പേജ് 336-37, 345)

വീണ്ടും വാഗ്ദത്ത മസീഹ് പറഞ്ഞു: ഇപ്പോൾ യേശുവിന്റെ മരണം ഇസ്‌ലാമിന് നിർണ്ണായകമാണ്. മൂസായുടെ ഈസാക്ക് പകരം ഇനി മുഹമ്മദിന്റെ ഈസാ വരട്ടെ. ഇതിലാണ് ഇസ്‌ലാമിന്റെ അന്തസ്സ് നിലകൊള്ളുന്നത്. (മൽഫൂസാത്ത് വാല്യം 10 പേജ് 498)

### എല്ലാ മുസ്‌ലിംകളോടും വാഗ്ദത്ത മസീഹിന്റെ പ്രധാനപ്പെട്ട ഉപദേശം

ഈസാനബി ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസത്തെക്കുറിച്ച് വാഗ്ദത്ത മസീഹ് ഇത്രയധികം അപഗ്രഥിക്കുകയും ഈ മാരകമായ വിശ്വാസം മുഖേനയുണ്ടാകുന്ന ദോഷങ്ങളെയും തിന്മകളേയും വളരെയധികം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമിനെ അതിന്റെ പതിതാവസ്ഥയിൽ നിന്നുയർത്തി അതിന് മേൽക്കോയ്മ നൽകി അതിനെ പ്രചരിപ്പിക്കാൻ ഏറ്റവും നല്ല മാർഗ്ഗമാണ് യേശുവിന്റെ മരണം. അദ്ദേഹം മുസ്‌ലിംകളെ ഇപ്രകാരം ഉപദേശിച്ചു:

അല്ലയോ, സ്നേഹിതരേ, എന്റെ അവസാനത്തെ ഉപദേശം ചെവിക്കൊൾവിൻ, ഞാൻ മഹത്തായ ഒരു രഹസ്യം പറഞ്ഞുതരാം. അത് നിങ്ങൾ ഹൃത്തടങ്ങളിൽ സൂക്ഷിക്കുവിൻ. ക്രിസ്തീയരുമായുള്ള നിങ്ങളുടെ സംഭാഷണങ്ങളിൽ നിങ്ങളുടെ സമീപനരീതിയിൽ മാറ്റം വരുത്തുവിൻ. മറിയമിന്റെ പുത്രനായ യേശു എന്നെന്നേക്കുമായി മരിച്ചുപോയിരിക്കുന്നു എന്ന് ക്രിസ്ത്യാനികളെ ബോധ്യപ്പെടുത്തുവിൻ. ക്രിസ്ത്യാനികൾക്കെതിരിൽ നിങ്ങൾ സ്വീകരിക്കേണ്ട വാദഗതി ഇതാണ്. രംഗത്ത് നിന്ന് മാറിക്കളയാൻ ഇതവരെ പ്രേരിതരാക്കും. ദീർഘമായ തർക്കങ്ങൾ മുഖേന നിങ്ങളുടെ വില

യേറിയ സമയം വ്യർത്ഥമാക്കേണ്ടതില്ല. യേശുവിന്റെ മരണത്തിൽ ഊന്നിക്കൊണ്ട് അവരെ പരാജയപ്പെടുത്തുക. ക്രിസ്തു മരിച്ചുപോയതായി ക്രിസ്ത്യാനികളെ ബോദ്ധ്യപ്പെടുത്തുന്നതിൽ നിങ്ങൾ വിജയിച്ചാൽ ക്രിസ്തുമതത്തെ ഭൂമുഖത്തുനിന്നും നിഷ്കാസനം ചെയ്യുന്നതിൽ നിങ്ങൾക്ക് വിജയം വരിക്കാൻ സാധിക്കും. അവരുടെ ദൈവം മരിക്കാത്തിടത്തോളം കാലം അവരുടെ വിശ്വാസത്തെ വിപാടനം ചെയ്യാൻ സാധ്യമല്ല എന്ന വസ്തുത നിങ്ങളുടെ ഹൃദയങ്ങളിൽ കൊത്തിവെക്കുവിൻ. അവരുമായുള്ള മറ്റു വാദങ്ങൾക്കൊണ്ടൊന്നും ഒരു നേട്ടവുമുണ്ടാവുന്നില്ല. അവരുടെ മതത്തിന് ഒരു സ്തംഭം മാത്രമാണുള്ളത്. അത് മറിയമിന്റെ പുത്രനായ യേശു ജീവനോടെ ആകാശത്തിരിക്കുന്നുവെന്നതാണ്. ഈ സ്തംഭം തകർക്കുക. പിന്നീട് കണ്ണുയർത്തിനോക്കുക. ക്രിസ്തുമതം എവിടേക്കാണ് പോയത് എന്ന്. ഈ സ്തംഭം തകർത്തുകളയാൻ ദൈവം ഇപ്പോൾ ഇച്ഛിക്കുന്നു. എന്നിട്ട് ദൈവത്തിന്റെ ഏകത്വമാകുന്ന മന്ദമാരുതൻ യൂറോപ്പിന്റെയും ഏഷ്യയുടെയും മേൽ വീശാൻ ദൈവമിച്ഛിക്കുന്നു. അതിന്നാണ് ദൈവം എന്നെ അയച്ചിരിക്കുന്നത്. അവന്റെ പ്രത്യേകമായ വെളിപാട് മുഖേന എന്നെ അറിയിച്ചിരിക്കുന്നു, മർറിയമിന്റെ പുത്രനായ യേശു മരിച്ചുപോയിരിക്കുന്നുവെന്ന്. ദൈവത്തിന്റെ വാഗ്ദാനപ്രകാരം യേശുവിന്റെ ആത്മാവുംകൊണ്ട് ഞാൻ വന്നിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനം എപ്പോഴും പൂർത്തിയാവുന്നു. (ഇസാലയെ ഔഹാം പേജ് 560-2 ആദ്യപതിപ്പ്-1891)

## യേശുവിന്റെ ഖബറിനെ സംബന്ധിച്ച അതുല്യമായ ഗവേഷണം - ഇസ്ലാമിന്റെ വിജയവുമായി അതിന്നുള്ള ബന്ധം

യേശുവിന്റെ കശ്മീരിലേക്കുള്ള യാത്രയെസ്സംബന്ധിച്ചും കശ്മീരിൽ അദ്ദേഹത്തിന്റെ ഖബർ ഇന്നും കാണാം എന്നതിനെസ്സംബന്ധിച്ചും വാഗ്ദത്ത മസീഹ് നടത്തിയ പ്രഖ്യാപനം ക്രിസ്തീയലോകത്തെ നടുക്കിക്കള

**ബുഖാരി വ്യാഖ്യാതാവായ അല്ലാമാ ബദറുദ്ദീൻ ദൈവിക പ്രചോദനത്താൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് കുരിശുടക്കും എന്നതിന്റെ അർത്ഥം ക്രിസ്തീയ വിശ്വാസത്തിന്റെ പൊള്ളത്തരം വാഗ്ദത്ത മസീഹ് തുറന്നുകാണിക്കും എന്ന് തന്നെയാണ്**

ഞ്ഞു. തന്റെ പ്രഖ്യാപനത്തെ സമർത്ഥിക്കാൻ അദ്ദേഹം വിശുദ്ധഖുർആനിൽനിന്നും നബിതിരുമേനി (സ)യുടെ ഹദീസുകളിൽനിന്നും പുരാതന കഥകളിൽ നിന്നും ഹിന്ദുക്കളുടെയും ബൗദ്ധരുടേയും രേഖകളിൽ നിന്നും തെളിവുകൾ ഹാജരാക്കുകയും ചെയ്തു. ഈ പ്രഖ്യാപനം ഇസ്ലാമിന്റെ ശത്രുക്കളെ നിരുദ്ധകണ്ഠരാക്കി. ഈ അതുല്യമായ ഗവേഷണം വിശുദ്ധഖുർആന്റെ സത്യതക്കുള്ള ശ്രേഷ്ഠമായ തെളിവാണ്. വിശുദ്ധ ഖുർആൻ പറയുന്നു: "ഗ്രന്ഥാനുസാരികൾ ആരും തന്നെ തന്റെ മരണത്തിന് മുമ്പായി അതിൽ വിശ്വസിക്കാത്തവരായിട്ടില്ലാതെയില്ല. പുനരുത്ഥാനനാളിൽ അദ്ദേഹം അവർക്കെതിരിൽ സാക്ഷിയായിരിക്കും." (4:160)

ബുഖാരി വ്യാഖ്യാതാവായ അല്ലാമാ ബദറുദ്ദീൻ ദൈവിക പ്രചോദനത്താൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് കുരിശുടക്കും എന്നതിന്റെ അർത്ഥം ക്രിസ്തീയ വിശ്വാസത്തിന്റെ പൊള്ളത്തരം വാഗ്ദത്ത മസീഹ് തുറന്നുകാണിക്കും എന്ന് തന്നെയാണ്. (ആയിനെ ശറഅ്), ബുഖാരി വാല്യം 5 പേജ് 554) ഈ വീക്ഷണത്തിൽ നാം ഈ ആയത്തിന്റെ പശ്ചാത്തലം പരിഗണിക്കുകയാണെങ്കിൽ അത്ഭുതകരമായ ഒരു പ്രവചനത്തിന്റെ രൂപം നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടും. യഥാർത്ഥ വസ്തുതകളും ചരിത്രപരമായ തെളിവുകളും നാം പരിശോധിച്ചാൽ യേശുവിനെ സ്സംബന്ധിച്ച പഴയ ആശയങ്ങളുടെ അവ്യക്തത നമ്മുടെ കൺമുമ്പിൽ പ്രകടമാവാൻ തുടങ്ങും. അഹ്ലുകിത്താബിലെ ബുദ്ധിമാന്മാരായ പണ്ഡിതന്മാർ ഏകദൈവത്തിൽ വിശ്വസിക്കുകയും അവന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുകയും അവയുടെ അധ്യാപനങ്ങളെ പിന്തുടരുകയും ചെയ്യുന്നു. ഒടുവിൽ വിശുദ്ധഖുർആന് അടിയറവ് പറയുകയും നബിതിരുമേനിയെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യും. അങ്ങനെ ആദ്യത്തിൽ മദീനയിലെ സത്യസ്നേഹികളായ മനുഷ്യരുടെ ഹൃദയങ്ങളെ കീഴടക്കിയതുപോലെ ചരിത്രം ആവർത്തിക്കും. അതേപ്രകാരം പടിഞ്ഞാറിലേയും കിഴക്കിലേയും ജനഹൃദയങ്ങൾ നബിതിരുമേനിയെ സ്വീകരിക്കും. അങ്ങനെ പത്തു ദശാബ്ദങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹ് പ്രഖ്യാപിച്ച സത്യം മുഖേന കിഴക്കും പടിഞ്ഞാറുമുള്ള ജനങ്ങൾക്ക് ഇസ്ലാമിലേക്കുള്ള പ്രവേശന കവാടം തുറന്നിടപ്പെടുമാറുള്ള കണ്ടുപിടിത്തം മുഖേനയാണിത് നടക്കുക. അദ്ദേഹം പറഞ്ഞു: യേശുവിന്റെ കല്ലറ ശ്രീനഗറിലെ ഖാൻയാർത്തെരുവിൽ ഉള്ളതായി തീർച്ചയായും തെളിയിക്കപ്പെട്ടിരിക്കുന്നു.

## യേശുവിന്റെ കല്ലറ കണ്ടെത്തിയ ശേഷം ആദ്യമായുണ്ടായ പ്രതികരണങ്ങൾ:

"ക്രിസ്തീയ പാതിരിമാരും മുസ്ലിം പണ്ഡിതന്മാരിൽ അവരെ അനുകൂലിച്ചിരുന്നവരും കൈകോർത്തുപിടിച്ച് വാഗ്ദത്ത മസീഹിൽ രാജ്യദ്രോഹക്കുറ്റമാരോപിക്കുകയും ബ്രിട്ടീഷ് ഭരണകൂടത്തിൽ അദ്ദേഹത്തിനെതിരിൽ പ്രേരണ ചെലുത്തുകയുമാണുണ്ടായത്. (തൌസീനുൽ അഖ്‌വാൽ പേജ് 40. by പാദ്രി ഇമാദുദ്ദീൻ). അഹ്ലെ ഹദീസിന്റെ വക്താവായ മൗലവി മുഹമ്മദ് ഹുസ്സ

*(ശേഷം പേജ് 34)*

കവിത

# ഉമ്മുൽ കിത്താബ്

ഇബ്നുമൊഹിയുദ്ദീൻ കോഴിക്കോട്

ഒരു സത്യഗ്രന്ഥം പരിശുദ്ധഗ്രന്ഥം
അല്ലാഹുവിന്റെ പരിപൂർണ്ണഗ്രന്ഥം
ലോകത്തിന്നാകെ സന്മാർഗ്ഗമേകും
ലോകൈക നാഥന്റെ ഉപദേശഗ്രന്ഥം

ജിബ്‌രീൽ എന്ന ദൂതനിലൂടെ
മാനവ സമുദായം നേർമാർഗ്ഗമാകാൻ
പുണ്യറസൂലിന്ന് അവതരിപ്പിച്ച
പരിശുദ്ധജ്ഞാനങ്ങളല്ലോ നിൻഗ്രന്ഥം

ബിസ്മില്ലായിൻ ‘ബാ’യിൽ തുടങ്ങും
വന്നാസിന്റെ ‘സീ’നിൽ ഒടുങ്ങും
പാരായണത്തിൻ പരിണാമത്താൽ
മനഃശാന്തി നല്കീടും വചനമീഗ്രന്ഥം

ഫാത്തിഹാ സൂക്തത്തിൽ അടങ്ങുന്ന ജ്ഞാനം
ആത്മീയചൈതന്യമേകുന്ന വചനം
ഗൈറിൽ മഗ്ളൂബി കൂട്ടരിൽ നിന്നും
വിദൂരപ്പെടുത്തുന്ന ദൈവികഗ്രന്ഥം

സർവ്വസ്തുതിയും നിനക്കല്ലോ നാഥാ നീ
സർവ്വലോകത്തിൻ രക്ഷിതാവല്ലോ
സർവ്വാധിനാഥാ നിൻ കാരുണ്യസാരം
സർവതും അഭയത്തിലാക്കുന്ന ഗ്രന്ഥം

നീയെല്ലാതൊരിലാഹുമില്ല
നിനക്കോ ജനനവും മരണവുമില്ല
നീയാണെല്ലാം അൽഹംദുലില്ലാ
നന്മകൾ മാത്രം പഠിപ്പിച്ച ഗ്രന്ഥം

ഭാവനപോലും അറിയുന്നവനേ
ഭാവുകങ്ങൾ നേർന്ന് രക്ഷിക്കുന്നോനേ
ഭാവീസുഖം സംതൃപ്തിയേകുമീ
ഭവിഷ്യത്ത് സൗഖ്യത്തിലാക്കുന്ന ഗ്രന്ഥം

പാപത്തിൻ വഴികൾ ത്യജിപ്പിച്ച്കൊണ്ട്
പരിശുദ്ധമാർഗ്ഗത്തിൽ ചലിപ്പിച്ചുകൊണ്ട്
പതിനൊന്നു കൽപ്പനകൾ പഠിപ്പിച്ചുകൊണ്ട്
പരലോക സംതൃപ്തി നൽകുന്ന ഗ്രന്ഥം

ഈസാമസീഹിനെ കാത്തിരിക്കുന്നു
ഇസ്‌ലാമിന്റെ കക്ഷികളെല്ലാം
ഇല്ലാമില്ലത്തൻ വാഹിദയാക്കി
ഈ ജന്മം സാഫല്യമാക്കുന്ന ഗ്രന്ഥം.

മഹദിയാം തങ്ങൾ ആഗതനായി
മുത്തുറസൂലിന്റെ ദൗത്യവുമായി
ഉമ്മുൽ കിത്താബിന്റെ സത്തയുമായി
ഉടയോൻ നൽകിയ ദൃഷ്ടാന്തഗ്രന്ഥം

## കച്ചവടത്തിലെ കളവും സമൃദ്ധിയും

വാങ്ങുന്നവനും വിൽക്കുന്നവനും കച്ചവടസ്ഥലത്തു നിന്ന് വേർപിരിയും വരേക്കും ആ കച്ചവടം ദുർബ്ബലപ്പെടുത്താനവകാശമുണ്ട്. അവർ രണ്ടുപേരും സത്യം തുറന്നുപറയുകയും വസ്തുതകൾ വിശദീകരിക്കുകയും ചെയ്യുന്നപക്ഷം അവരുടെ ഇടപാടിന് ബറക്കത്ത് ഉണ്ടാകും. അവർ രണ്ടുപേരും ചരക്കിന്റെ കേടുപാടുകൾ മറച്ചുവെക്കുകയും കള്ളം പറയുകയും ചെയ്താലോ, അവരുടെ കച്ചവടത്തിലെ ബറക്കത്ത് നഷ്ടപ്പെട്ടു. *(സഹീഹ് ബുഖാരി)*

## പാവങ്ങളും ദൈവസഹായവും

നിങ്ങളിൽ നിന്നുള്ള അവശരും പാവപ്പെട്ടവരുമായ ആളുകൾ കാരണമായിട്ടല്ലാതെ നിങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്നു സഹായവും ആഹാരവും ലഭിക്കുന്നില്ല *(സഹീഹ് ബുഖാരി)*

'ഖാദിയാനിസത്തിനെതിരെ 96 രേഖകൾ'
വിമർശനത്തിന് മറുപടി (9) (അവസാനഭാഗം)

# ബുദ്ധിശൂന്യനായ ഇശാഅത്ത്കാരനും ഈസാനബിയുടെ ശൂന്യാകാശവാസവും

മുഹമ്മദ് ഉമർ എച്ച്. ഏ.

## അന്ധവിശ്വാസത്തിന്റേയും, വിഢ്ഢിത്ത്വത്തിന്റേയും മുഴുവൻ അപഹാസ്യതയും ഒരു കിരീടംപോലെ തലയിലണിഞ്ഞ് ഇശാഅത്തുകാരൻ നടത്തുന്ന വിമർശനങ്ങൾക്ക് നമോവാകം

"മനുഷ്യന്നു ചന്ദ്രനിൽ പോകാൻ സാദ്ധ്യമല്ല" എന്ന ശീർഷകത്തിൽ അഹ്മദിയാ ജമാഅത്തിന്നെതിരെ സത്യനിഷേധിയായ ഇശാഅത്തുകാരൻ ഉന്നയിച്ചിരിക്കുന്ന 96 രേഖകളിൽ 27-ാമത്തെ രേഖയെന്നോണം ഹ: വാഗ്ദത്ത മസിഹിന്റെ 'ഇസാലയെ ഔഹാം' എന്ന ഗ്രന്ഥത്തിൽ നിന്നും ഒരുദ്ധരണി എടുത്തുകൊണ്ട് ആക്ഷേപിച്ചിരിക്കുകയാണ്. അതായത്

''ഈസാ (അ) ജഢിക ശരീരത്തോടെ ഉയർത്തപ്പെട്ടുവെന്നതിനെ ആക്ഷേപിച്ചുകൊണ്ട് മിർസാഗുലാം അഹ്മദുൽ ഖാദിയാനി എഴുതുന്നു."

"ഒരാക്ഷേപമിതാണ്. പുതിയതും പഴയതുമായ എല്ലാ തത്വശാസ്ത്രങ്ങളും മനുഷ്യന്നു തന്റെ മണ്ണിന്റെ ശരീരവുമായി കൊടുംതണുപ്പുള്ള പ്രദേശത്തുപോലും പോകാൻ പറ്റില്ലെന്ന കാര്യത്തിൽ യോജിക്കുന്നു. മാത്രവുമല്ല ചില ഉയരമുള്ള പർവ്വത ശിഖരങ്ങളിലെ വായുപോലും മനുഷ്യന്നു ജീവിച്ചിരിക്കാൻ ഉപയുക്തമല്ലെന്നു പുതിയ പ്രകൃതിപഠനഗവേഷണങ്ങൾ തെളിയിച്ചിരിക്കുന്നു. എന്നിരിക്കെ ഈ ശരീരവും ആയി ചന്ദ്രനിലോ സൂര്യനിലോ ചെന്നെത്താമെന്ന് പറയുന്നത് എന്തൊരസംബന്ധമാണ്. ആകാശങ്ങളെക്കുറിച്ചറിവുള്ളവർ അവയുടെ ചാക്രിക ചലനങ്ങളെക്കുറിച്ചും വാദിക്കുന്നവരാണ്. അതുകൊണ്ട് മസീഹ് തന്റെ ജഢിക ശരീരവും ആയി ആകാശത്തേക്ക് കയറിപ്പോയിട്ടുണ്ടെന്നു കരുതിയാലും അദ്ദേഹത്തിന്നു എപ്പോഴും മേൽഭാഗത്ത് തന്നെ നിൽക്കാനാവില്ല. ചിലപ്പോൾ മേൽഭാഗത്താണെങ്കിൽ മറ്റു ചിലപ്പോൾ ഭൂമിയുടെ കീഴ്ഭാഗത്തായിരിക്കും. എന്നിരിക്കെ അദ്ദേഹം മുകൾഭാഗത്തുനിന്നു വരുമെന്നു കരുതാൻ പറ്റില്ല. അദ്ദേഹം ഒരിടത്തു സ്ഥിരപ്രതിഷ്ഠ നൽകാത്തതുകൊണ്ടും ചിലപ്പോൾ ഭൂമിയുടെ താഴ്ഭാഗത്തുനിന്നു പുറപ്പെട്ടു കൂടായ്കയില്ല. രാവിലെ ആകാശത്തിന്റെ മേൽഭാഗത്താണെങ്കിൽ സന്ധ്യക്ക് ഭൂമിയുടെ താഴ്ഭാഗത്തായിരിക്കും. അദ്ദേഹത്തെ ഇങ്ങനെ ബുദ്ധിമുട്ടാക്കുന്നത് വല്ലാത്ത മര്യാദകേടാണ്. ഇസാലയെ ഔഹാം പേജ് 4, 7, 48)

വിമാനംപോലും കണ്ടുപിടിക്കാത്ത ഒരു കാലത്ത് (1891 ൽ) ആണ് മിർസാ ഖാദിയാനി ഈ വരികൾ കുറിച്ചത്. 1906 ൽ വിമാനം കണ്ടുപിടിച്ചശേഷം ബഹിരാകാശ യുഗത്തിലേക്കുള്ള ശാസ്ത്രത്തിന്റെ വളർച്ച റോക്കറ്റിന്റെ വേഗതയിലായിരുന്നു. 1969 ആയപ്പോഴേക്കും മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തുകയും മറ്റു ഗ്രഹങ്ങളിൽ പര്യവേഷണം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. ഇത് മുൻകൂട്ടി അറിയാൻ മിർസാ ഖാദിയാനിക്കോ അദ്ദേഹത്തെ നിയോഗിച്ചവർക്കോ ആയില്ല. അതാണ് ഇത്രവലിയ അസംബന്ധം എഴുതാൻ ഇടയായത്.

(ഖാദിയാനിസത്തിന്നെതിരെ പേജ് 81)

വിമാനംപോലും കണ്ടുപിടിക്കാത്ത ഒരുകാലത്ത് ആണ് വാഗ്ദത്ത മസിഹ് ഈ വരികൾ കുറിച്ചതെന്ന് ഇശാഅത്തുകാരൻ സമ്മതിച്ചുവല്ലോ. അപ്പോൾ ഈസാനബിയ്ക്ക് ഒരു വാഹനത്തിന്റെയോ റോക്കറ്റിന്റെയോ സഹായമില്ലാതെയാണ് ആകാശത്ത് കയറിപ്പറ്റിയതെന്നാണല്ലോ ഇയാൾ സമർത്ഥിക്കുന്നത്. എന്നാൽ വെറും ഒരു മനുഷ്യനായ ഈസാനബി അപ്രകാരം ബഹിരാകാശത്തു ഒരു സംവിധാനത്തിന്റെയും ആവശ്യമില്ലാതെ പറന്നുയരുവാൻ സാധ്യമാണോ? 1969ൽ ചന്ദ്രനിൽ കാലുകുത്തിയ മനുഷ്യൻ ഈ ഭൂമിയുടെ അന്തരീക്ഷവും കൊണ്ടാണ് പോയതെന്ന സാമാന്യജ്ഞാനവും കൂടി നമ്മുടെ ഇശാഅത്തുകാരനില്ലാതെപോയല്ലോ.

യാതൊരു രക്ഷോപാധികളുമില്ലാതെ ഈസാനബി മലക്കുകളുടെ കയ്യും പിടിച്ച് മാനത്തേക്ക് പോയെന്ന് ഉറച്ചുവിശ്വസിക്കുകയും അതേ ശ്വാസത്തിൽ ശാസ്ത്രം പറയുകയും ചെയ്യുന്ന അല്പജ്ഞനായ ഈ ഇശാഅത്ത്

പണ്ഡിതനെ വള്ളി ട്രൗസറുമിടുവിച്ച് ശാസ്ത്രത്തിന്റെ ബാലപാഠം പഠിക്കാൻ പള്ളിക്കൂടത്തിലിരുത്തുകയാണ് വേണ്ടത്. ഗഗനചാരികൾ കോടിക്കണക്കിന് വിലവരുന്നതും ബഹിരാകാശ ശാസ്ത്രം ഭൂമിയിലെ ആവാസ വ്യവസ്ഥക്കനുയോജ്യമായ രീതിയിൽ സംവിധാനം ചെയ്തതുമായ സ്പെയ്സ് സ്യൂട്ട് അണിഞ്ഞുകൊണ്ടാണ് ബഹിരാകാശയാത്രകൾ നടത്താറ്. ആകർഷണ ശക്തിയും (gravitation) പ്രാണവായുവുമില്ലാത്ത ചന്ദ്രനിൽ ഒരു കൊച്ചു ഭൂമണ്ഡലം സൃഷ്ടിക്കുന്നതാണ് ഇങ്ങിനെയുള്ള സംവിധാനങ്ങൾ. മാത്രമല്ല മാരകമായ കോസ്മിക് രശ്മികളിൽനിന്നും മനുഷ്യശരീരത്തെ രക്ഷിക്കാനും സ്പെയ്സ് സ്യൂട്ട് അനിവാര്യമാണ്.

അന്ധവിശ്വാസത്തിന് അതിരുകളില്ലല്ലോ. ഈസാനബി യാതൊരു രക്ഷോപാധിയുമില്ലാതെ 2000 കൊല്ലമായി അപ്സരസുകളെപോലെ ആകാശത്തിരിക്കുകയാണെന്ന് വിശ്വസിക്കുന്ന ഇശാഅത്തുകാരന്റെ അന്ധവിശ്വാസം അയാളുടെ ശാസ്ത്രീയബോധത്തെയാകെ തകർത്തിരിക്കുന്നു. "ഈ ശരീരവുമായി ചന്ദ്രനിലോ സൂര്യനിലോ ചെന്നെത്താമെന്നു പറയുന്നത് അസംബന്ധമാണ്" എന്ന ഏറ്റവും ലളിതമായ ശാസ്ത്രീയ തത്വം പറഞ്ഞ ഹസ്റത്ത് അഹ്മദ് (അ)നെ ശാസ്ത്രത്തിൽ വള്ളിട്രൗസർ നിലവാരമുള്ള ഇശാഅത്തുകാരൻ പരിഹസിക്കുകയാണ്. "കഴുതപ്പുണ്ണിനു പൂഴിമരുന്ന്" എന്ന് കേട്ടിട്ടുണ്ട്. ഇശാഅത്തുകാരന്റെ ഇത്തരം വിവരക്കേടുകൾ നിറഞ്ഞ വിമർശനങ്ങൾക്ക് മറുപടി പറയുന്നതിന് പകരം ഒരു ചികിത്സാക്കുറിപ്പ് എഴുതിക്കൊടുക്കുകയാണ് ഭേദമെന്ന് തോന്നിപ്പോകുന്നു.

ബഹിരാകാശത്തേക്ക് മനുഷ്യന് കയറിപ്പോകാൻ സാധ്യമല്ല. ഈ വസ്തുത അല്ലാഹുതന്നെ വിശുദ്ധഖുർആനിൽ സൂചിപ്പിക്കുന്നതു നോക്കുക.

"അവൻ ദുർമാർഗ്ഗത്തിലാക്കാൻ ഉദ്ദേശിക്കുന്നവന്റെ ഹൃദയം പ്രയാസകരമാംവിധം സങ്കുചിതവും ഇടുങ്ങിയതുമാക്കിത്തീർക്കുന്നു. അവൻ ആകാശത്തിലേക്കു കയറിപ്പോകുംവണ്ണം" (6:126)

മനുഷ്യൻ ഭൂമിയിൽനിന്ന് ഉയർന്നുപോകുംതോറും അന്തരീക്ഷ മർദ്ദവും കുറഞ്ഞുകുറഞ്ഞുവരുന്നു. അതനുസരിച്ച് ദ്രാവകങ്ങളുടെ തിളച്ചുമറിയുന്ന അവസ്ഥയും (Boiling Point) കുറഞ്ഞുവരുന്നു. ഏകദേശം ആയിരം അടി ഉയരുമ്പോൾ തിളക്കുവാൻ ആവശ്യമായ താപത്തിൽ 1°C കുറയുന്നുണ്ട്. മനുഷ്യൻ സ്ഥൂലദേഹത്തോടെ ബഹിരാകാശത്തേക്ക് കയറിപ്പോകുമ്പോൾ മനുഷ്യശരീരത്തിന്റെ താപനിലയായ 37°C ൽ മനുഷ്യരക്തവും ശരീരദ്രാവകങ്ങളും തിളച്ചുമറിയുവാൻ തുടങ്ങുന്നതാണ്. ഈ അവസ്ഥയിൽ മനുഷ്യൻ മനുഷ്യനായി നിലകൊള്ളുമെന്നാണോ ഇശാഅത്തുകാരൻ കരുതുന്നത്. മാത്രമല്ല മനുഷ്യശരീരത്തിലെ മർദ്ദം അന്തരീക്ഷ മർദ്ദത്തേക്കാൾ കൂടിയ അവസ്ഥ സംജാതമാകുമ്പോൾ മനുഷ്യശരീരം ബലൂൺ ചീർത്തുപൊട്ടുന്നതുപോലെ പൊട്ടിച്ചിതറുകയും ചെയ്യും. ഈ പ്രകൃതിനിയമങ്ങളൊന്നും ഈസാനബിക്ക് ബാധകമല്ലെന്നാണോ ഇശാഅത്തുകാരൻ പറയുന്നത്? അല്ലാഹു ഖുർആൻ ശരീഫിൽ പറയുന്നു: നമ്മുടെ നടപടിക്രമത്തിന് ഒരു മാറ്റവും നീ കണ്ടെത്തുകയില്ല." (17:78) അതെ, താനുണ്ടാക്കിയ പ്രകൃതി നിയമങ്ങളെ അല്ലാഹു ഒരിക്കലും ഉല്ലംഘിക്കുകയില്ല. യാഥാർത്ഥ്യമിതായിരിക്കെ ഈസാനബി (അ)ക്ക് ബഹിരാകാശത്തു (അതെവിടെയാണെന്ന് ഇശാഅത്തുകാരൻ തന്നെ പറഞ്ഞുതരണം) എങ്ങനെ ജീവിക്കാൻ സാധിക്കും?

അല്ലാഹു വിശുദ്ധഖുർആനിൽ മനുഷ്യന്റെ ജീവിതത്തെയും വാസസ്ഥലത്തെയും ഭൂമിയുമായി ബന്ധിപ്പിച്ചാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹു അരുൾ ചെയ്യുന്നു. അല്ലയോ ആദം സന്തതികളെ! നിങ്ങൾക്ക് ഒരു നിശ്ചിതകാലം വരെ ഭൂമിയിൽത്തന്നെ ആവാസവും മറ്റു സുഖസംവിധാനങ്ങളും ഉണ്ട്. നിങ്ങൾ അതിൽ (ഭൂമിയിൽ)ത്തന്നെ ജീവിക്കുകയും അവിടെ വെച്ചുതന്നെ മരണപ്പെടുകയും അവിടെ നിന്നുതന്നെ മരണശേഷം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയും ചെയ്യുന്നതാണെന്ന് അവൻ (അല്ലാഹു) പറയുന്നു. (7:25,26)

പ്രസ്തുത ആയത്തുകളിൽ നിന്നും അല്ലാഹു മനുഷ്യന്റെ ജീവിതവും അവന്റെ ജീവസന്ധാരണത്തിന്നുള്ള എല്ലാ സംവിധാനങ്ങളും ഈ ഭൂമിയുമായിട്ടാണ് ഘടിപ്പിച്ചിരിക്കുന്നത് എന്നു മനസ്സിലാകുന്നു. ഈ ദൈവവചനങ്ങളുടെ വെളിച്ചത്തിൽ ഈസാനബി ഭൂമിയുമായി യാതൊരു സമ്പർക്കവും ഇല്ലാതെ ആകാശത്താണ് ജീവിച്ചുവരുന്നതെങ്കിൽ പിന്നെ അദ്ദേഹം ഒരു മനുഷ്യനല്ല, ക്രിസ്ത്യാനികളുടെ വിശ്വാസമനുസരിച്ച് ദൈവമോ ദൈവപുത്രനോ ആണെന്നു പറയേണ്ടിവരും. താൻ ഒരു മുസ്ലിമാണെന്നു പറഞ്ഞുകൊണ്ട് ഖുർആനികാദ്ധ്യാപനത്തിന്നെതിരായി ഈസാനബിക്ക് അമാനുഷികത്വം കല്പിക്കുന്ന ഇശാഅത്തുകാരൻ തന്റെ ഈ കപടവേഷം അഴിച്ചുവെച്ചു ക്രിസ്തീയ ചർച്ചിൽ ചെന്നു മാമോദീസ മുക്കി ക്രിസ്ത്യാനിയാവുന്നതാണ് ഭേദം. അവിടെ പണത്തിനും ക്ഷാമമുണ്ടാവില്ല. ഇശാഅത്തുകാരന്റെ ചിലവുകൾക്ക് കുവൈത്തിലെ യത്തിം ഫണ്ട് ദുരുപയോഗം ചെയ്യേണ്ടിവരികയുമില്ല.

ഒരു മനുഷ്യനെന്ന നിലയിൽ തനിക്ക് ആകാശത്തെവിടെയും കയറിപ്പോകാൻ സാധ്യമല്ലെന്നു പറയുവാൻ അല്ലാഹു ഹസ്റത്ത് റസൂൽ തിരുമേനിയോടു ആജ്ഞാപിക്കുന്നു. ശത്രുക്കൾ ഹസ്റത്ത് മുഹമ്മദ് നബി (സ)യോട് താങ്കൾ ആകാശത്തു കയറിച്ചെന്ന് ഞങ്ങൾക്ക് വായിക്കുവാൻ ഒരു ഗ്രന്ഥം കൊണ്ടുവന്നാലല്ലാതെ ഞങ്ങൾ വിശ്വസിക്കുന്നതല്ല എന്ന് പറഞ്ഞപ്പോൾ അല്ലാഹു നബിതിരുമേനിയോടു കല്പിക്കുന്നു. "നീ അവരോടു പറയുക എന്റെ നാഥൻ പരിശുദ്ധനാണ്. (അവർ താനുണ്ടാക്കിയ പ്രകൃതിനിയമത്തിൽ ഒരു വ്യതിയാനവും വരുത്തുന്നതല്ല) ഞാൻ ദൈവദൂതനായ ഒരു മനുഷ്യൻ മാത്രമാണ്. (17:94)

ഹസ്റത്ത് ഈസാനബിക്ക് നേരിടേണ്ടിവന്ന കുരിശുസംഭവത്തിന്നു ശേഷം അദ്ദേഹം എവിടെപ്പോയി എന്ന കാര്യവും വിശുദ്ധഖുർആൻ വിശദീകരിക്കുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ അരുൾ ചെയ്യുന്നു: "നാം ഈസാ

നബിയെയും അദ്ദേഹത്തിന്റെ മാതാവിനെയും ഒരടയാളമാക്കുകയും വാസയോഗ്യവും ജലാശയ നിർഭരവും ആയ ഒരുയർന്ന സ്ഥലത്ത്-പ്രകൃതിരമണീയമായ ഒരു കുന്നിൽ പ്രദേശത്ത് അവരിരുവർക്കും നാം അഭയം നൽകുകയും ചെയ്തു.” (23:51) ഈ ആയത്തിൽ നിന്നു വ്യക്തമാകുന്നത് ഈസാനബി കുരിശുസംഭവത്തിന്നു ശേഷം ആകാശത്തേക്കല്ല ഉയർന്നുപോയത് ഭൂമിയിൽത്തന്നെയുള്ള പ്രകൃതിരമണീയമായ ഒരു മലമ്പ്രദേശത്താണ് അഭയം പ്രാപിച്ചത് എന്നാണ്. ഈ ആയത്തിലെ ആവാ, റബ്വത്ത് ദാത്തു ഖറാർ, മഈൻ എന്നീ വാക്കുകളെല്ലാം ഈ യാഥാർത്ഥ്യത്തെ വിളിച്ചോതുന്നു. ആവാ, എന്ന വാക്കിന്ന് ദുർഘടസ്ഥിതിയിൽ നിന്നു മോചനം നൽകുക എന്നാണർത്ഥമെന്നു വിശുദ്ധഖുർആൻ 12:69,99–18:10,93:6, 8:26 എന്നീ ആയത്തുകളിൽ പറയുന്നു. ഹസ്റത്ത് ഈസാനബിയുടെ ജീവിതത്തിൽ അത്രയും വേദനാജനകമായ ദുർഘടഘട്ടം നേരിട്ടത് കുരിശുസംഭവം ഒന്നു മാത്രമായിരുന്നു. അതിൽനിന്നാണദ്ദേഹത്തെ അല്ലാഹു രക്ഷപ്പെടുത്തി അഭയം നൽകിയത്. റബ്വ: എന്ന വാക്ക് ഇവിടെയല്ലാതെ 2:265ലും കുന്നിൻ പ്രദേശം എന്ന അർത്ഥത്തിൽ തന്നെയാണ് വന്നിരിക്കുന്നത്. ഖുർആനിൽ ഈ പദം മറ്റെവിടെയും പ്രയുക്തമായിട്ടില്ല എന്നത് പ്രസ്താവ്യമാണ്.

അതേപ്രകാരം ‘ഖറാർ’ എന്ന വാക്ക് ഭൂമിയിൽത്തന്നെയുള്ള വാസസ്ഥലത്തിന്നായി പല സ്ഥലങ്ങളിലും പ്രയുക്തമായിട്ടുണ്ട്. 14:27, 27:62, 40:65 എന്നീ ആയത്തുകൾ നോക്കുക. രണ്ടുസ്ഥലങ്ങളിൽ (23:154, 77:22) ഗർഭപാത്രത്തിന്നായും ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വിശുദ്ധഖുർആനിലെവിടെയും തന്നെ ആകാശം മനുഷ്യന്ന് വാസയോഗ്യമായ ‘ഖറാർ’ ആണെന്നു പറയുന്നില്ല. അല്ലാഹു വളരെ വ്യക്തമായിപ്പറയുന്നു.

“ഈ ഭൂമിയെ ഒരു വാസസ്ഥലമാക്കുകയും അതിൽ നദികളും പർവ്വതങ്ങളും ഉണ്ടാക്കുകയും ചെയ്തതാരാണ്”? (27:62).

അതേപ്രകാരം വിശുദ്ധഖുർആനിൽ മഈൻ എന്ന വാക്ക് നാലുസ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. അവിടെയൊക്കെ പരിശുദ്ധപാനീയം, ഒഴുകുന്ന ജലം, ജലാശയം എന്നീ അർത്ഥമാണ് കാണുന്നത്.

പ്രസ്തുത ആയത്തുകളുടെയെല്ലാം വെളിച്ചത്തിൽ അല്ലാഹു ഈസാനബി (അ)ക്ക് അഭയം നൽകിയിരുന്നതു ഈ ഭൂമിയിൽത്തന്നെയുള്ള ജലാശയം നിറഞ്ഞ ഒരു കുന്നിൻപ്രദേശമാണെന്ന് വ്യക്തമാകുന്നു. ആകാശത്തിൽ അദ്ദേഹം അഭയം തേടിയെന്നോ ഉയർന്നുവെന്നോ ഉള്ള ഒരു സൂചനയും വിശുദ്ധഖുർ ആൻ നൽകുന്നില്ല.

ഈസാനബി (അ) കുരിശുസംഭവത്തിന്നുശേഷം പൗരസ്ത്യ പ്രദേശങ്ങളിലേക്ക് യാത്രചെയ്തുവെന്നും നസീബീൻ വഴിയായി പേർഷ്യ അഫ്ഗാനിസ്താൻ എന്നീ രാജ്യങ്ങളിലേക്കും പോവുകയും ഒടുവിൽ കശ്മീരിൽ എത്തിച്ചേരുകയും അവിടെ ചിരകാലം താമസിച്ചതിന്നുശേഷം മൃതിയടഞ്ഞുവെന്നും അദ്ദേഹത്തിന്റെ ഖബർ കാശ്മീരിലെ ഖാൻയാർ തെരുവിൽ ഉണ്ടെന്നും അനിഷേധ്യമായ പല ചരിത്രസാക്ഷ്യങ്ങളാലും ഹസ്റത്ത് വാഗ്ദത്ത് മസീഹ് (അ) തന്റെ മസീഹ് ഹിന്ദുസ്ഥാൻ മെ (മലയാള വിവർത്തനം യേശു മിശിഹാ ഇന്ത്യയിൽ) എന്ന ഗ്രന്ഥത്തിൽ സവിസ്തരം സ്ഥാപിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നിരവധി അഹ്മദിയ്യാ സാഹിത്യങ്ങളും ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

ഇശാഅത്തുകാരന്റെ ‘ഖാദിയാനിസ’ത്തിനെതിരെ ഉന്നയിച്ച 96 രേഖകളുടെ ഏകദേശം രൂപം ചില രേഖകൾക്കുള്ള മറുപടിയിൽ നിന്നുതന്നെ വായനക്കാർക്ക് മനസ്സിലായിക്കാണും.

വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസരിച്ച് യഹൂദികളെ പിൻപറ്റിക്കൊണ്ട് സത്യത്തെ മറച്ചുപിടിച്ച് വ്യാജവും നുണയും മാത്രം കൈമുതലാക്കിക്കൊണ്ടുള്ള വൃത്തികെട്ട അടവുകളാണ് ഗ്രന്ഥകർത്താവ് സ്വീകരിച്ചിരിക്കുന്നത്.

“ദൈവവചനങ്ങളെ അവയുടെ സ്ഥാനത്ത് നിന്ന് തെറ്റിച്ചുകളയുന്ന (4:47, 5:14) യഹൂദികളെ അനുകരിച്ചുകൊണ്ട് ഹ: വാഗ്ദത്തമസീഹിന്റെ അസൽ ഗ്രന്ഥങ്ങളിൽനിന്നും വചനങ്ങളെ തെറ്റിക്കുകയും പരിഹാസത്തിന്ന് പാത്രമായിട്ടില്ലാത്ത ഒരു പ്രവാചകനും അവരുടെ അടുക്കൽ വന്നിട്ടില്ല (36:31) എന്ന ആയത്തനുസരിച്ച് ഹ: വാഗ്ദത്ത മഹ്ദി മസീഹിനെ അങ്ങേഅറ്റം പരിഹസിക്കുകയും നിന്ദിക്കുകയും യഹൂദികൾ അറിഞ്ഞുകൊണ്ടു തന്നെ സത്യം മറച്ചുപിടിക്കുന്നുവെന്ന (2:146) തിരുവചനമനുസരിച്ച് ഹ: അഹ്മദി (അ)ന്റെ ഗ്രന്ഥങ്ങളിൽ നിന്നും ഒരുഭാഗം ഉദ്ധരിക്കുകയും ഒരുഭാഗം മറച്ചുപിടിക്കുകയും ചെയ്യുന്ന ജൂദായിസമാണ് പുസ്തകരചയിതാവ് തന്റെ ക്ഷുദ്രകൃതിയിൽ സ്വീകരിച്ചിരിക്കുന്നത്. ഇയാൾക്കുള്ള ഏകമറുപടി ലഅ്നത്തുല്ലാഹി അലൽകാദിബീൻ എന്നു മാത്രമാണ്. ഇവർ അധർമ്മികളും (2:6) ശാപത്തിന്നു പാത്രീഭൂതരും (4:42) ആണെന്ന് വിശുദ്ധഖുർആൻ തന്നെ അരുൾചെയ്യുന്നു. അതായത് വലാകിൻ ലഅനഹുമുല്ലാഹു ബി കുഫ്രിഹിം ഫലായുഅ്മിനൂന ഇല്ലാഖലീല: (അവരുടെ അവിശ്വാസം കാരണം അല്ലാഹു അവരെ ശപിച്ചു. അവരിൽ വിശ്വസിക്കുന്നവർ അല്പം മാത്രം! (4:47).

ഇക്കൂട്ടരെ കുറിച്ചുതന്നെയാണ് “അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്രവെച്ചിരിക്കുന്നു. അവരുടെ കണ്ണുകളിന്മേൽ ഒരു മറയുണ്ട്. അവർക്ക് കഠിനശിക്ഷയും ഉണ്ടായിരിക്കുന്നതാണ്” (2:8) എന്നു പറഞ്ഞിരിക്കുന്നത്. ഇംഗ്ലീഷിൽ ഒരു പഴമൊഴിയുണ്ട്. A fool may ask more questions in an hour than a wise man can answer in several years. ‘ഒരു ജ്ഞാനി വർഷങ്ങളോളം നൽകുന്ന ഉത്തരത്തേക്കാൾ കൂടുതലായി ഒരു വിഡ്ഢിക്ക് ഒരു മണിക്കൂറിനുള്ളിൽ ചോദിക്കാൻ കഴിയുമെന്ന്’! കളവും വങ്കത്തരവും, വഞ്ചനയും മാത്രം പറഞ്ഞുശീലിച്ച ഈ ദുഷ്ടബുദ്ധികളുടെ, പരിശുദ്ധമായ അഹ്മദിയ്യാ ജമാഅത്തിനെതിരെയുള്ള പിറുപിറുപ്പ് തുടരുകതന്നെ ചെയ്യും. ഈ അഭിനവ യഹൂദിയുടെ തനിനിറം മനസ്സിലാക്കിയ പല മാന്യന്മാരും ഈ

ക്ഷുദ്രകൃതിക്കു മറുപടി എഴുതി സത്യദൂതന്റെ വിലപ്പെട്ട താളുകൾ വ്യർത്ഥമാക്കേണ്ടതില്ല എന്ന വിലയേറിയ അഭിപ്രായം അറിയിച്ചുകൊണ്ടിരിക്കുന്നു. ഇയാൾ ഉന്നയിച്ച പല ആക്ഷേപങ്ങൾക്കുമുള്ള മറുപടി എന്റെ "ഇശാഅത്തുകാർക്കുള്ള മറുപടി" എന്ന ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങളിൽ നൽകപ്പെട്ടിട്ടുണ്ട്.

പ്രസ്തുത വിലയേറിയ അഭിപ്രായത്തെ മാനിച്ചുകൊണ്ട് ഹസ്റത്ത് മഹ്ദി മസീഹിന്റെ ഒരുദ്ധരണിയോടുകൂടി ഈ പരമ്പര ഇവിടെ അവസാനിപ്പിക്കുകയാണ്.

"ഇവരുടെ സ്ഥിതികളിൽ വളരെയധികം പരിതാപമുണ്ട്. ഈ കൂട്ടർ അല്ലാഹുവിന്റെയും റസൂൽ തിരുമേനിയുടെയും അരുളപ്പാടുകൾക്ക് ഒരന്തസ്സും പ്രാധാന്യവും നൽകിയില്ല. നൂറ്റാണ്ട് ആരംഭിച്ച് 17 വർഷങ്ങൾ കഴിഞ്ഞു. (ഇപ്പോൾ പ്രവചിക്കപ്പെട്ട നൂറ്റാണ്ടുകഴിഞ്ഞു 23 വർഷങ്ങളായി) എന്നാൽ അവരുടെ മുജദ്ദിദ് ഇതുവരെ ഏതോ ഗുഹയിൽ ഒളിഞ്ഞിരിക്കുകയാണ്. എന്തിനാണിവർ എന്നോടു ലുബ്ധു കാണിക്കുന്നത്? അല്ലാഹു ഇച്ഛിച്ചിരുന്നില്ലെങ്കിൽ ഞാൻ വരുമായിരുന്നില്ല. അല്ലാഹു എന്നെ ഈ പദവിയിൽ നിന്ന് നീക്കുകയും എനിക്കു പകരമായി മറ്റാരെയെങ്കിലും ഈ സേവനത്തിന്നായി നിയമിക്കുകയും ചെയ്യേണമേ എന്നു പ്രാർത്ഥിക്കേണമെന്ന് ചിലപ്പോൾ എന്റെ മനസ്സിൽ തോന്നിയിരുന്നു. എന്നാൽ എന്നിൽ ഭരമേല്പിക്കപ്പെട്ട മഹത്തായ ഈ ഉത്തരവാദിത്വത്തെ നിറവേറ്റുന്നതിൽനിന്ന് ഭീരുത്വം കാണിക്കുന്നതിനേക്കാൾ വലിയൊരു കുറ്റം വേറെയില്ലതന്നെ എന്ന് എന്റെ അന്തരംഗത്തിൽ ഇടപ്പെട്ടിരിക്കുന്നു. എത്ര കണ്ട് ഞാൻ പിന്നോട്ടു പോകുവാൻ ഇച്ഛിക്കുന്നുവോ അത്രകണ്ട് അല്ലാഹു എന്നെ പിടിച്ചുവലിച്ചു മുന്നോട്ടു കൊണ്ടുവരികയാണ്."

ഞാൻ നിന്നോടൊപ്പമുണ്ട് എന്നും എന്റെ ഉപരിലോകസേനകൾ നിന്നോടൊന്നിച്ചുതന്നെയുണ്ട് എന്നും ഉള്ള സാന്ത്വനവചനങ്ങൾ നൽകപ്പെടാത്ത ഒരു രാത്രിയും എനിക്കുണ്ടായിരുന്നില്ല. പരിശുദ്ധ ഹൃദയമുള്ളവർക്ക് മരണത്തിന്നുശേഷം ദൈവത്തെ കാണുവാൻ സാധിക്കുന്നതാണെങ്കിലും ഇപ്പോഴും ഞാൻ അവനെ കണ്ടുകൊണ്ടിരിക്കുന്നു എന്നു അവന്റെ തന്നെ തിരുമുഖത്തിന്റെ ആണയിട്ടു പറയുന്നു.

ലോകം എന്നെ കണ്ടറിയുന്നില്ല. എന്നാൽ ഏതൊരുവനാണോ എന്നെ അയച്ചിരിക്കുന്നത് അവൻ എന്നെ അറിയുന്നു. എന്റെ നാശത്തെ ആഗ്രഹിക്കുന്നവർക്ക് തെറ്റുപറ്റിപ്പോയി. ഇതു തികച്ചും അവരുടെ ഭാഗ്യദോഷമാണ്. ഞാൻ യഥാർത്ഥ യജമാനനായ അല്ലാഹുവിന്റെ തൃക്കരങ്ങളാൽ നടപ്പെട്ട വൃക്ഷമാണ്. എന്നെ വെട്ടുവാൻ ആഗ്രഹിക്കുന്ന ആൾ ഖാറൂന്റെയും യഹൂദാസ് ക്രൂത്തിയുടെയും അബൂജഹലിന്റെയും വിധിയിൽ നിന്നും പങ്കുനേടുവാൻ ഇച്ഛിക്കുന്നുവെന്നല്ലാതെ അവരുടെ പര്യവസാനം വേറെയില്ല. ആരെങ്കിലും രംഗത്ത് വരികയും നുബുവ്വത്തിന്റെ വഴിയിൽ എന്നിൽ നിന്നും വിധി നേടുകയും ചെയ്യുവാൻ ഞാൻ നിറഞ്ഞ കണ്ണുകളോടെ പ്രതീക്ഷിക്കുകയാണ്. അപ്പോൾ അല്ലാഹു ആരുടെ ഭാഗത്താണെന്ന് കാണാവുന്നതാണ്. എന്നാൽ മത്സരരംഗത്തുവരിക എന്നത് പൗരുഷമില്ലാത്തവന്റെ പണിയല്ല..... അല്ലയോ ജനങ്ങളെ! എന്നോടൊപ്പം അവസാന നിമിഷം വരെ വിശ്വസ്തത വെച്ചുപുലർത്തുന്ന ഒരു പുണ്യകരം ഉണ്ടെന്നു മനസ്സിലാക്കുക. നിങ്ങളുടെ പുരുഷന്മാരും നിങ്ങളുടെ സ്ത്രീകളുടെ നിങ്ങളുടെ യുവാക്കളും നിങ്ങളുടെ വയോധികരും നിങ്ങളുടെ കുട്ടികളും നിങ്ങളുടെ മുതിർന്നവരും എല്ലാം ഒന്നായിച്ചേർന്ന് എന്റെ നാശത്തിന്നായി പ്രാർത്ഥിച്ചുകൊണ്ടിരുന്നാലും സുജൂദ് ചെയ്ത് ചെയ്ത് നാസികകൾ തേഞ്ഞരഞ്ഞാലും കൈകൾ മരവിച്ചുപോയാലും അല്ലാഹു ഒരിക്കലും നിങ്ങളുടെ പ്രാർത്ഥനകൾ ശ്രവിക്കുന്നതല്ല. അവൻ തന്റെ പണി പൂർത്തിയാക്കുന്നതുവരെ അടങ്ങിയിരിക്കുന്നതല്ല. മനുഷ്യരിൽ ഒരാൾകൂടി എന്നോടൊപ്പം ഇല്ലാതിരിക്കുകയാണെങ്കിലും അല്ലാഹുവിന്റെ മലക്കുകൾ എന്നോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. നിങ്ങൾ സാക്ഷ്യങ്ങളെ മറച്ചുപിടിക്കുകയാണെങ്കിൽത്തന്നെ കല്ലുകൾ എനിക്കായി സാക്ഷ്യം നൽകാൻ മതിയാകുന്നതാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ആത്മാക്കളോട് ദ്രോഹം ചെയ്യാതിരിക്കുക. അസത്യവാന്മാരുടെ മുഖം ഒന്നു വേറെതന്നെയാണ്. സത്യവാന്മാരുടേത് വേറെയും. അല്ലാഹു ഒരുകാര്യവും ഒരു തീരുമാനമെടുക്കാതെ ഉപേക്ഷിച്ചുകളയുന്നില്ല. കള്ളവും കറ്റുകെട്ടും നിറഞ്ഞ ജീവിതത്തിന്മേൽ ഞാൻ ശാപമിടുകയാണ്. അതേപ്രകാരം സൃഷ്ടികളെ ഭയന്ന് സ്രഷ്ടാവിന്റെ കല്പനയെ അകറ്റിനിറുത്തുന്നതിന്മേലും.

തക്കസമയത്ത് അല്ലാഹു എന്റെ മേൽ ചുമത്തിയിരിക്കുന്ന സേവനം-അതിന്നുവേണ്ടിയാണ് അവൻ എന്നെ സൃഷ്ടിച്ചതുതന്നെ-അനുഷ്ഠിക്കുന്നതിൽ ഞാൻ ഒരിക്കലും തന്നെ അലസത കാണിക്കുന്നതല്ല. സൂര്യൻ ഒരു ഭാഗത്തും ഭൂമി മറുഭാഗത്തും ഒന്നായി ച്ചേർന്ന് എന്നെ ഞെരുക്കി അരച്ചുകൊണ്ടിരുന്നാലും ശരി. മനുഷ്യൻ എന്താണ് വെറും ഒരു കീടം. അവൻ ഒരുരക്തക്കട്ട മാത്രം. ആ സ്ഥിതിയിൽ എന്നെന്നും ജീവിച്ചിരിക്കുന്നവനും നിലനിന്നുവരുന്നവനും ആയ അല്ലാഹുവിന്റെ കല്പന നിറവേറ്റുന്നതിൽനിന്നും ഒരു കീടമായ, മാംസക്ഷണമായ മനുഷ്യനുവേണ്ടി ഞാനെങ്ങനെ ഒഴിഞ്ഞുമാറും? എപ്രകാരം അല്ലാഹു ആദ്യകാലങ്ങളിലെ ദൈവനിയുക്തരായവർക്കും വ്യാജപ്പെടുത്തുന്നവർക്കും ഇടയിൽ അവസാനം ഒരു തീർപ്പു കല്പിച്ചുവോ, അതേ പ്രകാരം ഈ കാലത്തും അവൻ തീർപ്പു കല്പിക്കുന്നതാണ്. ദൈവനിയുക്തരുടെ ആഗമനത്തിന്നും ഒരു കാലമുണ്ട്. പിന്നീടു അവരുടെ തിരോധാനത്തിന്നും ഒരു കാലമുണ്ട്. അതുകൊണ്ട് ഞാൻ അകാലത്ത് ആഗതനായിട്ടില്ല എന്നും അകാലത്ത് പോകുന്നതുമല്ല എന്നും ശരിക്കും മനസ്സിലാക്കുക. നിങ്ങൾ അല്ലാഹുവിനോടു പോരിടരുത്. എന്നെ നശിപ്പിക്കുക എന്നത് നിങ്ങളാലാവുന്ന കാര്യമല്ല.

(അർബയീൻ നമ്പ്ര് iii റൂഹാനീ ഖസായിൻ വാല്യം 17, പേജ് 399-401)
(അവസാനിച്ചു)——■

റൂഹാനീ ഖസായിൻ വാല്യം 19 (1)

# വാഗ്ദത്തമസീഹി(അ)ന്റെ ഗ്രന്ഥങ്ങൾ

മുഹമ്മദ് ഉമർ എച്ച്. ഏ.

## കശ്ത്തീനൂഹ് ❖ തുഹ്ഫത്തുന്നദ്‌വാ ❖ ഇഅ്ജാസ് അഹ്മദി ❖ റിവ്യൂബർ മുബാഹസ ❖ മവാഹിബുർറഹ്മാൻ ❖ നസീമെ ദഅ്‌വത്ത് ❖ സനാതന ധർമ്മം

ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ആത്മീയ ഭണ്ഡാരമായ റൂഹാനി ഖസായിൻ എന്ന ഗ്രന്ഥ സമുച്ചയത്തിലെ പത്തൊമ്പതാം വാല്യം മേൽപറഞ്ഞ ഏഴു ഗ്രന്ഥങ്ങൾ അടങ്ങിയതാണ്. ഇവയിൽ തുഹ്ഫത്തുന്നദ്‌വ, മവാഹിബുർ റഹ്മാൻ എന്നീ ഗ്രന്ഥങ്ങളുടെ മലയാള വിവർത്തനം ജ: മൗലവി അഹ്മദു റശീദു സാഹിബ് (മർഹും) ചെയ്തിട്ടുണ്ട് എന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്. അവ രണ്ടും പ്രസിദ്ധീകൃതമായിട്ടുണ്ട്.

**കശ്ത്തീനൂഹ്:** ഈ ഗ്രന്ഥം 1902 ഒക്ടോബർ 5ാം തീയതിയാണ് പ്രസിദ്ധീകൃതമായത്. ഈ ഗ്രന്ഥരചനയുടെ പശ്ചാത്തലം ഇതാണ്.

ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) 1898 ഫിബ്രവരി 6ാം തീയതി ഒരു ദർശനത്തിൽ, അല്ലാഹുവിന്റെ മലക്കുകൾ പഞ്ചാബിലെ വിവിധ ഭാഗങ്ങളിൽ കറുത്ത നിറമുള്ളതും വിരൂപവും ബീഭത്സവും ഭയംതോന്നിക്കുന്നതും ഉയരം കുറഞ്ഞതുമായ ചെടികൾ നട്ടുപിടിപ്പിക്കുന്നതായി കണ്ടു. ഇതെന്ത് ചെടിയാണെന്ന് അദ്ദേഹം അവരിൽ ചിലരോടു ചോദിച്ചപ്പോൾ ഇത് അടുത്തുതന്നെ നാട്ടിൽ വ്യാപകമാകാൻ പോകുന്ന പ്ലേഗിന്റെ ചെടികളാണെന്നു പറഞ്ഞു. (തദ്കിറ: പേജ് 319)

ഈ ദർശനവും പ്രവചനവും അനുസരിച്ച് പഞ്ചാബിൽ അങ്ങോളമിങ്ങോളം പ്ലേഗുരോഗം പടർന്നുപിടിച്ചു. ഈ രോഗം മൂർദ്ധന്യാവസ്ഥയിലെത്തിയപ്പോൾ പഞ്ചാബ് ഗവൺമെന്റ് വളരെ വിപുലമായ തോതിൽ നാട്ടിൽ പ്ലേഗിന്നെതിരായ പ്രതിരോധ കുത്തിവെപ്പിന്നുള്ള ഏർപ്പാടുകൾ ചെയ്തു. ഓരോ വ്യക്തിയും ഈ കുത്തിവെപ്പ് നടത്തണമെന്ന് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിന്നായി പ്രൊപഗണ്ട നടത്തുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ ഹസ്റത്ത് അഹ്മദ് (അ) തന്റെ ജമാഅത്തിനോട് കുത്തിവെപ്പു നടത്തേണ്ടതില്ല എന്ന് ആജ്ഞാപിക്കുകയാണുണ്ടായത്.

ഈ അവസരത്തിൽ അദ്ദേഹം കശ്ത്തിനൂഹ് എന്ന പ്രസ്തുത ഗ്രന്ഥം രചിക്കുകയും താൻ തന്റെ ജമാഅത്തിനോടു കുത്തിവെപ്പു നടത്തേണ്ടതില്ല എന്നാജ്ഞാപിച്ചതിന്റെ കാരണം വിവരിക്കുകയും ചെയ്തു. ഈ ഗ്രന്ഥത്തിൽ ഗവൺമെന്റിന്റെ നടപടിയെ പ്രകീർത്തിച്ചതിന്നുശേഷം ഇപ്രകാരം എഴുതി:

“ഞങ്ങൾക്ക് ദൈവികമായ ഒരു തടസ്സം ഉണ്ടായിരുന്നില്ലെങ്കിൽ മറ്റാരെക്കാളും ആദ്യമായി ഞങ്ങൾ പ്രതിരോധ കുത്തിവെപ്പു നടത്തുമായിരുന്നു. ദൈവികമായ ആ തടസ്സം ഇതാണ്. ഇക്കാലത്ത് മനുഷ്യർക്കായി ദൈവികമായ കാരുണ്യത്തിന്റെ ഒരയടാളം കാണിക്കുവാൻ അല്ലാഹു ഇച്ഛിക്കുന്നു. അതുകൊണ്ട് അവൻ എന്നെ അഭിമുഖീകരിച്ച് ഇപ്രകാരം അറിയിച്ചു. നീയും നിന്റെ ഭവനത്തിന്റെ നാലു ചുവരുകൾക്കിടയിലുള്ളവരും പരിപൂർണ്ണമായി നിന്നെ അനുഗമിക്കുകയും അനുസരിക്കുകയും യഥാർത്ഥ ദൈവഭക്തിയോടു കൂടി നിന്നിൽ ലയിക്കുകയും അനുരക്തരായിരിക്കുകയും ചെയ്യുന്നവരും ഈ പ്ലേഗിൽ നിന്നും സംരക്ഷിക്കപ്പെടുന്നതാണ്. ഈ അവസാന നാളുകളിൽ സമുദായങ്ങൾക്കിടയിൽ അന്തരം കാണിക്കുവാനുള്ള ഒരു ദൈവിക ദൃഷ്ടാന്തമായിരിക്കും അത്. എന്നാൽ പരിപൂർണ്ണമായും നിന്നെ അനുഗമിക്കാതിരിക്കുന്നവൻ നിന്നിൽപ്പെട്ടവനല്ല. അവനെക്കുറിച്ച് നീ വ്യവസനിക്കേണ്ടതില്ല.”

ഇത് ദൈവകല്പനയാണ്. ഇത് നിമിത്തം ഞങ്ങൾക്കും ഞങ്ങളുടെ ഭവനത്തിന്റെ നാലു ചുവരുകൾക്കിടയിലുള്ളവർക്കും കുത്തിവെക്കേണ്ടുന്ന ഒരാവശ്യവും ഇല്ല. കാരണം ഒരു കാലഘട്ടം മുമ്പ് ആകാശഭൂമികളുടെ ദൈവമായ അല്ലാഹു-അവന്റെ അറിവിൽനിന്നും നിയന്ത്രണത്തിൽനിന്നും ആരും പുറത്തല്ല- എനിക്കിറക്കിയ ദിവ്യവെളിപാടിൽ “ഈ ഭവനത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ ഉള്ള ഓരോ ആളെയും താൻ പ്ലേഗ് മരണത്തിൽനിന്നും രക്ഷപ്പെടുത്തുന്നതാണെന്നും എന്നാൽ അവർ എല്ലാവിധ എതിർപ്പുകളിൽ നിന്നും വിട്ടുമാറി പൂർണ്ണമായ ആത്മാർത്ഥതയോടും അനുസരണഭാവത്തോടും വിനയത്തോടും ഈ ജമാഅത്തിൽ ബൈഅത്ത് ചെയ്തു പ്രവേശിച്ചവരും ദൈവകല്പനകൾക്കും അവന്റെ “മാമൂറി”ന്റെ (നിയുക്തന്റെ) മുമ്പാകെ ഒരുവിധത്തിലുള്ള അഹംഭാവവും വിദ്രോഹവും അഹങ്കാരവും

അലംഭാവവും കാണിക്കാത്തവരും നമ്മുടെ അദ്ധ്യാപനങ്ങളനുസരിച്ച് ജീവിക്കുന്നവരും ആയിരിക്കണം. (പേജ് 1,2)

വീണ്ടും അരുൾചെയ്യുന്നു:

"എന്റെ ഭവനത്തിന്റെ നാലു ചുവരുകൾക്കകത്തുള്ള എന്റെ ആത്മാർത്ഥ ജനങ്ങൾ ഈ രോഗം മൂലമുണ്ടാകുന്ന മരണത്തിൽനിന്നും സംരക്ഷിക്കപ്പെടുകയും എന്റെ ജമാഅത്തിലുള്ളവർ ആപേക്ഷികമായി പ്ലേഗിന്റെ ആക്രമണത്തിൽനിന്നും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നതാണെന്നത് ഞാൻ അല്ലാഹുവിൽനിന്നുള്ളവനാണെന്നതിന് ഒരു മഹൽ ദൃഷ്ടാന്തമായിരിക്കും." (പേജ് 4)

പ്ലേഗ് മരണത്തിൽനിന്നു രക്ഷപ്പെടുന്നതിന്നുള്ള അദ്ധ്യാപനങ്ങളെന്താണെന്ന് അദ്ദേഹം തന്റെ ഈ ഗ്രന്ഥത്തിൽ ഹമാരീ തഅ്ലീം (നമ്മുടെ അദ്ധ്യാപനങ്ങൾ) എന്ന ഭാഗത്തിൽ വിശദീകരിച്ചിരിക്കുന്നു. ആ പ്രസക്തഭാഗം 'വാഗ്ദത്ത മസീഹിന്റെ അദ്ധ്യാപനങ്ങൾ' എന്ന പേരിൽ മലയാളത്തിലും 'ഇമാം മഹ്ദിയിൻ ഇനിയ ബോധനൈകൾ' എന്ന പേരിൽ തമിഴിലും വിവർത്തനം ചെയ്യുവാനുള്ള ഭാഗ്യം ഈയുള്ളവനുണ്ടായിട്ടുണ്ട്. ഈ ഭാഗം മലയാളത്തിലും തമിഴിലും പ്രസിദ്ധീകൃതമാണ്.

'കശ്ത്തീനൂഹ്' എന്ന ഗ്രന്ഥത്തിന്റെ മുഖപ്പേജിൽ ഹ. മസീഹ് മൗഊദ് (അ) തനിക്കുണ്ടായ ഇൽഹാം എടുത്തുദ്ധരിച്ചിട്ടുണ്ട്. അതായത് "നീ നമ്മുടെ കണ്ണുകൾ മുമ്പാകെ ഒരു കപ്പൽ ഉണ്ടാക്കുക. നിന്നെ ബൈഅത്തു ചെയ്യുന്നവർ അല്ലാഹുവിന്നാണ് ബൈഅത്ത് ചെയ്യുന്നത്. അവരുടെ കരങ്ങൾക്ക് മീതെ അല്ലാഹുവിന്റെ കരങ്ങളാണ്." ഈ 'അദ്ധ്യാപനങ്ങൾ' എന്ന ഭാഗത്തെയാണ് ഗ്രന്ഥകർത്താവ് നൂഹിന്റെ കപ്പലുമായുപമിച്ചുകൊണ്ട് ഈ കപ്പലിൽ കയറുന്നവർ പ്ലേഗ് എന്ന വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കപ്പെടുന്നതാണെന്ന സുവിശേഷം നൽകിയിരിക്കുന്നത്.

ഒരുഭാഗത്ത് പഞ്ചാബിലും ഇന്ത്യയിലെ ഇതരഭാഗങ്ങളിലും പ്ലേഗ് രോഗം ബാധിച്ച് ലക്ഷക്കണക്കിലുള്ള ജനങ്ങൾ മരണമടഞ്ഞപ്പോൾ മറുഭാഗത്ത് അല്ലാഹു ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ഭവനത്തിലുള്ളവരെ പരിപൂർണ്ണമായും അഹ്മദിയ്യാ ജമാഅത്തിലുള്ളവരിൽ ബഹുഭൂരിപക്ഷത്തേയും പ്ലേഗിൽനിന്നും സംരക്ഷിക്കുകയുണ്ടായി.

ഈ മഹൽ ഗ്രന്ഥത്തിൽ ഗ്രന്ഥകർത്താവ് മുസ്ലിംകളുടെ മാർഗ്ഗദർശകമായിട്ടുള്ള വിശുദ്ധഖുർആൻ സുന്നത്ത് ഹദീസ് എന്നിവകളെക്കുറിച്ച് വിശദീകരിക്കുന്നു. അതായത്, "നിങ്ങളുടെ രക്ഷാമാർഗ്ഗത്തിന്നായിക്കൊണ്ട് അല്ലാഹു മൂന്നു കാര്യങ്ങളാണ് നൽകിയിരിക്കുന്നത്. അവയിൽ പ്രഥമസ്ഥാനം വിശുദ്ധഖുർആനാകുന്നു. അതിൽ അല്ലാഹുവിന്റെ ഏകത്വത്തെയും മാഹാത്മ്യത്തെയും മഹിമയെയും കുറിച്ച് പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. കൂടാതെ യഹൂദികൾക്കും ക്രിസ്ത്യാനികൾക്കും ഇടയിലുള്ള വിശ്വാസവൈപരിത്യങ്ങളെക്കുറിച്ചുള്ള തീരുമാനങ്ങളും അടങ്ങിയിരിക്കുന്നു. അതായത് ഈസബ്നുമർയം കുരിശിൽവെച്ച് കൊലചെയ്യപ്പെട്ടു ശപിക്കപ്പെട്ടുവെന്നും ഇതര പ്രവാചകന്മാരെപ്പോലെ അദ്ദേഹത്തിന്റെ ഉയർച്ച ഉണ്ടായിട്ടില്ലെന്നുമാണു യഹൂദികളുടെ മതം. അതേപ്രകാരം അല്ലാഹുവിനെ കൂടാതെ ഒന്നിനെയും അതായത് മനുഷ്യനെയോ ജന്തുക്കളെയോ സൂര്യചന്ദ്രനക്ഷത്രാദികളെയോ ആരാധിക്കരുതെന്ന് അതു ഉപദേശിക്കുന്നു. അതേപോലെതന്നെ മനുഷ്യന്റെ ജീവസന്ധാരണത്തിന്നാവശ്യമായ സാധനസാമഗ്രികളെയോ സ്വേച്ഛകളെയോ ആരാധനാവസ്തുക്കളാക്കരുത്. നിങ്ങൾ ജാഗ്രത പുലർത്തുക. അല്ലാഹുവിന്റെ അദ്ധ്യാപനങ്ങൾക്കും ഖുർആന്റെ മാർഗ്ഗദർശനങ്ങൾക്കും എതിരായി നിങ്ങൾ ഒരടികൂടി എടുത്തുവെക്കരുത്. വിശുദ്ധ ഖുർആന്റെ 700 കല്പനകളിൽ നിന്നും ഏതെങ്കിലും ഒരു ചെറിയ കല്പനകൂടി ലംഘിക്കുന്നവർ മോക്ഷത്തിന്റെ കവാടം സ്വന്തം കൈകളാൽ അടക്കുന്നവനാണെന്നു ഞാൻ നിങ്ങളോടു സത്യമാണു പറയുന്നത്. പൂർണ്ണവും യഥാർത്ഥവും ആയ മോക്ഷത്തിന്നുള്ള മാർഗ്ഗങ്ങൾ ഖുർആൻ തുറന്നുതന്നിരിക്കുന്നു. ബാക്കിയുള്ള വഴികളെല്ലാം തന്നെ അതിന്റെ പ്രതിച്ഛായകളാണ്. അതുകൊണ്ട് വിശുദ്ധഖുർആനെ സശ്രദ്ധം പഠനം ചെയ്യുക. നിങ്ങൾ മറ്റാരെയും സ്നേഹിക്കാത്ത രീതിയിൽ അതിനെ സ്നേഹിക്കുക കാരണം അല്ലാഹു എന്നെ അഭിസംബോധന ചെയ്തു ഇപ്രകാരം അരുൾ ചെയ്തിരിക്കുന്നു. അൽഖൈറു കുല്ലുഹുഫിൽ ഖുർആൻ. എല്ലാവിധത്തിലുള്ള നന്മകളും വിശുദ്ധഖുർആനിലുണ്ട്. എന്നാൽ വിശുദ്ധഖുർആനെക്കാൾ മറ്റു വസ്തുക്കൾക്ക് പ്രാധാന്യം നൽകുന്നവർ പരിതാപത്തിന്നു പാത്രമായവരാണ്. നിങ്ങളുടെ എല്ലാ ഉദ്ദേശ്യ സാഫല്യത്തിന്റെയും മോക്ഷത്തിന്റെയും ഉറവിടം വിശുദ്ധഖുർആനിലാണുള്ളത്. വിശുദ്ധ ഖുർആനിൽ അടങ്ങാത്ത നിങ്ങളുടെ മതപരമായ ഒരാവശ്യവും ഇല്ലതന്നെ. അവസാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് വിശുദ്ധ

**'അദ്ധ്യാപനങ്ങൾ' എന്ന ഭാഗത്തെയാണ് ഗ്രന്ഥകർത്താവ് നൂഹിന്റെ കപ്പലുമായുപമിച്ചുകൊണ്ട് ഈ കപ്പലിൽ കയറുന്നവർ പ്ലേഗ് എന്ന വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കപ്പെടുന്നതാണെന്ന സുവിശേഷം നൽകിയിരിക്കുന്നത്**

ഖുർആനായിരിക്കും. വിശുദ്ധഖുർആനെ ഒഴിച്ച് ആകാശത്തിൻകീഴിൽ നിങ്ങൾക്ക് നേരിട്ടു സത്യമാർഗ്ഗം കാണിച്ചുതരുന്ന മറ്റൊരു ഗ്രന്ഥവും ഇല്ല. ഖുർആനെപ്പോലുള്ള ഒരു മഹൽഗ്രന്ഥം നിങ്ങൾക്കായി അവതരിപ്പിച്ചുതന്നത് അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന മഹത്തായൊരൗദാര്യവും അനുഗ്രഹവും ആകുന്നു. (പേജ് 26, 27)

ഗ്രന്ഥകർത്താവ് വിശുദ്ധഖുർആന്റെ മാഹാത്മ്യങ്ങളെ വളരെയധികം പ്രകീർത്തിച്ചതിന്നുശേഷം വിശുദ്ധഖുർആന്റെയും ഇഞ്ചീലിന്റെയും അദ്ധ്യാപനങ്ങളെക്കുറിച്ച് ഒരു താരതമ്യപഠനം നടത്തി വിശുദ്ധഖുർആന്റെ മാഹാത്മ്യത്തെ വെട്ടിത്തിളങ്ങുന്ന സൂര്യനെപ്പോലെ പ്രകാശിപ്പിച്ച് കാണിച്ച് തന്നിരിക്കുന്നു. ഇതിന്നുശേഷം അന്യൂനമായ നിലയിൽ സൂറ ഫാത്തിഹയുടെ വ്യാഖ്യാനം വളരെ വിശദീകരിച്ചു നൽകി ആ മഹൽ അദ്ധ്യായത്തിന്റെ മാഹാത്മ്യത്തെ തെളിയിച്ചുകാണിക്കുന്നു.

മുസ്ലിംകളുടെ മാർഗ്ഗദർശനത്തിന്നായി അല്ലാഹു അവർക്ക് നൽകിയ രണ്ടാമത്തെ വഴികാട്ടിയായ സുന്നത്തിനെക്കുറിച്ച് അരുൾചെയ്യുന്നു.

“സുന്നത്ത് എന്നാൽ വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾക്കുള്ള വിശദീകരണമെന്നോണം നബികരിം (സ) തിരുമേനിയുടെ ചര്യകളും കർമ്മാനുഷ്ഠാനങ്ങളുമാണ്. ഉദാഹരണമായി വിശുദ്ധഖുർആനിൽ അഞ്ചുനേര നമസ്കാരങ്ങളുടെ റക്ക്അത്തുകളെക്കുറിച്ച് അതായത് സുബ്ഹിക്കും മറ്റു നേരങ്ങളിലും എത്രയെത്രയാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടില്ല. എന്നാൽ സുന്നത്ത് എല്ലാം തന്നെ വ്യക്തമാക്കിത്തന്നിരിക്കുന്നു. അത് മുസ്ലിംകൾക്ക് വിശുദ്ധഖുർആനുശേഷമുള്ള വലിയൊരു ദൈവികാനുഗ്രഹമാണ്. ഹസ്റത്ത് റസൂൽ കരിം (സ) വിശുദ്ധഖുർആനിലെ ദിവ്യവചനങ്ങളെ തന്റെ ചര്യകളും കർമ്മാനുഷ്ഠാനങ്ങളും വഴി പ്രാവർത്തികമാക്കി ജനങ്ങൾക്ക് നന്നായി മനസ്സിലാക്കിക്കൊടുത്തു. അങ്ങനെ നബിതിരുമേനി (സ) ദൈവിക വചനങ്ങൾക്ക് തന്റെ കർമ്മാനുഷ്ഠാനങ്ങൾ വഴി രൂപം നൽകുകയുണ്ടായി..... ഹദീസുകൾ ക്രോഡീകരിക്കുന്നതിന്നു മുമ്പെ തന്നെ ജനങ്ങൾ നമസ്ക്കരിക്കുകയും സകാത്തു കൊടുക്കുകയും ഹജ്ജ് ചെയ്യുകയും ഹലാലും ഹറാമും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുകയും ചെയ്തിരുന്നില്ലേ? (പേജ് 61)

മുസ്ലിംകളുടെ ഹിദായത്തിന്നായുള്ള മൂന്നാമത്തെ മാർഗ്ഗമായ ഹദീസിനെക്കുറിച്ച് അരുൾചെയ്യുന്നു.

“ഹിദായത്തിന്നുള്ള മൂന്നാമത്തെ വഴി ഹദീസാണ്. കാരണം ഇസ്ലാം മത ചരിത്രത്തെയും സദാചാരപരവും കർമ്മശാസ്ത്രപരവും ആയ വളരെയധികം കാര്യങ്ങളെയും ഹദീസുകളാണ് വ്യക്തമാക്കിത്തരുന്നത്. ഹദീസിന്റെ ഏറ്റവും മഹത്തായ നന്മ അതു വിശുദ്ധഖുർആന്റെയും സുന്നത്തിന്റെയും സേവകനാണെന്നുള്ളതാണ്. എന്നാൽ ഖുർആനികജ്ഞാനം ലഭിക്കാത്തവർ ഹദീസിനെ വിശുദ്ധഖുർആന്റെ വിധികർത്താവായി ഗണിക്കുന്നു.... എന്നാൽ ഞങ്ങൾ ഹദീസിനെ വിശുദ്ധഖുർആന്റെയും സുന്നത്തിന്റെയും സേവകനായിട്ടാണു ഗണിക്കുന്നത്. ഖുർആൻ ദൈവത്തിന്റെ വചനവും സുന്നത്ത് റസൂൽ തിരുമേനിയുടെ ചര്യയും ഹദീസ് സുന്നത്തിന്ന് തുണനില്ക്കുന്ന ശക്തിയുമാണ്... പേജ് 61, 62).

സുന്നത്തും ഹദീസും ഒന്നുതന്നെയാണെന്ന് കരുതി നിങ്ങൾ വഞ്ചിതരാകരുത്. കാരണം ഹദീസ് നൂറുനൂറ്റമ്പത് കൊല്ലങ്ങൾക്കുശേഷം ക്രോഡീകരിക്കപ്പെട്ടതാണ്. (61)

“വിശുദ്ധഖുർആന്നും സുന്നത്തിനും ഖുർആനികാദ്ധ്യാപനങ്ങൾക്കനുയോജ്യമായ ഹദീസുകൾക്കും എതിരായുള്ള ഹദീസുകളെ സ്വീകരിക്കാൻ ഒരു സാത്വികനായ മുസ്ലിമും തയ്യാറാവുന്നതല്ല എന്നു ഞൻ മനസ്സിലാക്കുന്നു..... വിശുദ്ധഖുർആനിൽ പ്രസ്താവിക്കുന്ന അദ്ധ്യാപനങ്ങൾക്കെതിരായുള്ള ഏതെങ്കിലും ഒരു ഹദീസു കാണുകയാണെങ്കിൽ അതിനെ ഖുർആനുമായി അനുയോജ്യമാക്കാൻ നോക്കുക. എന്നാൽ ഒരുതരത്തിലും ഖുർആനുമായി യോജിക്കുന്നില്ലെങ്കിൽ പ്രസ്തുത ഹദീസിനെ വർജ്ജിച്ചുകളയുക. കാരണം അത് ഒരിക്കലും റസൂൽ കരീമും ആയി ബന്ധപ്പെട്ട ഹദീസാകാൻ നിവൃത്തിയില്ല. (പേജ് 62) ഹസ്റത്ത് അഹ്മദ് (അ) തന്റെ ഗ്രന്ഥത്തിൽ ഹ: ഈസാനബിയുടെ മരണം വിശുദ്ധഖുർആൻ, ഹദീസ്, ചരിത്രസാക്ഷ്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തെളിയിക്കുകയുണ്ടായി.

അവസാനഭാഗത്ത് മുസ്ലിം പണ്ഡിതന്മാരോടും നാട്ടിലെ പീർ മുരീദന്മാരോടും ചെയ്ത ഉപദേശങ്ങളിൽ തന്നെ വ്യാജപ്പെടുത്തുന്നതിൽ ധൃതി കാണിക്കാതിരിക്കാനും തന്റെ വാദങ്ങളെക്കുറിച്ച് പരിചിന്തനം ചെയ്യുവാനും ആഹ്വാനം ചെയ്യുകയുണ്ടായി. അതെപ്രകാരം ഇസ്ലാം വിഭാവനം ചെയ്യുന്ന ജിഹാദിന്റെ യഥാർത്ഥതത്വത്തെക്കുറിച്ച് വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്തിരിക്കുന്നു.

അവസാനമായദ്ദേഹം താഴെപ്പറയുന്ന പ്രാർത്ഥനയോടുകൂടി കശ്തിനൂഹ് എന്ന ഗ്രന്ഥം സമാഹരിക്കുന്നു.

“ഇതോടുകൂടി ഞാൻ അവസാനിപ്പിക്കുകയാണ്. ഈ അദ്ധ്യാപനം നിങ്ങൾക്ക് പ്രയോജനകരമായിത്തീരട്ടെ എന്നും ഭൂമിയിൽ നിങ്ങൾ നക്ഷത്രങ്ങളായിത്തീരത്തക്കവണ്ണം നിങ്ങളുടെ ഹൃദയങ്ങളിൽ ഒരു പരിവർത്തനം ഉണ്ടായിത്തീരട്ടെയെന്നും നിങ്ങളുടെ നാഥനിൽനിന്നും നിങ്ങൾക്ക് ലഭ്യമായ പ്രകാശത്തിൽനിന്നും ഭൂമി പ്രകാശപൂരിതമായിത്തീരട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുകയാണ്.”

## തുഹ്ഫത്തുന്നദ്‌വ

1902 ഒക്ടോബർ 6 ന്നാണ് ഈ ഗ്രന്ഥം പ്രസിദ്ധീകൃതമായത്. ഇതിന്റെ ആമുഖം അത്തബ്ലീഗ് എന്ന പേരിൽ അറബിയിൽ എഴുതപ്പെട്ടതാണ്. ഇതിൽ വിശുദ്ധഖുർആനെ ന്യായകർത്താവാക്കിക്കൊണ്ട് തന്റെ വാഗ്ദത്ത മസീഹ് വാദത്തെ വിശകലനം ചെയ്യേണമെന്ന് അഭ്യർഥിച്ചുകൊണ്ട് തന്റെ ‘മാമൂരിയത്തി’നെക്കുറിച്ച് സത്യം ചെയ്യുകയു

ണ്ടായി.

പ്രസ്തുത കൃതിയുടെ രചനക്കുള്ള കാരണം, ഹാഫിസ് മുഹമ്മദുയൂസുഫ് എന്നയാൾ 1902 ഒക്ടോബർ 2 നു പ്രസിദ്ധീകരിച്ച ഒരു വിളംബരമായിരുന്നു. അതിൽ വ്യാജനുബുവത്തുവാദികളിൽ ചിലർ റസൂൽ തിരുമേനിയുടെ കാലയളവായ 23 വർഷവും അതിലധികവും ജീവിച്ചിരുന്നുവെന്നും അതുകൊണ്ട് ഇത് ഒരു നുബുവ്വത്ത് വാദിയുടെ സത്യത്തിന്നുള്ള തെളിവാകുകയില്ലെന്നും വാദിച്ചിരുന്നു. ഈ വാദത്തിന്ന് ഹ: അഹ്മദ് (അ) വളരെ വ്യക്തമായ മറുപടി നൽകിയിരിക്കുന്നു.

അദ്ദേഹം ഈ ചെറുഗ്രന്ഥത്തിൽ തന്റെ സത്യത്തിന്നു നിദാനങ്ങളായുള്ള ധാരാളം ആയത്തുകൾ ഉദ്ധരിച്ചുകൊണ്ട് ഹാഫിസ് സാഹിബ് ഉന്നയിച്ച ഓരോ കാര്യവും ശക്തിയുക്തം ഖണ്ഡിക്കുകയുണ്ടായി. തന്റെ ഈ ഗ്രന്ഥത്തിൽ അദ്ദേഹം എഴുതുന്നു.

"എന്റെ കൂടെ ആരോരുമില്ലാതിരുന്ന ആ കാലത്ത് അല്ലാഹു എനിക്കൊരു ദുആ പഠിപ്പിച്ചു.

"ലാതദർനീ ഫർദൻ വ അൻത്ത ഖൈറുൽ വാരിഥീൻ. എന്റെ നാഥാ-നീ എന്നെ ഏകനായി ഉപേക്ഷിക്കരുതേ, അവകാശം നൽകുന്നവരിൽ നീ ഏറ്റവും ഉത്തമനാകുന്നു." ഇൽഹാമിയായ ഈ ദുആ എന്റെ ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ അക്കാലത്ത് ആരാലും അറിയപ്പെടാത്ത വ്യക്തിയായിരുന്നുവെന്നു ബറാഹിനെ അഹ്മദിയ്യ തന്നെ സാക്ഷിപറയുന്നു. എന്നാൽ ഇന്ന് അതിരൂക്ഷമായ എതിർപ്പുണ്ടായിട്ടും ഒരുലക്ഷത്തിലേറെ അനുയായികൾ (ഇന്നു പതിനെട്ടു കോടി പരി:) വിവിധ സ്ഥലങ്ങളിൽ എനിക്കുണ്ടായിക്കഴിഞ്ഞു.

ഇത് ഒരു മുഅ്ജിസത്തല്ലേ? എന്റെ എതിരാളികൾ എന്നെ നശിപ്പിക്കുന്നതിനുവേണ്ടി ഗൂഢാലോചനകൾ നടത്തുകയും എല്ലാവിധത്തിലുള്ള അടവുകളും പയറ്റിക്കൊണ്ടിരിക്കുകയുമാണ്. എന്നാൽ ഈ എല്ലാ മൗലവിമാരും അവരുടെ സിൽബന്ധികളും ചെറിയവരും വലിയവരും എല്ലാംതന്നെ അമ്പെ പരാജയമടഞ്ഞിരിക്കുകയാണ്. ഇത് ഒരു മുഅ്ജിസത്തല്ലെങ്കിൽ നദ്‌വയിലെ ജൂബ്ബാധാരികളായ മുല്ലാക്കൾ മുഅ്ജിസത്തെന്നാൽ എന്താണെന്നു പറഞ്ഞുതരട്ടെ. ഹ: അഹ്മദ് (അ) പ്ര സ്തുത ഗ്രന്ഥത്തിൽ തന്റെ സത്യസാക്ഷ്യത്തിന്നു പല ദൃഷ്ടാന്തങ്ങളും നിരത്തിയിരിക്കുന്നു.

*(25-ാം പേജിൽ നിന്ന് )*

യിൻ ബട്ടാലവിയുടെ പത്രാധിപത്യത്തിലുള്ള ഇശാഅത്തുസ്സുന്ന വാല്യം 16, പേജ് 168 ലുധിയാനയിലെ കോർട്ട് ഇൻസ്പെക്ടറായ ഖാസി ഫസൽ അഹ്മദ് എഴുതിയ കലീമാ ഫാസിലി റബ്ബാനി പേജ് 24).

യേശുവിന്റെ കല്ലറ കണ്ടെത്തിയതിനുശേഷം ഈ ജനങ്ങളെല്ലാം കൂടുതൽ ശത്രുത പുലർത്തുകയും ക്ഷുഭിതരാകുകയും ചെയ്തു. ഉദാഹരണമായി വളരെ സ്വാധീനമുള്ള വ്യക്തിയും ബഹുമാന്യനും വടക്കെ ഇന്ത്യയിൽ പ്രശസ്തിയാർജ്ജിച്ച ആളുമായ ഒരു ഹനഫീ പണ്ഡിതൻ താഴെപറയുന്ന വാക്കുകളിൽ ബ്രിട്ടീഷ് ഗവൺമെന്റിനെ താക്കീതു ചെയ്യുകയുണ്ടായി.

"മുസ്ലിംപ്രജകളുടെ കൂറിനെ സ്സംബന്ധിച്ചേടത്തോളം സർക്കാർ പൂർണ്ണതൃപ്തരാണ്. മഹ്ദീ മസീഹ് ആണെന്നവകാശവാദം പുറപ്പെടുവിക്കുന്ന മിർസായെസ്സംബന്ധിച്ചും സർക്കാർ തികച്ചും ബോധവാന്മാരാണ്. ഈ പറയപ്പെട്ട മഹ്ദീമസീഹ് ഇപ്പോൾ ഖാദിയാനിൽ ഉണ്ട്. അദ്ദേഹം വാദിക്കുന്നത് താൻ കുരിശിനെ മുറിക്കാൻ നിയുക്തനായിരിക്കുന്നുവെന്നാണ്. ഇസ്ലാമിനെ പുനരുദ്ധരിക്കാൻ ക്രിസ്തീയ വിശ്വാസത്തെ ഉന്മൂലനാശം വരുത്തുമെന്നുമാണ്. ഇത്തരക്കാരെക്കുറിച്ച് വളരെ ജാഗ്രത പുലർത്തണമെന്ന് നാം സർക്കാരിനെ ഉപദേശിക്കുന്നു. (താനിയാനെ ഇബ്രത്ത് പേജ് 93-94. ശേറെ ഇസ്ലാം മൗലവി കറംദീൻ ദാബിർ എഴുതിയത് രണ്ടാംപതിപ്പ്).

ഇന്ത്യയിലെ ക്രിസ്ത്യാനികളെ സ്സംബന്ധിച്ചേടത്തോളം അവരുടെ നേതാക്കൾ (ഒരുഭാഗത്ത്) ക്രിസ്തുവിന്റെ കല്ലറ ഒരു സാങ്കല്പിക കഥയാണെന്ന് പ്രഖ്യാപിക്കുകയാണുണ്ടായത്. (റവ. അൽബർ മസീഹ് എഴുതിയ സർബത്തി ഇസാവി പേജ് 156) മറുവശത്ത് അവർ വാഗ്ദത്ത മസീഹിനെ ക്രിമിനൽ കേസിൽ കുടുക്കാൻ ഗൂഢാലോചന നടത്തുകയും ചെയ്തു. ഡോക്ടർ ഹെന്റിമാർട്ടിൻ ക്ലാർക്ക് വാഗ്ദത്ത മസീഹിനെതിരിൽ വധോദ്യമത്തിന് വ്യാജാരോപണം കൊണ്ടുവന്നു. വിചാരണക്കായി അയാൾ നിരവധി മുസ്ലിം പണ്ഡിതന്മാരെ ഹാജരാക്കി. അവർ വാഗ്ദത്ത മസീഹിനെതിരിൽ കള്ളസാക്ഷ്യം പറഞ്ഞു. ഈ 'സേവന'ത്തിന് പ്രത്യുപകാരമായി സർക്കാർ ഈ മുസ്ലിം പണ്ഡിതന്മാർക്ക് കുറേ ഭൂമി പതിച്ചുനൽകി. (ഇശാഅത്തുസ്സുന്ന വാല്യം 18 പേജ് 1 മൗലാനാ മുഹമ്മദ് ഹുസ്സയിൻ).

വാഗ്ദത്ത മസീഹിനെ തൂക്കിലേറ്റണമെന്നാഗ്രഹിച്ചുകൊണ്ടായിരുന്നു ക്രിസ്ത്യാനികൾ ഇത്തരം നടപടികൾ കൈക്കൊണ്ടിരുന്നത്. എന്നാൽ സർവ്വശക്തനായ അല്ലാഹു ഗുരുദാസ്പൂരിലെ മജിസ്ട്രേട്ടായ മി. വില്യം ഡഗ്ലസ്സിന്റെ ഹൃദയത്തിൽ സത്യമിട്ടു കൊടുത്തു. അതിനാൽ അദ്ദേഹം കേസ്സ് തള്ളിക്കളഞ്ഞു. മറുകക്ഷികൾക്കെതിരെ നിയമനടപടികൾ കൈക്കൊള്ളാൻ മിർസാ സാഹിബിന് അനുമതിയുണ്ടെന്ന് ഡഗ്ലസ്സ് തന്റെ വിധിന്യായത്തിൽ പ്രത്യേകം എടുത്തുപറഞ്ഞു.

എന്നാൽ വാഗ്ദത്തമസീഹ് പറഞ്ഞു:

"അവർക്കെതിരിൽ ഒരു നിയമനടപടിയും കൈക്കൊള്ളാൻ ഞാനാഗ്രഹിക്കുന്നില്ല. എന്റെ കേസ്സ് മുമ്പെ തന്നെ ദൈവസമക്ഷം സമർപ്പിച്ചുകഴിഞ്ഞു." (ലക്ചർ ലുധിയാന പേജ് 22)

***വിവ: കെ. വി. ഹസ്സൻകോയ***

# ഭിന്നിപ്പിന്ന് കാരണം (മുഖക്കുറിപ്പ്)

*(5-ാം പേജിൽ നിന്ന് )*

കില്ല എന്നത് തിരുനബി (സ) ശക്തമായ വാഗ്ദാനമാണ്.

മുഹമ്മദ് നബി (സ)യുടെ ഉമ്മത്തിൽ വരുന്ന പ്രവാചകനെ (മഹ്ദി, മസീഹ്) കുറിച്ചും അതിനെ തുടർന്നുണ്ടാകുന്ന ഖിലാഫത്തിനെ കുറിച്ചും ശക്തവും വ്യക്തവുമായ അരുളപ്പാടുകളുണ്ടായിട്ടും ബഹുഭൂരിപക്ഷം മുസ്ലിംകളും അത് ചെവിക്കൊണ്ടില്ല. എത്രത്തോളമെന്നാൽ റസൂൽ തിരുമേനി പറഞ്ഞു: "ഒരു ഇമാമിനെ ബൈഅത്ത് (അനുസരണപ്രതിജ്ഞ) ചെയ്യാതെ മരിക്കുന്നവൻ അവിശ്വാസത്തിന്റെ മരണം വരിച്ചു." (മിശ്കാത്ത്)

പതിനാല് നൂറ്റാണ്ടുകളോളം അനുസ്യൂതം തുടർന്നുവരികയും ആഗോള മുസ്ലിം സമൂഹജീവിതത്തിന്റെ എല്ലാമെല്ലാമായിത്തീരുകയും ചെയ്ത ഖിലാഫത്തിന്ന് അഭിലഷണീയമല്ലാത്ത ഗതിവ്യതിയാനം വന്നു. ഖുലഫാ ഉർറാശിദക്ക് ശേഷം അമവിയ്യാ, അബ്ബാസിയ്യാ, ഉസ്മാനിയ്യാ ഖിലാഫത്തുകൾ നിലവിൽ വന്നു. ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ചിരുന്ന തുർക്കി ഖിലാഫത്ത് 1918ൽ ഒന്നാം ലോകമഹായുദ്ധം അവസാനിച്ചതോടെ ലോകത്ത് നിന്ന് തിരോഭവിച്ചു. റസൂൽ തിരുമേനി പ്രവചിച്ചതുപോലെ നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് അഥവാ അഹ്മദിയ്യാ ഖിലാഫത്ത് അപ്പോഴേക്കും അല്ലാഹു സ്ഥാപിച്ചുകഴിഞ്ഞിരുന്നു.

നിർഭാഗ്യമെന്ന് പറയട്ടെ, നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ സ്ഥാപിതമായ ഖിലാഫത്താകുന്ന ഈ ദൈവിക വ്യവസ്ഥയിലേക്ക് അണിചേരാൻ മുസ്ലിം സമുദായത്തെ ഉലമാക്കൾ അനുവദിച്ചില്ല. അവസാനകാലത്ത് പ്രത്യക്ഷപ്പെടുന്ന ഈ ഉലമാക്കളെപ്പറ്റി റസൂൽ തിരുമേനി (സ) പറയുകയുണ്ടായി. "അവരുടെ ആലിംകൾ ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ടജീവികളായിരിക്കും 'ഫിത്ന' അവരിൽനിന്ന് പുറപ്പെടുകയും അവരിലേക്ക് തന്നെ തിരിച്ചുചെല്ലുകയും ചെയ്യും" (മിശ്കാത്ത്). തിരുനബി (സ)യുടെ സത്യം ലോകത്ത് വിജയിപ്പിക്കാൻ ആഹോരാത്രം യത്നിക്കുന്ന അഹ്മദിയ്യാ ഖിലാഫത്തിനെ നശിപ്പിക്കാൻ എന്തെല്ലാം മുറകൾ അവർ പയറ്റിനോക്കി. തിരുനബി (സ)യുടെ മഹത്തായ ഒരു പ്രവചനത്തിന്റെ സാക്ഷാത്കാരമായി അല്ലാഹുവിനാൽ സ്ഥാപിതമായ അഹ്മദിയ്യാ ഖിലാഫത്തിനെ നശിപ്പിക്കാൻ ഉലമാക്കന്മാർക്കാവുമോ? ദൈവിക സ്ഥാപനത്തെ നശിപ്പിക്കാൻ ശ്രമിച്ച എല്ലാ കുതന്ത്രങ്ങളും അവരുടെ തട്ടകങ്ങളിലേക്ക് തന്നെ പതിന്മടങ്ങ് ശക്തിയോടെ തിരിച്ചുചെന്ന് മുസ്ലിം സമുദായം ഛിന്നഭിന്നമായി. അഹ്മദിയ്യാ ജമാഅത്ത് പുരോഗതിയുടെ ആകാശവിതാനങ്ങളിലേക്ക് കുതിക്കുകയാണ്. ഇന്ന് 18 കോടിയോളം മുസ്ലിം വിശ്വാസികൾ അതിന്നുപിന്നിൽ അണിനിരന്നുകഴിഞ്ഞു. 175 രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമാവുകയും ചെയ്തിരിക്കുന്നു.

ഖിലാഫത്തിന്റെ അഭാവത്തിൽ ഭൗതിക പ്രസ്ഥാനങ്ങളെ അനുകരിച്ച് സംഘടനകളും കമ്മിറ്റികളുമുണ്ടാക്കി മുസ്ലിംകളുടെ മതസാമൂഹികജീവിതത്തിന് നേതൃത്വം നൽകാനാണ് ഉലമാക്കൾ പിന്നീട് തീരുമാനിച്ചത്. ഇന്ന് കാണുന്ന മുസ്ലിം സംഘടനകളെല്ലാം തുർക്കി ഖിലാഫത്തിന്റെ പതനത്തിന് ശേഷം ആവിർഭവിച്ചതാണെന്ന് നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഓരോ മുസ്ലിം പണ്ഡിതനും തനിക്ക് തോന്നിയ ആദർശങ്ങൾക്കനുസരിച്ച് ഓരോ സംഘടനയുണ്ടാക്കി ആഗോള മുസ്ലിംസമുദായത്തെ പങ്കിട്ടെടുക്കുകയായിരുന്നു. അവിടംകൊണ്ടും അവസാനിച്ചില്ല. പരസ്പരം പോരടിക്കുന്ന അങ്കക്കോഴികളെപ്പോലെ ഓരോ മുസ്ലിം സംഘടനയുടെയും ഏറ്റവും വലിയ ജിഹാദ് മറ്റൊരു മുസ്ലിം സംഘടനയോടായിരുന്നു. ഉലമാക്കളും സംഘടനകളും നേതൃത്വമേറ്റെടുത്ത് എട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ഗതിയെന്തായി? നാനാവിധത്തിലും നാശം വന്ന് അധഃപ്പതനത്തിന്റെ അഗാധങ്ങളിലേക്ക് ആഗോള മുസ്ലിംസമുദായത്തേയും കൊണ്ട് അവർ മുതലക്കൂപ്പ് കുത്തിക്കഴിഞ്ഞു. ചരിത്രത്തിൽ മറ്റൊരു മതസമൂഹത്തിനും നേരിടേണ്ടിവന്നിട്ടില്ലാത്ത ഒരു വിപദ്സന്ധിയേയാണ് അവരിന്ന് അഭിമുഖീകരിക്കുന്നത്. തലച്ചോറ് മരവിച്ചുപോവുകയും ഹൃദയം തകർന്നുപോകുകയും ചെയ്യുന്ന അതിദാരുണരംഗങ്ങളാണ്. മുസ്ലിം സമൂഹത്തിൽ നിന്നും നാം കേട്ടുകൊണ്ടിരിക്കുന്നത്. അവിടങ്ങളിൽ ചോരയും കണ്ണീരും ഒഴുകാത്ത നിമിഷങ്ങളില്ല. പ്രവാചകന്മാരെ ധിക്കരിക്കുകയും വധിക്കാൻ ശ്രമിക്കുകയും ചെയ്ത ''ശപ്തരായ' യഹൂദികൾക്ക് പോലും ഇത്ര ക്രൂരവും നിന്ദാകരവുമായ അവസ്ഥ അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ല. മുസ്ലിംകളാകട്ടെ, എത്രവലിയ സമൂഹമാണ്! ലോകചരിത്രത്തിൽ അഭിമാനകരമായ ഒരു ഭൂതകാലപാരമ്പര്യമുള്ളവരും. ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്നും വേർപെട്ടുനിൽക്കുന്ന മുസ്ലിംകൾ ഇനിയും ഈ യാഥാർത്ഥ്യം ഗ്രഹിക്കാത്തതെന്ത്? ഖുർആന്റെ ഈ വചനം അവർ ശ്രദ്ധിക്കട്ടെ.

"അല്ലാഹുവിന്റെ ദിക്റിനും (അവങ്കൽ നിന്ന്) ഇറങ്ങിയ സത്യത്തിനും വേണ്ടി ഹൃദയങ്ങളിൽ ഭയഭക്തിയുണ്ടാവാനും മുമ്പു ഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കാനും വിശ്വാസികൾക്ക് സമയമായിട്ടില്ലേ? അവരിൽ ഒരു ദീർഘകാലം കഴിഞ്ഞപ്പോൾ അവരുടെ ഹൃദയങ്ങൾ കടുത്തുപോയി. അവരിൽ അധികപേരും ആജ്ഞാലംഘകരായിത്തീർന്നു." (57:17) ■

റിപ്പോർട്ട്

# ഖുദ്ദാം അത്ഫാൽ സംസ്ഥാന ഇജ്തിമാഅ് സമാപിച്ചു

**മഹ്മൂദ് കൽക്കുളം**

**കോ**ഴിക്കോട്: കേരളാ അഹ്മദിയ്യാ ചരിത്രത്തിൽ, ത്യാഗസ്മരണകളുറങ്ങികിടക്കുന്ന കോഴിക്കോട് വെച്ച് അഹ്മദിയ്യാ യുവജന ബാലജന വിഭാഗങ്ങളുടെ സംയുക്ത ആത്മീയ സംഗമം ഇക്കഴിഞ്ഞ ആഗസ്റ്റ് 20, 21, 22 തീയ്യതികളിൽ നടന്നു.

20-8-02ന് രാവിലെ 9.30ന് സൂബാഇ അമീർ എ. പി. കുഞ്ഞാമുസാഹിബ് ഇസ്‌ലാമിക പതാകയും സദർഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് മൗലവി മുഹമ്മദ് നസീംഖാൻ സാഹിബ് ഖുദ്ദാമിന്റെ പതാകയും ഉയർത്തിയതോടെ പരിപാടികൾക്ക് സമാരംഭം കുറിച്ചു. തുടർന്ന് ബൈത്തുൽ ഖുദ്ദൂസിൽ പ്രത്യേകം സജ്ജമാക്കിയ മനോഹരമായ വേദിയിൽ സൂബാഇഅമീർ സാഹിബിന്റെ മഹനീയ അദ്ധ്യക്ഷതയിൽ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. അഖിലേന്ത്യാ സദർ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. സംസ്ഥാന ഖാഇദ് സജിദ് പടിയത്ത് ആമുഖഭാഷണം നിർവ്വഹിച്ചു. പോഷകസംഘടനകൾ, ഒരു വാഹനത്തിന്റെ നാല് ചക്രങ്ങളെപ്പോലെ ഒരേ വിധം ചലിക്കുമ്പോഴാണ് ജമാഅത്തിന്റെ മൊത്തം സംവിധാനങ്ങൾ ചലനാത്കമാകുന്നതെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ സുബാഇ അമീർസാഹിബ് പറഞ്ഞു. ശാഖാ സംഘടനകൾ രൂപവത്കരിക്കപ്പെട്ടതിന്റെ പിന്നിൽ മഹത്തായ ഉദ്ദേശലക്ഷ്യങ്ങളാണുള്ളത്. അതിനാൽ പരസ്പരം ഐക്യത്തിലും സ്നേഹത്തിലും വർത്തിക്കുകയും മുന്നോട്ടു പോകുകയും വേണമെന്ന്. അദ്ദേഹം യുവാക്കളെ ഉണർത്തുകയുണ്ടായി. തുടർന്ന് മുഖ്യപ്രഭാഷണം നടത്തിയ അഖിലേന്ത്യാ സദർ മൗലവി നസീംഖാൻ സാഹിബ്, ഇസ്‌ലാമിനും മാനവസാഹോദര്യത്തിനും വില കല്പിക്കപ്പെടാത്ത വർത്തമാനയുഗത്തിൽ, ഈ പോരായ്മകൾ നികത്തുവാൻ യുവാക്കൾ സജീവമായി രംഗത്തിറങ്ങണമെന്നും പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങളൊന്നും പാഴാക്കരുതെന്നും ഓർമ്മിപ്പിച്ചു. ഖാദീംകളുടെ വ്യക്തിജീവിതം മാതൃകാപരവും ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്കനുസൃതവുമായിരിക്കണം എന്ന് നസീംഖാൻ സാഹിബ് ഉപദേശിച്ചു. ചീഫ് മിഷ്യനറി മൗലാനാ മുഹമ്മദ് ഉമർസാഹിബ് ഉപദേശപ്രസംഗം നടത്തി ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ നാഇബ് സദർ ശിറാസ് അഹ്മദ് സാഹിബ്, ബി. എം. കോയാസാഹിബ് (നാസിം അഅ്ലാ മജ്‌ലിസ് അൻസാറുല്ലാഹ് കേരള) ശുഅയ്ബ് അഹ്മദ് സാഹിബ് (നാസിം ഇശാഅത്ത് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്) തുടങ്ങിയവർ ആശംസകളർപ്പിച്ചുകൊണ്ട് സംസാരിച്ചു. സംസ്ഥാന മുഅ്തമിദ് ഫൗസ് ജമാൽ റിപ്പോർട്ടവതരിപ്പിച്ചു. മസീഹ് മൗഊദ് (അ)ന്റെ ജീവചരിത്രഗ്രന്ഥമായ, ഹസ്റത്ത് അഹ്മദ് (അ) രണ്ടാം ഭാഗം, ഹുസൂറിന്റെ ചോദ്യോത്തരങ്ങൾ, നബി (സ) തിരുമേനിയുടെ പ്രാർത്ഥനകൾ, മസീഹ് മൗഊദ് (അ)ന്റെ പ്രാർത്ഥനകൾ, നമ്മുടെ ദൈവം എന്നീ ഗ്രന്ഥങ്ങളുടെ പ്രകാശനകർമ്മം തദവസരത്തിൽ നിർവ്വഹിക്കപ്പെട്ടു.

ഉച്ചക്ക്ശേഷം വിവിധ മത്സരങ്ങൾ നടന്നു. വൈകുന്നേരം നടന്ന യോഗത്തിൽ സത്യദൂതൻ പത്രാധിപർ എ എം മുഹമ്മദ് സലീം സാഹിബ്, കേരളാ ക്രിസ്ത്യാനികളും ക്രിസ്തുമതവും എന്ന വിഷയം ഗവേഷണാത്മകവും പഠനാത്മകവുമായ രീതിയിൽ അവതരിപ്പിച്ചുകൊണ്ട് ക്ലാസെടുത്തു. മൗലവി അബ്ദുസ്സലാം സാഹിബ് റസൂലുല്ലായും സഹാബാക്കളും എന്ന വിഷയത്തെപ്പറ്റി അത്ഫാലിന് വേണ്ടിയും ക്ലാസെടുക്കുകയുണ്ടായി. ഹുസൂർ തിരുമനസ്സിന്റെ ഖുത്ബകളെ അടിസ്ഥാനമാക്കിയുള്ള 'ഖുത്ബ ക്വിസ്' മൗലവി കെ മഹ്മൂദ് അഹ്മദ് സാഹിബ് നടത്തി.

പുലർച്ചെ 4.30ന് തഹജ്ജൂദ് നമസ്കാരത്തോടെയാണ് രണ്ടാംദിവസത്തെ പരിപാടികൾ ആരംഭിച്ചത്. മൗലവി മുഹമ്മദ് ഉമർ സാഹിബ് ഖുർആൻ ദർസ് നിർവ്വഹിച്ചു. രാവിലെ നടന്ന സെഷനിൽ മൗലവി എം നാസിർ അഹ്മദ് സാഹിബ്, നമസ്കാരം മുറപ്രകാരം നിലനിർത്തൽ, എന്ന വിഷയത്തെക്കുറിച്ച് തർബിയ്യത്ത് ക്ലാസെടുത്തു. കെ വി ഈസക്കോയ സാഹിബ് ജീവോൽപ്പത്തിയെക്കുറിച്ചും ജനാബ് മുഹമ്മദലി മാസ്റ്റർ സാഹിബ് വിജ്ഞാനസമ്പാദനം ഇസ്‌ലാമികദൃഷ്ടിയിൽ എന്ന വിഷയത്തെക്കുറിച്ചും ക്ലാസെടുത്തു. ഉച്ചക്കുശേഷം നടന്ന ആരോഗ്യ രംഗം പരിപാടിയിൽ ഡോ. പ്രേം രവിവർമ്മ (ക്യാൻസർ സ്പെഷലിസ്റ്റ്) ഡോ: വസീം അഹ്മദ് ശിശുരോഗചികിത്സാ സ്പെഷ്യലിസ്റ്റ്) എന്നിവർ ആരോഗ്യ സംബന്ധമായി ഉന്നയിക്കപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകി. വൈകുന്നേരം നടന്ന വിജ്ഞാനസദസ്സിൽ അഖിലേന്ത്യാ സദർ മൗലവി നസീംഖാൻ സാഹിബ് നാഇബ് സദർ ശിറാസ് അഹ്മദ് സാഹിബ്, മൗലവി കെ. മഹ്മൂദ് അഹ് മദ് സാഹിബ് എന്നിവർ സദസ്സിനെ അഭിമുഖീകരിച്ചു. ബാലവിഭാഗങ്ങളുടെ ചോദ്യങ്ങൾക്ക് മൗലവി നാസിർ അഹ്മദ് സാഹിബ് മറുപടി നൽകുകയുണ്ടായി.

തഹജ്ജൂദ് നമസ്കാരത്തോടെ സമാപനദിവസത്തെ പരിപാടികൾക്ക് തുടക്കം കുറിച്ചു. മൗലവി ടി.എം. മുഹമ്മദ് സാഹിബ് ഖുർആൻ ദർസ് നടത്തി. മൗ: മുഹമ്മദ് ഉമർ സാഹിബിന്റെ അധ്യക്ഷതയിൽ നടന്ന വഖ്ഫ് നൗസംഗമത്തിൽ വഖ്ഫ്നൗ നേഷനൽ സിക്രട്ടറി മൗലാനാ മുഹമ്മദു നസീംഖാൻ, നായിബ് സദർ ശിറാസ് അഹ്മദ്, വഖ്ഫ് നൗ സംസ്ഥാന സിക്രട്ടറി ഡോ. സലാഹുദ്ദീൻ എന്നിവർ പ്രസംഗിച്ചു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് 'അനുസരണം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. സൂബായി അമീർ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ സദർ സാഹിബും മറ്റു വിശിഷ്ടാതിഥികളും സംസാരിച്ചു. വിശിഷ്ടാതിഥികൾ സമ്മാനദാനം നിർവ്വഹിച്ചു. ദുആയോടെ ഇജ്തിമാ സമാപിച്ചു. ആയിരത്തോളം പ്രതിനിധികൾ ഇജ്തിമായിൽ സംബന്ധിച്ചു. ■

കുറിപ്പുകൾ

മുസാഫിർ

# പണ്ഡിതന്മാർ പിളർത്തിയ മുജാഹിദ് പ്രസ്ഥാനം

**1922** ൽ കൊടുങ്ങല്ലൂരിൽ രൂപം കൊണ്ട 'കേരള മുസ്‌ലിം ഐക്യ സംഘ'മാണ് പിന്നീട് കെ എം മൗലവിയുടെ നേതൃത്വത്തിൽ 'കേരള നദ്‌വത്തുൽ മുജാഹിദീൻ ആയി മാറിയത്. മുസ്‌ലിം ഐക്യത്തിന്റെ പേരിൽ തുടങ്ങിയ മുജാഹിദ് പ്രസ്ഥാനം 2002 ആഗസ്റ്റ് 12ന് ജനറൽസെക്രട്ടറി എ പി അബ്ദുൾ ഖാദിർ മൗലവിയുടെ പത്ര പ്രസ്താവനയോടെ പിളർന്നു രണ്ടായി. മാതൃസംഘടനയായ കേരള നദ്‌വത്തുൽ മുജാഹിദീനിൽ നിന്നും യുവജനസംഘടനയായ ഇത്തിഹാദുശ്ശുബ്ബാനിൽ മുജാഹിദീനെ (ഐ.എസ്.എം) പുറത്താക്കിക്കൊണ്ടുള്ളതായിരുന്നു കെ.എൻ.എം. ജനറൽ സെക്രട്ടറിയുടെ പ്രസ്താവന. പ്രൊ. ഹുസൈൻ മടവൂർ നേതൃത്വം കൊടുക്കുന്ന പുറത്താക്കപ്പെട്ട ഐ. എസ്. എം. പുതിയ ഒരു മാതൃസംഘടന (കെ.എൻ.എം) സൃഷ്ടിച്ച് പകരം വീട്ടുകയുണ്ടായി. കേരള നദ്‌വത്തുൽ മുജാഹിദീൻ (പൊതുസംഘടന) കൂടാതെ കേരള ജംഇയ്യത്തുൽ ഉലമ (പണ്ഡിതസംഘടന) ഇത്തിഹാദുശ്ശുബ്ബാനിൽ മുജാഹിദീൻ (യുവജനസംഘടന) മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റ് (വിദ്യാർത്ഥി സംഘടന) മുജാഹിദ് ഗേൾസ് മൂവ്മെന്റ് (വനിതാസംഘടന) എന്നീ ശാഖാസംഘടനകളിലേക്കും പിളർപ്പ് പൂർത്തിയായി വരികയാണ്. ഇരുവിഭാഗത്തേയും പണ്ഡിതന്മാർ അംഗസംഖ്യ, കമ്മിറ്റികൾ, കെട്ടിടസമുച്ചയങ്ങൾ, പള്ളികൾ, മദ്റസകൾ പ്രസിദ്ധീകരണങ്ങൾ മുതലായ ആൾബലത്തിന്റേയും വസ്തുവഹകളുടേയും അവകാശവാദങ്ങളും പിടിച്ചെടുക്കാനുള്ള പ്രവർത്തനങ്ങളുമായി അരങ്ങത്തും അണിയറയിലും സജീവമായി രംഗത്തുണ്ട്. കുറച്ച് മുമ്പ് സുന്നി മുസല്യാക്കന്മാരുടെ സംഘടന പരസ്പരം പിളർന്ന് അങ്കംവെട്ടി നാടുമുഴുവൻ കുട്ടിച്ചോറാക്കി തളർന്നിരിക്കുമ്പോഴാണ് സ്വന്തം തട്ടകത്തിൽ വെച്ച് മുജാഹിദ് മൗലവിമാരുടെ ജിഹാദ് ഭേരി നാം കേൾക്കുന്നത്. ഉലമാക്കന്മാരുടെ ഇത്തരം ഖിദ്മത്തുകളാണല്ലോ ഖൈറുൽ ഉമ്മത്തിനെ ഈ വിധമാക്കിതീർത്തത്. തൗഹീദ് പ്രചരിപ്പിക്കാൻവേണ്ടി മുജാഹിദ് സഹോദരന്മാർ കൈയ്യിലേന്തിയ പടവാൾ ഇപ്പോൾ സ്വന്തം സഹോദരനായ മറ്റൊരു മുജാഹിദിന്റെ നെഞ്ചിലേക്ക് ചുഴറ്റുമ്പോൾ ഉൽപതിഷ്ണു പണ്ഡിതന്മാരുടെ ഈ ഇസ്‌ലാഹി ജിഹാദ് കണ്ട് ദീനീ സ്നേഹികൾ അമ്പരക്കുകയാണ്. ഇനിയെന്തെല്ലാം കാണാൻ കിടക്കുന്നു എന്ന ആശങ്ക ബാക്കിയും.

കെ.എൻ.എം. എക്സിക്യൂട്ടീവ് അംഗമായ ഇരു ചേരിയിലുംപെടാത്ത സമവായത്തിന്റെ ഏകനായ വക്താവ് മാധ്യമം പത്രത്തിൽ ഒരു അഭിമുഖത്തിൽ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. "നേതാക്കന്മാരൊഴിച്ച് ഇസ്‌ലാഹി ആശയക്കാരിൽ ബഹുഭൂരിഭാഗവും സംഘടനയുടെ പിളർപ്പിൽ വേദനിക്കുന്നവരും ഭിന്നിപ്പ് പരിഹരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവരുമാണ്. സംഘടനയിലെ പിളർപ്പിൽ മനംനൊന്ത് ഉറക്കം വരാത്തവരും ശരിക്ക് ഭക്ഷണം കഴിക്കാൻ പോലും കഴിയാത്തവരുമായ എത്രയോ പ്രവർത്തകരെ എനിക്കറിയാം. കരഞ്ഞു കലങ്ങിയ കണ്ണുമായിട്ടാണ് അവരിൽ പലരും എന്നെ സമീപിക്കുന്നത്. നിസ്സാർത്ഥരായ ആ പ്രവർത്തകരെ അഭിമുഖീകരിക്കാൻ കഴിയാതെ എനിക്കും കരയേണ്ട അവസ്ഥയാണ്. മദനി വിതുമ്പി.... കെ.എൻ.എം ജനറൽ സെക്രട്ടറിയാവേണ്ടിവന്നപ്പോൾ ഭാരിച്ച ചുമതല നീതിപൂർവ്വം നടത്തിക്കൊണ്ടു പോകാൻ കഴിയില്ലെന്ന് ഭയന്ന് കെ.പി. മുഹമ്മദ് മൗലവി കരയുകയായിരുന്നു. എന്നാലിന്നോ! സംഘടനയുടെ നേതൃസ്ഥാനത്തേക്ക് വരാൻ മിക്കവരും 'ലോബിയിംഗ്' നടത്തുകയാണ്. (മാധ്യമം ആഗസ്റ്റ് 27) എ.പി. അബ്ദുൾഖാദിർ മൗലവി ഗ്രൂപ്പിന്റെ അക്കൗണ്ടിലുള്ള 27 ലക്ഷം രൂപ ഹുസൈൻ മടവൂരും കൂട്ടരും മരവിപ്പിച്ചു നിർത്തിയതിന്റെ പേരിലുള്ള പ്രസ്താവനാ യുദ്ധങ്ങളാണല്ലോ ഇപ്പോൾ പത്രങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്.

ദീനീസ്നേഹികളും, നിഷ്കളങ്കരും ഐക്യത്തിൽകഴിഞ്ഞിരുന്നവരുമായ സാധാരണ മുജാഹിദ് പ്രവർത്തകരിലേക്ക് പിളർപ്പിന്റെ സന്ദേശമെത്തിയപ്പോൾ അവർ പകച്ചുപോയി. പലരും അക്ഷരാർത്ഥത്തിൽ കരഞ്ഞു. ഇസ്‌ലാമിന്റെ പ്രതീകമാണെന്ന് അവർ ധരിച്ചിരുന്ന അവരുടെ പ്രിയപ്പെട്ട സംഘടനയെ എന്തിനുവേണ്ടിയാണ് അവരുടെ ഉലമാക്കന്മാർ പിളർത്തിയത്?

മലയാളത്തിൽ ഖുത്ബ, സ്ത്രീകളുടെ പള്ളിപ്രവേശം, തവസ്സുൽ-ഇസ്തിഗാസ്സ, നമസ്കാരത്തിൽ നെഞ്ചത്ത് കൈകെട്ടൽ, നമസ്കരിക്കുമ്പോൾ തലമറക്കാതിരിക്കൽ, മാല-മന്ത്രം-മൗലൂദുകളോടുള്ള എതിർപ്പ് മുതലായ അഖീദാപരവും ആദർശപരവുമായ ദീനീ വിഷയങ്ങളിൽ ഇരു ചേരികളിലുമുള്ള പണ്ഡിതന്മാർക്കാർക്കും അഭിപ്രായവ്യത്യാസമുള്ളതായി പ്രസ്താവനായുദ്ധങ്ങൾ അരങ്ങ് തകർക്കുന്ന ഈ ഘട്ടത്തിലും ആരും വെളിപ്പെടുത്തിയിട്ടില്ല. അപ്പോൾ പ്രശ്നം ദീനല്ല എന്ന് വ്യക്തം. പല രാഷ്ട്രീയ സാമൂഹ്യ സംഘടനകളേയും ഇടക്കിടെ കശക്കിയെറിഞ്ഞ് ഛിന്നഭിന്നമാക്കുന്ന 'ദുനിയാവ്' തന്നെയാണ് മുജാഹിദ് പണ്ഡിതന്മാരെയും കീഴ്പ്പെടുത്തിയ വില്ലൻ.

അവസാനകാലത്തെ പണ്ഡിതന്മാരെപ്പറ്റി നബിതിരുമേനി പറഞ്ഞ ഹദീസ് ഇപ്രകാരമാണ്. 'അല്ല നിങ്ങൾ അന്നു വളരെ അധികമായിരിക്കും. പക്ഷെ ഒഴുക്കിൽപ്പെട്ട ചണ്ടികൾപോലെയായിരിക്കും നിങ്ങൾ. നിങ്ങളുടെ ശത്രുക്കളുടെ ഹൃദയങ്ങളിൽ നിന്നു നിങ്ങളെക്കുറിച്ചുള്ള ഭയം അല്ലാഹു എടുത്തുകളയുകയും നിങ്ങളുടെ ഹൃദയങ്ങളിൽ 'വഹൻ' ഉളവാക്കുകയും ചെയ്യും. അപ്പോൾ അല്ലയോ ദൂതരേ, 'വഹൻ'

എന്നാൽ എന്താണ് എന്ന് ഒരാൾ ചോദി ച്ചു. തിരുമേനി പറഞ്ഞു ഐഹികജീ വിതത്തോടുള്ള പ്രേമവും മരണത്തെ ക്കുറിച്ചുള്ള ഭീതിയും തന്നെ (മിശ്കാത്ത്). ഈ 'വഹൻ' (ഭൗതികാ സക്തി) തന്നെയല്ലെ നമ്മുടെ മുജാ ഹിദ് പണ്ഡിതന്മാരെ പിടികൂടിയ രോഗം? തിരുനബി (സ) ഇത്തരം പണ്ഡിതന്മാരെപ്പറ്റി മറ്റൊരിക്കൽ പറ ഞ്ഞത് എത്ര അർത്ഥപൂർണ്ണം. 'തീർച്ച യായും ജനങ്ങളിൽ ഒരുകാലംവരും അന്ന് ഇസ്ലാമിന്റെ നാമവും ഖുർ ആന്റെ ലിപിയും മാത്രം ശേഷിക്കും. അവരുടെ പള്ളികൾ ജനപ്പെരുമാറ്റമുള്ള വയായിരിക്കുമെങ്കിലും അവ ഭക്തിശൂ ന്യങ്ങളായിരിക്കും. അവരുടെ ആലിം കൾ ആകാശത്തിനുകീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. ഫിത്ന അവ രിൽനിന്ന് പുറപ്പെടുകയും അവരിലേക്ക് തന്നെ മടങ്ങിച്ചെല്ലുകയും ചെയ്യും (മിശ്കാത്ത്).

എഴുപതുകൾക്ക് ശേഷം സഊദി യിലേയും ഗൾഫിലേയും സലഫി രാജാക്കന്മാരിൽ നിന്നും അറബിക ളിൽനിന്നും പ്രസ്ഥാന ബന്ധുത്വ ത്തിന്റെ പേരിൽ കേരളത്തിലേക്കൊഴു കിയെത്തിയ പെട്രോഡോളറിന്റെ തങ്ക ച്ചാറിൽ മുജാഹിദ് പ്രസ്ഥാനം നീന്തി ത്തുടിക്കുകയായിരുന്നു. കെ യം മൗല വിയുടേയും ഇ കെ മൗലവിയുടേയും കാലത്തെ ലളിതവും പ്രയാസമേറിയതു മായ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് ഗതിവ്യതിയാനം വന്നു. ഭക്തിശൂന്യമായ മേനിക്കൊഴുപ്പിലേക്കും മേളങ്ങ ളിലെക്കും, പ്രദർശനാത്മകതയി ലേക്കും മുജാഹിദ് പണ്ഡിതനേതൃത്വം വഴിമാറി. ഏക്കർ കണക്കിന് പന്തൽ കെട്ടി അറബികളെ എഴുന്നള്ളിച്ചുകൊ ണ്ടുള്ള പടുകൂറ്റൻ സമ്മേളനങ്ങൾ, വമ്പിച്ച കെട്ടിട സമുച്ചയങ്ങൾ, പ്രസി ദ്ധീകരണങ്ങൾ, ഗൾഫ് നാടുകളിലേ ക്കുള്ള ഭിക്ഷാടനം തുടങ്ങി അറബിക ളുടെ അച്ചാരംവാങ്ങി പണ്ഡിതന്മാർ നട ത്തിയ ഈ വക പ്രവർത്തനങ്ങൾക്കെ ല്ലാം ഇസ്ലാമികമായ ഒരു പരിവേഷം നൽകപ്പെട്ടു. പാവപ്പെട്ട മുജാഹിദ് അനു യായികൾ ഇതെല്ലാം ഇസ്ലാമികമായ ഒരുണർവ്വാണെന്ന് തെറ്റിദ്ധരിച്ചു. വാസ്തവത്തിൽ മുജാഹിദ് പ്രസ്ഥാന ത്തിന്റെ നവജാഗരണം ഒരു ഗൾഫ് പ്രതിഭാസം മാത്രമായിരുന്നു. ഗൾഫ് വസന്തകാലത്ത് നാട്ടിലുടനീളം ഉയർന്നുവന്ന കോൺക്രീറ്റ് കെട്ടിട ങ്ങൾപോലെ മുജാഹിദ് പ്രസ്ഥാനവും പനപോലെ വളർ ന്നു. മുജാഹിദ് നേതൃ ത്വത്തിന്ന് കൈവ ന്ന അളവറ്റ സമ്പത്തും അതിനോടനുബന്ധിച്ചുള്ള അധികാരങ്ങളും കൈയ്യടക്കാനും പണ്ഡിതനേതാക്കന്മാരിൽ ഗൂഢമായ ഉപജാപങ്ങൾ രൂപംകൊള്ളുകയായിരു ന്നു. അതാണ് ഇപ്പോൾ പിളർപ്പായി അരങ്ങത്ത് വന്നതെന്ന് അവരുടെ പ്രസ്താവനകളിൽ നിന്നും വ്യക്തമാണ്. അതാണ് പ്രശ്നം ദീനല്ല ദുനിയാ വാണെന്ന് പറയുന്നത്.

കേരളത്തിലെ മുസ്ലിംകൾക്കിട യിൽ വിദ്യാഭ്യാസരംഗത്തും, സാമൂദാ യിക പരിഷ്കരണരംഗത്തും അന്ധവി ശ്വാസങ്ങൾക്കെതിരെയുള്ള ബോധ വത്കരണരംഗത്തും മുജാഹിദ് പ്രസ്ഥാനം ഗണ്യമായ സ്വാധീനം ചെലു ത്തിയിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. കേരളത്തിലെ മറ്റു മതസമുദായങ്ങളു മായി തട്ടിച്ചുനോക്കുമ്പോൾ സാമൂഹ്യ പുരോഗതിയിൽ മുസ്ലിംകൾ ഇനിയു മെത്രയോ ദൂരം താണ്ടേണ്ടിയിരിക്കുന്നു. സുന്നി ഉലമാ പ്രഭുക്കന്മാരുടെ ഇരുട്ടു കോട്ടകളിൽ തളച്ചിട്ടിരുന്ന മുസ്ലിം കൾ വെളിച്ചത്തിലേക്ക് നടന്നടുക്കുന്ന ഈ ഘട്ടത്തിൽ മുജാഹിദ് പ്രസ്ഥാന ത്തിന്ന് ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്തുതീർക്കേണ്ടതുണ്ടായിരുന്നു. അതിനേക്കാൾ ഭയനാനകമായി ചരിത്ര ത്തിലിന്നോളം ദൃശ്യമായിട്ടില്ലാത്ത വിധം കൊടിയ വിപത്തുകൾ മുസ്ലിം സമൂഹത്തെ വലയം ചെയ്തുകൊണ്ടി രിക്കുകയാണ്. ആളിക്കത്തുന്ന ഒരഗ്നി കുണ്ഡത്തിന് അരികിലൂടെ ഈ പാവ പ്പെട്ട സമുദായം വേച്ചുവേച്ചു നടക്കു കയാണ്. കൂട്ടക്കുരുതികൾ, വംശഹത്യ കൾ, യുദ്ധഭീഷണി എല്ലാ വിപത്തു കളും കൂടി നേതൃശൂന്യമായ ഈ സമു ദായത്തെ ജീവച്ഛവമാക്കിയിരിക്കുന്നു. ഈ ദുരവസ്ഥയിൽ മുസ്ലിംകൾ ഒന്നി ക്കണമെന്ന് ആർത്തട്ടഹസിച്ച മുജാ ഹിദ് പണ്ഡിതന്മാർ അവരുടെ സാമ്പ ത്തികമായ ദുരാഗ്രഹങ്ങളോടും അഹ ങ്കാരത്തോടും ദുർവാശിയോടും അണു മണിതൂക്കംപോലും വിട്ടുവീഴ്ച ചെയ്യാ തെ മുസ്ലിം സമുദായത്തിന്റെ അല്പ മെങ്കിലും ജീവസ്സുറ്റ ഒരു വിഭാഗത്തെ പിളർത്തിയിരിക്കുകയാണ്. അകാരണ മായി സമുദായത്തെ ഖണ്ഡിച്ച് ഖണ്ഡി ച്ച് ദുർബ്ബലമാക്കുന്ന ഇക്കൂട്ടർ കശാപ്പു ശാലയിലേക്കല്ലേ മുസ്ലിം സമുദാ യത്തെ നയിക്കുന്നത്.

ജാഹിലിയ്യാ കാലഘട്ടത്തിലെ അറ ബി കുഫ്ഫാറുകളുടെ ഗോത്രവഴക്കും അങ്കക്കലിയുമാണ് നമ്മുടെ സ്മൃതിപ ദത്തിലെത്തുന്നത്. ഒരു ഒട്ടകത്തെ പരി ക്കേൽപ്പിച്ചതിനെ തുടർന്ന് ബനൂബക്കർ ഗോത്രവും ബനൂ തഗ്‌ലിബ് ഗോത്രവും തമ്മിൽ 40 വർഷക്കാലം ഘോരയുദ്ധം അരങ്ങേറി. വംശനാശം വന്നു തളർന്നു പോയ ഇരുഗോത്രങ്ങളും തമ്മിലുള്ള യുദ്ധം അവസാനം മറ്റൊരു ഗോത്രം ഇടപെട്ടാണ് നിർത്തിയത്. അതുപോലെ 'ഖത്തഫൻ' എന്ന ഒരേ വംശപരമ്പര യിൽപ്പെട്ട അബ്സ് ഗോത്രവും സുബ്‌യാൻ ഗോത്രവും തമ്മിൽ ഒരു കുതിരപ്പന്തയത്തെ തുടർന്നുണ്ടായ തർക്കം ബസൂസ് എന്ന ഭയാനകയുദ്ധ ത്തിൽ കലാശിക്കുകയാണ് ചെയ്തത്. തൊള്ള നിറയെ തൗഹിദും, ഖുർആൻ ലേണിങ്ങുമായി നടന്ന മുജാഹിദ് പണ്ഡിതന്മാർ എത്രതവണ ഖുർആനും ഹദീസും ഓതിയവരാണ്. സമൂദായ ഘാതകരായ ആ പണ്ഡിതന്മാർ അണി കളെയും സമുദായത്തെയും മറന്ന് പോരിന്നും പിളർപ്പിന്നും മുതിർന്നത് ഇസ്ലാമിക സംസ്കാരമോ ജാഹി ലിയ്യാ സംസ്കാരമോ? ഇതിനേക്കാൾ ഭേദം ഇസ്ലാമെന്താണെന്നറിയാത്ത ജാഹിലിയ്യാ കാലത്തെ ആ അറബി കുഫ്ഫാ റുകളായിരുന്നില്ലേ എന്നുമാ ത്രം മുജാഹിദ് പണ്ഡിതന്മാരെ ഓർമ്മി പ്പിക്കുകയാണ്. അവർ ഗോത്രാഭിമാനം, ധീരത എന്നീ വന്ദ്യമായ മൂല്യങ്ങൾക്ക് വേണ്ടിയായിരുന്നു പടപൊരുതിയത്. നിങ്ങളോ അറബികൾ എറിഞ്ഞുതന്ന നാണയത്തുട്ടുകൾക്ക് വേണ്ടിയും.

**പിൻകുറി:** "തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും വിവിധ കക്ഷി കളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്കു യാതൊരു ബന്ധ വുമില്ല. അവരുടെ കാര്യം അല്ലാഹുവി ങ്കൽ തന്നെയാണിരിക്കുന്നത്. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ സ്സംബന്ധിച്ച് പിന്നീട് അല്ലാഹു അവ ർക്ക് വിവരം നൽകുന്നതാണ്" (വി. ഖുർ ആൻ: 6-160) ■

കുറിപ്പുകൾ

മുസാഫിർ

# തകിടംമറിയുന്ന കാലാവസ്ഥ

**ലോ**കത്താകമാനം കാലാവസ്ഥ സുസ്ഥിരതക്ക് കുഴപ്പം ബാധിച്ചിരിക്കുന്നു. നോഹയുടെ കാലത്തെ പ്രളയത്തെ അനുസ്മരിപ്പിക്കുമാറ് ഈ ആഗസ്റ്റിൽ യൂറോപ്പിലാകെ തിമർത്ത് പെയ്ത പേമാരിയിൽ മധ്യയൂറോപ്പ് ഒരു ഭീമൻ തടാകമായി മാറി. ഏറ്റവും കൂടുതൽ നാശം നേരിട്ട ജർമ്മനി ഇതൊരു ദേശീയ ദുരന്തമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഗതാഗതവും വാർത്താവിനിമയ സംവിധാനങ്ങളും തകർത്ത വെള്ളപ്പൊക്കത്തിൽ 100 ലധികം ആളുകൾ മരിച്ചു. ലക്ഷക്കണക്കിന് കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. അമേരിക്കയിലും പേമാരിയും കൊടുങ്കാറ്റും നാശം വിതക്കുകയാണ്. ആഫ്രിക്കയിലും ഏഷ്യൻരാജ്യങ്ങളിലും വരൾച്ചയും ചുഴലിക്കാറ്റും, കൊടുങ്കാറ്റും, പേമാരിയും ദുരന്തങ്ങൾ സൃഷ്ടിക്കുകയാണ്. ഇന്ത്യയിൽ ഈ വർഷം വൈകിയെത്തിയ ദുർബലമായ മൺസൂൺ. വടക്കെ ഇന്ത്യയെയാകെ വമ്പിച്ച വരൾച്ചയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്. പരിമിതമായ വിദേശനാണ്യശേഖരമുള്ള ദരിദ്ര കർഷകരാജ്യമായ ഇന്ത്യ ഈ വർഷം ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യേണ്ടിവരുമോ എന്ന ആശങ്കയിലാണ്. വർഷത്തിൽ മൂന്നുമീറ്റർ ഘനത്തിൽ മഴ ലഭിക്കുന്ന കേരളത്തിലെ ഇത്തവണത്തെ ദുർബ്ബലമായ കാലവർഷം വരുംനാളുകളിൽ വരൾച്ചയും വൈദ്യുതി ക്ഷാമവുമാണ് നമുക്ക് സമ്മാനിക്കുക.

ആഗോളതാപന (Global Warming) മാണ് കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്നതെന്ന കാര്യം വ്യക്തമായി തെളിയിക്കപ്പെട്ടതാണ്. പക്ഷേ യൂറോപ്പിൽ ആഗസ്റ്റ് മാസമുണ്ടായ വൻപേമാരിയും വെള്ളപ്പൊക്കവും എൽനി നോ (El-nino) എന്നറിയപ്പെടുന്ന ഒരു അസാധാരണ പ്രകൃതി പ്രതിഭാസത്തിന്റെ ഫലമാണെന്ന് ശാസ്ത്രസമൂഹം വിലയിരുത്തുന്നു. സമുദ്രങ്ങളുടെ ആഴങ്ങളിൽനിന്നും പൊടുന്നനെ പൊട്ടിപ്പുറപ്പെടുന്ന ഉഷ്ണജല പ്രവാഹമാണ് എൽനിനോ. അന്തരീക്ഷത്തിലേക്ക് പ്രസരണം ചെയ്യപ്പെടുന്ന ഈ ഉഷ്ണജലപ്രവാഹത്തിലെ ചൂട് കാലാവസ്ഥയെ സ്വാധീനിച്ച് ആകമാനം തകിടം മറിക്കുന്നു. പസിഫിക്ക് സമുദ്രത്തിലുണ്ടായ എൽനിനോ ആണ് യൂറോപ്പിനെ ബാധിച്ചത്.

ഈയിടെ റെഡ്ക്രോസും റെഡ്ക്രസന്റും കൂടി നടത്തിയ ഒരു അന്തർദേശീയ പഠനത്തിൽ കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, വരൾച്ച മുതലായ വൻകാലാവസ്ഥാ ദുരന്തങ്ങൾ 1996 വരെ വർഷത്തിൽ ശരാശരി 200 എണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ രണ്ടായിരാമാണ്ടിൽ അത് ക്രമേണ 392ലേക്ക് ഉയർന്നു. ലോകം മുഴുവൻ കാലാവസ്ഥ തകിടം മറിഞ്ഞതിന് കാരണമെന്ത്? അതിന്റെ ഉത്തരവാദികളാരാണ്? മനുഷ്യന്റെ ഭൂമുഖത്തെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന ഈ ഗൗരവമായ ചോദ്യങ്ങളുടെ പശ്ചാത്തലത്തിലാണ് ദക്ഷിണാഫ്രിക്കയിലെ ജോഹനാസ് ബർഗിൽ ഈയാഴ്ച (ആഗസ്റ്റ് 26 മുതൽ സപ്തംബർ 4 വരെ) രണ്ടാം ഭൗമഉച്ചകോടി ചേരുന്നത്.

പണ്ട് സോവിയറ്റ് യൂനിയൻ ഉണ്ടായിരുന്നപ്പോൾ ലോകം പടിഞ്ഞാറും കിഴക്കുമായിട്ടായിരുന്നു വിഭജിക്കപ്പെട്ടിരുന്നത്. സോവിയറ്റ് യൂനിയന്റെ തിരോധാനത്തിനുശേഷം ലോകത്തിന്റെ വിഭജനം വടക്കുതെക്കായി. വടക്ക് അമേരിക്കൻ മേധാവിത്വത്തിലുള്ള സമ്പന്ന രാഷ്ട്രങ്ങളും തെക്ക് ദരിദ്രനാരായണൻമാർ ഉൾക്കൊള്ളുന്ന അവികസിത വികസ്വര രാഷ്ട്രങ്ങളുമായിട്ടാണ് കണക്കാക്കപ്പെടുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് പരിപൂർണ്ണ ഉത്തരവാദി ഭൂഗോളത്തിന് വടക്കുള്ള സമ്പന്ന രാഷ്ട്രങ്ങളാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു "മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം (മലിനീകരണം) വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ മടങ്ങുന്നതിനുവേണ്ടി" (30 : 42).

ഭോഗാസക്തിയിൽ ഉന്മത്തരായി കഴിയുന്ന ധൂർത്തരായ അമേരിക്കയും വികസിത രാജ്യങ്ങളുമാണ് ആഗോളമലിനീകരണത്തിന് ഏറ്റവും വലിയ ഉത്തരവാദി. കഴിഞ്ഞ ജൂൺമാസം ചേർന്ന ജി-8 എന്ന സമ്പന്നരാജ്യങ്ങളുടെ യോഗത്തിന് പോകുന്നതിനുമുമ്പ് കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച കെയോട്ടോ പ്രോട്ടോകോൾ ലംഘിച്ച അമേരിക്കയുടെ പ്രസിഡന്റ് ജോർജ് ബുഷിനോട് പത്രപ്രവർത്തകർ ഇക്കാര്യം ചോദിച്ചപ്പോൾ ബുഷിന്റെ ധിക്കാരപൂർവ്വമായ മറുപടി ഇപ്രകാരമായിരുന്നു: 'എന്റെ പ്രഥമജോലി എന്റെ രാജ്യത്തെ പ്രതിനിധീകരിക്കലാണ്. അത് മനസ്സിൽവെച്ചുകൊണ്ടാണ് ഞാൻ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. ഞങ്ങളുടെ ജനതക്ക് സമ്പന്നതയും ജോലി ചെയ്യാനുള്ള കഴിവും ആർജ്ജിക്കേണ്ടതുണ്ട്.' (Front-line, July-5, 2002) ആഗോളതാപനത്തിനും അതുവഴി കാലാവസ്ഥാ വ്യതിയാനത്തിനും കാരണമായ കാർബൺഡയോക്സൈഡിന്റെ 25 ശതമാനവും പുറത്തേക്കുവിടുന്നത് ലോകജനസംഖ്യയുടെ വെറും നാലു ശതമാനം മാത്രമുള്ള അമേരിക്കയാണ്. വ്യവസായ വിപ്ലവം ആരംഭിച്ചതുമുതൽ ഭൂമിയുടെ അഗാധതലങ്ങളിലുള്ള ഫോസിൽ ഇന്ധനങ്ങളായ പെട്രോൾ, ഡീസൽ, കൽക്കരി മുതലായ കാർബൺ വിഭവങ്ങൾ ഉപരിതലത്തിൽവെച്ചു കത്തിച്ചു പയോഗിക്കുന്നതുമൂലമാണ് ഭൂമിയെ ചൂടാക്കുന്നത് അഥവാ പനിവരുത്തുന്നത് കാർബൺ മലിനീകരണമുണ്ടാവുന്നത്. വിശാലമായ സമുദ്രങ്ങളും വനങ്ങളും സസ്യങ്ങളും മനുഷ്യനുണ്ടാക്കി

പുറത്തേക്കുവിടുന്ന കാർബൺ മുഴുവൻ ആഗിരണംചെയ്യും. ഇതിനെ 'Sink' എന്നാണ് പറയുന്നത്. ഇങ്ങനെ ഭൂമിയിലെ സമുദ്രങ്ങൾക്കും സസ്യജാലങ്ങൾക്കും കൂടി ഒരു വർഷത്തിൽ ആഗിരണം ചെയ്യാവുന്ന കാർബൺ പരിധി 3.8 ബില്ല്യൺ ടൺ ആണ്. അതിൽകൂടുതൽ കാർബൺ ഉൽസർജ്ജനമുണ്ടായാൽ അന്തരീക്ഷത്തിന്റെ സന്തുലനം നഷ്ടപ്പെടുകയും അന്തരീക്ഷം ചൂടാകാൻ തുടങ്ങുകയും ചെയ്യും.ഖുർആൻ പറയുന്നു:

"ഭൂമി വികസിക്കപ്പെടുകയും അതിനകത്തുള്ളത് പുറത്തേക്ക് തള്ളിവിട്ട് അത് ശൂന്യമായിത്തീരുകയും അത് അതിന്റെ നാഥന്റെ കൽപ്പന അനുസരിക്കാൻ സന്നദ്ധമാവുകയും - അത് അതിന്റെ കടമയാണ് - ചെയ്യുമ്പോൾ ..... അവൻ സ്വയം നാശത്തിനായി വിളിച്ചർത്ഥിക്കും. ജ്വലിക്കുന്ന അഗ്നിയിൽ അവൻ എരിയുകയും ചെയ്യും." (8:4-13)

അമേരിക്കക്കും യൂറോപ്പിനും ഇന്നു കാണുന്ന ഈ വികസനം മുഴുവൻ ഉണ്ടായത് ഭൂമിക്കടിയിലെ ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ചതുകൊണ്ടാണ്. അതിന്റെ ഫലമായിട്ടാണ് ദരിദ്രരാജ്യങ്ങളടക്കം മാനവസമൂഹത്തിന്റെ പൊതുസ്വത്തായ ഭൂമിക്ക് പരിസ്ഥിതി നാശം സംഭവിച്ചത്. ഈ നാശത്തിന്റെ 85 ശതമാനം പങ്ക് വികസിത സമ്പന്ന രാജ്യങ്ങളുടേതാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. അതായത് ആഗോളതാപനത്തിന് കാരണമായ ഹരിതഗൃഹ വാതകങ്ങൾ 19 ഇന്ത്യൻ പൗരൻ പുറത്തുവിടുന്നതിന് തുല്യമാണ് ഒരു അമേരിക്കൻ പൗരൻ പുറത്തുവിടുന്നത്. ഇതാകട്ടെ 107 ബംഗ്ലാദേശുകാരനും, 134 ബൂട്ടാൻകാരനും, 269 നേപ്പാൾകാരനും പുറത്തുവിടുന്ന വാതകത്തിന് തുല്യമാണ്. അവരുടെ അമിതമായ ഉപഭോഗാസക്തിയും ജീവിതശൈലിയുമാണ് ആവശ്യത്തിലധികം ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കാൻ നിർബന്ധിതമാക്കുന്നത്. ഭൂമി ചൂടാവുന്നതുകൊണ്ടുള്ള പാരിസ്ഥിതിക ദുരന്തങ്ങൾ നേരിട്ടനുഭവിക്കുന്നത് ദരിദ്രരാജ്യങ്ങളുമാണ്. അന്തരീക്ഷത്തിലെ താപംമൂലം ധ്രുവങ്ങളിലെ മഞ്ഞുരുകിയുണ്ടാകുന്ന സമുദ്രജലവിതാനത്തിലെ ഉയർച്ചമൂലം സമുദ്രനിരപ്പിൽ കിടക്കുന്ന ഒരുപാട് സമതലങ്ങൾ ഉള്ള ബംഗ്ലാദേശ്, ഇന്ത്യ മുതലായ രാജ്യങ്ങളിലേക്ക് കടൽജലം ഇരമ്പിക്കയറുകയാണ്. മഹാസമുദ്രങ്ങളിലെ ആൾപാർപ്പുള്ളതും ഇല്ലാത്തതുമായ അനേകം ദ്വീപുകൾ ഇതുമൂലം ഇല്ലാതാവുകയോ ഭാഗികമായി മുങ്ങുകയോ ചെയ്തിട്ടുണ്ട്. ഒരു നിശ്ചിത സന്തുലനാവസ്ഥയിൽ ചാക്രികമായി കൃത്യതയോടെ നടക്കുന്ന പ്രകൃതിപ്രതിഭാസമാണ് കാലാവസ്ഥ. അന്തരീക്ഷത്തിലുണ്ടാകുന്ന അമിതതാപമാണ് കാലാവസ്ഥയെ ആകമാനം തകിടംമറിക്കുന്നത്.

150 രാഷ്ട്രങ്ങളിൽനിന്നുള്ള 3000 ശാസ്ത്രജ്ഞൻമാർ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ രൂപീകരിച്ച കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച അന്തർസർക്കാർ പാനലിന്റെ (Inter Governmental Panel on Climate Change-IPCC) പഠനങ്ങൾ ചില ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് വെളിപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ ഏതാനും ദശകങ്ങൾക്കുള്ളിൽ സമുദ്രജലം 15 സെന്റീമീറ്റർ ഉയർന്നിട്ടുണ്ട്. വർഷംതോറും മൂന്ന് മില്ലിമീറ്റർ തോതിൽ സമുദ്രജലം ഉയർന്നുവരികയാണ്. കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ ആൽപ്സിലെ 100 ഹിമാനികൾ (Glaciers) അപ്രത്യക്ഷമായി. കഴിഞ്ഞ നാല് ദശാബ്ദമായി തണുത്തുറഞ്ഞ ആർട്ടിക് സമുദ്രത്തിലെ മഞ്ഞുപാളികൾ വേനൽക്കാലങ്ങളിൽ 42 ശതമാനം വരെ ഉരുകിയൊലിക്കുകയാണ്. 1992 മുതൽ അന്റാർട്ടിക്കയിലെ 31 ക്യൂബിക് കിലോമീറ്റർ മഞ്ഞ് ഉരുകി ഇല്ലാതെയായി. ഈ തോതിലുള്ള താപവർദ്ധന 2100 ആകുമ്പോഴേക്കും 1.4°C മുതൽ 5.8°C വരെ ആവുമെന്ന് IPCC മുന്നറിയിപ്പ് നൽകുന്നു. അങ്ങനെ വരുമ്പോൾ 0.1 മീറ്റർ മുതൽ 0.9 മീറ്റർ വരെ സമുദ്രജലം ഉയരും. ലോകത്താകമാനം തീരദേശങ്ങളിൽ വസിക്കുന്നവരുടെമേൽ ഒരു ദുരന്തമായി ഈ സമുദ്രജലം മാറും. തീരപ്രദേശത്തെ ഭൂമിക്കടിയിലെ ശുദ്ധജല സംഭരണികളിലേക്കും ചതുപ്പുനിലങ്ങളിലേക്കും സമുദ്രജലം ഇരമ്പിക്കയറും. ഇപ്പോൾത്തന്നെ കടലിലെ ഓരുവെള്ളം കയറി തീരദേശങ്ങളിലെ ചതുപ്പുകളിൽ വളരുന്ന കണ്ടൽക്കാടുകളുടെ (Mangroves) നാശംമൂലം കടലിൽ നിന്നുള്ള കൊടുങ്കാറ്റുകളെ പ്രതിരോധിക്കാൻ സാധിക്കാതെ വരുന്നു. ഇന്ത്യയും ബംഗ്ലാദേശുമടങ്ങുന്ന ലോകത്തിലെ ഏറ്റവും വലിയ കണ്ടൽക്കാടുകളുള്ള പ്രദേശങ്ങളിൽ സമുദ്രജലം കയറിയും മനുഷ്യൻ നേരിട്ടും മുറിച്ചുമാറ്റിയതിന്റെയും ഫലമായി കണ്ടൽക്കാടുകൾ നശിക്കുകയുണ്ടായി. ഇതിന്റെ ഫലമായാണ് ഇന്ത്യയുടെ കിഴക്കൻ തീരങ്ങളിലും ബംഗ്ലാദേശിലും ഉണ്ടാകുന്ന വമ്പിച്ച കൊടുങ്കാറ്റുകളെ പ്രതിരോധിക്കാൻ കഴിയാത്തതെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കാണാൻ യാതൊരു ഭംഗിയുമില്ലാത്ത വൃത്തികെട്ട കണ്ടൽക്കാടുകൾ മനുഷ്യന് ചെയ്യുന്ന സേവനങ്ങളുടെ വില ഇപ്പോഴാണ് നമുക്ക് ബോധ്യമായത്.

പത്തുവർഷങ്ങൾക്ക് മുമ്പ് റിയോ ഡീ ജനീറോയിൽ നടന്ന ഭൗമ ഉച്ചകോടിയെ പരിസ്ഥിതിനാശംകൊണ്ട് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന ദരിദ്രരാജ്യങ്ങൾ വളരെ പ്രതീക്ഷയോടെയായിരുന്നു കണ്ടിരുന്നത്. പരിസ്ഥിതി സന്തുലനത്തിന് മനുഷ്യന്റെ ഉപഭോഗാസക്തി കുറക്കുന്ന ഒരു രൂപരേഖ ഒന്നാം ഭൗമ ഉച്ചകോടി അംഗീകരിച്ചിരുന്നു. അന്ന് ക്യൂബൻ പ്രസിഡന്റായിരുന്ന ഫിഡൽ കാസ്ട്രോ പറഞ്ഞത് "ധനികരാജ്യങ്ങൾ ഭൂമിയിൽ നിന്നെടുത്ത പാരിസ്ഥിതിക കടങ്ങളാണ് ഉടൻ അടച്ചുതീർക്കേണ്ടത്, അല്ലാതെ സാമ്പത്തിക രാഷ്ട്രീയ കോളനിവത്കരണത്തിന് വിധേയമായ ദരിദ്രരാജ്യങ്ങൾ എടുത്ത വിദേശകടങ്ങളല്ല" എന്നാണ്.

ചുരുക്കത്തിൽ, ഖുർആൻ പറഞ്ഞതുപോലെ: "നിങ്ങൾ നീതിപൂർവ്വം സന്തുലനം നിലനിർത്തുക; നിങ്ങൾ അതിൽ ഭംഗം വരുത്തരുത്. ഭൂമിയെ അവൻ എല്ലാ സൃഷ്ടിജാലങ്ങൾക്കും വേണ്ടി സൃഷ്ടിച്ചിരിക്കുന്നു" (55:9,10). ഭൗതിക വിഭവങ്ങളുടെ ദുര മൂത്ത

സമ്പന്ന രാഷ്ട്രങ്ങളെ അല്ലാഹു താക്കീത് ചെയ്യുന്നത് കാണുക. "അല്ല, നിങ്ങൾ അഗതികൾക്ക് ആഹാരം നൽകാൻ പരസ്പരം പ്രേരിപ്പിക്കുന്നില്ല. പിന്തുടർച്ചയായി ലഭിക്കുന്ന വിഭവങ്ങളൊക്കെ നിങ്ങളുപയോഗിക്കുന്നു. നിങ്ങൾ ധനത്തെ അത്യധികം സ്നേഹിക്കുന്നു. വേണ്ടാ, ഭൂമി മുഴുവനും ഇടിച്ചു നിരപ്പാക്കപ്പെടുകയും നിന്റെ നാഥനും മാലാഖമാരും അണിയണിയായി വരികയും അന്നാളിൽ നരകം അടുത്തുകൊണ്ടുവരപ്പെടുകയും ചെയ്യുമ്പോൾ മനുഷ്യൻ സ്മരിക്കും. എന്നാൽ അവൻ സ്മരിച്ചതുകൊണ്ട് എന്തു പ്രയോജനം" (90:19-24).

കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതി ദുരന്തങ്ങളും അസാധാരണ മാംവിധം വർദ്ധിച്ച ഈ സന്ദർഭത്തിൽ പരിസ്ഥിതി സന്തുലനം നിലനിർത്തിക്കൊണ്ടുള്ള സുസ്ഥിരമായ വികസനം (Sustainable growth) മനുഷ്യസമൂഹം അഭിമുഖീകരിക്കുന്ന വെല്ലുവിളിയാണ്. ജോഹനാസ് ബർഗിലെ രണ്ടാം ഉച്ചകോടി ചർച്ച ചെയ്യുന്നത് ഈ വിഷയമാണ്. വിവേചനബുദ്ധിയോടും നീതിബോധത്തോടുംകൂടിയുള്ള ഒരു വികസന സമീപനമാണ് ലോകസമൂഹം അനുവർത്തിക്കേണ്ടത്. അനർഘവും അമൂല്യവുമായ ഭൂമിയുടെ സമ്പത്ത് കോടാനുകോടി വർഷങ്ങൾക്കൊണ്ട് പ്രകൃതി ഒരുക്കിവെച്ചതാണ്. മണവാളനെ പ്രതീക്ഷിച്ച് ഒരുക്കിവെച്ച മണിയറപോലെ ദൈവം നമുക്ക് വേണ്ടി ഒരുക്കിവെച്ച ഉദാത്തമായ ഈ ഒരേയൊരു ഭൂമി വളരെ വിവേചനപൂർവ്വം ഉപയോഗിച്ച് നശിപ്പിക്കാതെ അടുത്ത തലമുറക്ക് നാം കൈമാറേണ്ടതാണ്. അങ്ങനെ നന്ദിപൂർവ്വം അതിനെ ഉപയോഗിക്കുകയാണെങ്കിൽ കലവറയില്ലാത്ത സദ്ഫലങ്ങൾ ഭൂമി നമുക്ക് നൽകും. അല്ലാത്തപക്ഷം ഫലം നാശമായിരിക്കും. ഖുർആൻ പറയുന്നു: "നിങ്ങൾ നന്ദി കാണിക്കുന്നതായാൽ തീർച്ചയായും (അനുഗ്രഹം) വർദ്ധിപ്പിച്ചുതരുന്നതും നിങ്ങൾ നന്ദികേട് കാണിച്ചാൽ എന്റെ ശിക്ഷ വളരെ കഠിനവുമായിരിക്കുന്നതും ആണെന്ന് നിങ്ങളുടെ നാഥൻ പ്രഖ്യാപിച്ചിരിക്കുന്ന സന്ദർഭം സ്മരിക്കുക (14:8)." ■

## അനുസ്മരണം



### ഹസ്റത്ത് മിർസാ മുസഫർ അഹ്മദ് സാഹിബ്

ഹസ്റത്ത് വാഗ്ദത്ത മസീഹി (അ)ന്റെ പൗത്രനും മിർസാ ബശീർ അഹ്മദ് സാഹിബി (റ)ന്റെ മൂത്ത പുത്രനും ഹസ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ (റ)ന്റെ ജാമാതാവുമായ ഹസ്റത്ത് മിർസാ മുസഫർ അഹ്മദ് സാഹിബ് 2002 ജൂലായ് 22ാംനു രാത്രി 11 മണിക്ക് ദിവംഗതനായി. പരേതന് 88 വയസ്സായിരുന്നു. രണ്ടാം ഖലീഫ മുസ്‌ലിഹ് മൗഊദിന്റെ (റ) പുത്രി സാഹിബ് സാദീ അമത്തുൽ ഖയ്യൂം സാഹിബയായിരുന്ന മുസഫർ സാഹിബിന്റെ ധർമപത്നി.

ലോകപ്രശസ്തനായ സാമ്പത്തിക ശാസ്ത്രജ്ഞനും സാമ്പത്തിക കാര്യ വിദഗ്ധനുമായിരുന്ന മുസഫർ സാഹിബ് അമേരിക്കയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ അമീറായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിൽ നിന്ന് പൂർത്തിയാക്കിയ മുസഫർ സാഹിബ് ലാഹോറിലെ ഗവൺമെന്റ് കോളജിൽ നിന്നും ബി എ, എൽ എൽ ബി ബിരുദങ്ങൾ സമ്പാദിച്ചു. പിന്നീട് ഐ സി എസ് പരീക്ഷയിൽ പ്രശസ്തമായ വിജയം നേടിയ അദ്ദേഹം 1933ൽ ഉപരിപഠനത്തിന്നായി ഇംഗ്ലണ്ടിലേക്ക് പോയി. അവിടെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കി. ലോകത്തിലെ ഉന്നതരായ സാമ്പത്തിക വിദഗ്ധരിൽ ഒരാളായ മുസഫർ സാഹിബ് 1974ൽ ലോക ബേങ്കിന്റെ ഡയറക്ടറായി സേവനമനുഷ്ഠിക്കുകയുണ്ടായി. IMF (International Monetary Fund) ന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായി ദീർഘകാലം സേവനമനുഷ്ഠിച്ചതിന് ശേഷം 1984ൽ അദ്ദേഹം തൽസ്ഥാനത്തുനിന്നും റിട്ടയർ ചെയ്തു.

ലോകസാമ്പത്തിക രംഗത്തേക്ക് പ്രവേശിക്കുന്നതിന് മുമ്പ് പാക്കിസ്താൻ ദേശീയ സമ്പദ് രംഗത്താണ് അദ്ദേഹം പ്രവർത്തിച്ചത്. പാക്കിസ്താനെ ഒരു സാമ്പത്തികശക്തിയാക്കി മാറ്റുന്നതിൽ മുസഫർ സാഹിബ് വഹിച്ച പങ്ക് അദ്വിതീയമാണ്. പാക്കിസ്താൻ പ്രസിഡന്റ് ചെയർമാനായ ദേശീയ പ്ലാനിംഗ് കമ്മീഷന്റെ ഡപ്യൂട്ടി ചെയർമാനായിരുന്ന അദ്ദേഹം പാക്കിസ്താന്റെ സമ്പദ് വ്യവസ്ഥയെ ആധുനികരീതിയിൽ ആസൂത്രണം ചെയ്യുന്നതിൽ ഗണ്യമായ പങ്ക് വഹിക്കുകയുണ്ടായി. പാക്കിസ്താൻ പ്രസിഡന്റിന്റെ സാമ്പത്തികോപദേഷ്ടാവായും പാക്കിസ്താൻ സർക്കാറിന്റെ സാമ്പത്തിക കാര്യ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

1989 മുതൽ അദ്ദേഹം അമേരിക്കാ അഹ്മദിയ്യാ ജമാഅത്ത് അമീറായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അമേരിക്കൻ അഹ്മദിയ്യാ ജമാഅത്തിന്ന് നാനാവിധത്തിലുള്ള പുരോഗതി കൈവരികയുണ്ടായി. അമേരിക്കയിലെ കേന്ദ്ര മസ്ജിദായ മസ്ജിദു ബൈത്തുർ റഹ്മാൻ എന്ന പ്രൗഢ ഗംഭീരമായ പള്ളി അദ്ദേഹത്തിന്റെ അവിശ്രാന്ത യത്നത്തിന്റെ ഫലമാണ്. ഇത്കൂടാതെ ധാരാളം പള്ളികളും പ്രചാരണ കേന്ദ്രങ്ങളും അമേരിക്കയിലുടനീളം നിർമ്മിക്കപ്പെട്ടു. ധനത്യാഗ രംഗത്ത് അമേരിക്കൻ ജമാഅത്തിനെ മുന്നണിയിലെത്തിക്കാനുള്ള മുസഫർ സാഹിബിന്റെ ശ്രമം പ്രശംസനീയമായിരുന്നു.

അല്ലാഹു സാഹിബ് സാദാ സാഹിബിന് മഗ്ഫിറത്ത് നൽകുകയും ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടേയും മസീഹിന്റേയും ആത്മീയ സാമീപ്യം നൽകുമാറാകുകയും ചെയ്യട്ടെ. (ആമീൻ)

*എം. യു*



## കെ. എൻ. ഫരീദ് സാഹിബ്

കോഴിക്കോട് അഹ്മദിയ്യാ ജമാഅത്തംഗമായ ജ. കെ.എൻ. ഫരീദ് സാഹിബ് 23-8-2002 വെള്ളിയാഴ്ച അസ്ർ നമസ്ക്കാരാനന്തരം അഹ്മദിയ്യാ മസ്ജിദിൽ വെച്ച് ഹൃദയസ്തംഭനം മൂലം വഫാത്തായിരിക്കുന്നു. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

1981ൽ കുടുംബസമേതം ബൈഅത്ത് ചെയ്യുവാനുള്ള ഭാഗ്യം ലഭിച്ച പരേതന് തന്റെ അനഹ്മദി ബന്ധുക്കളിൽനിന്നും സുഹൃത്തുക്കളിൽ നിന്നും വെറുപ്പും നീരസവും എതിർപ്പും ഒട്ടേറെ സഹിക്കേണ്ടിവന്നുവെങ്കിലും ജീവിതാന്ത്യംവരെ ജമാഅത്തിനോട് അങ്ങേയറ്റത്തെ കൂറും ഭക്തിയും വിശ്വസ്തതയും വെച്ചുപുലർത്തിയിരുന്നു.

കഴിഞ്ഞ ചില വർഷങ്ങളായി പരിശുദ്ധറമസാനിൽ മസ്ജിദിൽ ഇഅ്തിക്കാഫിനിരിക്കാനുള്ള സൗഭാഗ്യം ലഭിച്ച പരേതന് മസ്ജിദുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്നു. പതിവുപോലെ അന്നും ജുമുഅ നമസ്കാരത്തിനുശേഷം ഹുസൂർ തിരുമനസ്സിന്റെ ഖുത്ബാ പ്രഭാഷണം എം.ടി.എ.യിൽ കണ്ടശേഷം വീട്ടിൽപോകാനുള്ള ഉദ്ദേശ്യത്തോടെ പള്ളിയിൽതന്നെ തങ്ങിയതായിരുന്നു. അസർനമസ്കാരത്തിനായി വുസു ചെയ്യാൻ പോയ സമയത്തായിരുന്നു ഹൃദയസ്തംഭനം ഉണ്ടായത്. അങ്ങനെ മസ്ജിദുമായി ബന്ധംപുലർത്തിയിരുന്ന അദ്ദേഹത്തിന്റെ അന്ത്യവും മസ്ജിദിൽ വെച്ചുതന്നെ നടന്നു.

അദ്ദേഹം തന്റെയും ഭാര്യയുടെയും വസിയ്യത്ത് ചെയ്ത കടലാസുകൾ കേന്ദ്രത്തിന്നയച്ചുകൊടുത്തിട്ടുണ്ടായിരുന്നു. അല്ലാഹു പരേതന് മഗ്ഫിറത്തും ആത്മശാന്തിയും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ജനാബ് ഫരീദ് സാഹിബ് തനിക്ക് പിന്നിൽ ദുഃഖാർത്തരായ വിധവയേയും നാലു പെൺമക്കളേയും മൂന്നു ആൺമക്കളേയുമാണ് വിട്ടുപിരിഞ്ഞത്. അല്ലാഹു അവർക്കെല്ലാം 'സബ്ർ ജമീൽ' നൽകി അനുഗ്രഹിക്കുകയും അല്ലാഹുവിന്റെ കാരുണ്യത്തിനും അനുഗ്രഹത്തിനും പാത്രീഭൂതരാക്കിതീർക്കുകയും ചെയ്യുമാറാകട്ടെ.



## എം. സി. മഹ്മൂദ് അഹ്മദ് സാഹിബ്

കണ്ണൂർ സിറ്റി അഹ്മദിയ്യാ ജമാഅത്തിലെ പ്രമുഖ അംഗമായ എം. സി. മഹ്മൂദ് അഹ്മദ് സാഹിബ് (82) ജൂലൈ 19-ന് വെള്ളിയാഴ്ച വൈകുന്നേരം അന്തരിച്ചു. (ഇന്നാലില്ലാഹ്)

1904ൽ വാഗ്ദത്ത മസീഹിന്നു കത്തുമുഖേന ബൈഅത്തു ചെയ്ത ഹസ്റത്ത് കെ. എം. ഇബ്റാഹീം കുഞ്ഞിസാഹിബിന്റെ മൂത്തമകനാണ് മഹ്മൂദ് അഹ്മദ് സാഹിബ്. ഇദ്ദേഹം വോൾക്കാർട്ട് ബ്രദേഴ്സിന്റെ ഏജന്റായി സോംവാർ പേട്ടയിൽ ദീർഘകാലം ജോലിചെയ്തിരുന്നു. അതിനുമുമ്പ് കുറച്ചുകൊല്ലം മിലിറ്ററിയിലായിരുന്നു.

മുഹമ്മദ് ഹാശിം (സൗദി) മുഹമ്മദലി (ദുബൈ), മുഹമ്മദ് റഫീഖ്, മുഹമ്മദ് ശരീഫ് (സൗദി), ഖദീജ, ഹഫ്സത്ത്, ഖൈറുന്നിസ എന്നിവർ മക്കളും പുൾസാറകത്ത് അബ്ദുൽമജീദ്, കൂടാളിയിലെ വി. ഉസ്മാൻ, എടപ്പകത്ത് സാബിർ എന്നിവർ ജാമാതാക്കളുമാണ്. കുനിമൽ അസ്മാബി സാഹിബയാണ് ഭാര്യ.

ശനിയാഴ്ച ഉച്ചയ്ക്ക് കണ്ണൂർ അഹ്മദിയ്യാ ഖബർസ്ഥാനിൽ മൃതദേഹം സംസ്കരിച്ചു.

## വി പി അബ്ദുൽ ഹയ്യ്

കടലായി ജമാഅത്തിലെ മുൻ പ്രസിഡന്റും സജീവാംഗവുമായ ജ. വി. പി. അബ്ദുൽ ഹയ്യ് സാഹിബ് (83) ഇക്കഴിഞ്ഞ ആഗസ്റ്റ് 14ന് രാവിലെ 7 മണിക്ക് ദിവംഗതനായി (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റിജിഊൻ). കൂടാളി സ്വദേശിയായ അബ്ദുൽ ഹയ്യ് സാഹിബ് ഇന്ത്യാ വിഭജനത്തിന് മുമ്പ് മർച്ചന്റ് നേവിയിൽ ആയിരുന്നു. പിന്നീട് ലണ്ടനിലേക്ക് പോവുകയും അവിടെനിന്ന് നാട്ടിൽ തിരിച്ച് വരികയും അതിന്നുശേഷം അദ്ദേഹത്തിന്റെ മരണംവരെ ജമാഅത്തിന്റെ പ്രവർത്തനത്തിൽ മുഴുകുകയുമാണുണ്ടായത്. കടലായി ജമാഅത്ത്, കണ്ണൂർ സിറ്റി ജമാഅത്തിന്റെ ശാഖയായി പ്രവർത്തിച്ചുവന്നിരുന്ന കാലത്ത് അദ്ദേഹം കടലായി ജമാഅത്തിൽ സജീവമായി പങ്കെടുക്കുകയും പിന്നീട് സ്വന്തം പ്രയത്നത്തിലൂടെ ഒരു നല്ല പള്ളി പണിയുകയും ചെയ്തു. പാവങ്ങളെ സഹായിക്കുന്നതിലും മറ്റും അദ്ദേഹം സജീവ താല്പര്യം കാണിച്ചിരുന്നു. അതിഥിസൽക്കാരം ചെയ്യുന്നതിലും ഇതര ജമാഅത്തിൽ നിന്നു വരുന്നവരെ താമസിപ്പിച്ചു അവർക്കു സൗകര്യം ചെയ്തുകൊടുക്കുന്നതിലും അദ്ദേഹം ഔൽസുക്യം പ്രകടിപ്പിച്ചിരുന്നു. പ്രദേശനിവാസികളായ എല്ലാ ജാതിമതസ്ഥർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നു. മാതൃകാപരമായി പ്രവർത്തിച്ച അബ്ദുൽഹയ്യ് സാഹിബ് ജമാഅത്തിനും നാട്ടുകാർക്കും പ്രിയപ്പെട്ടയാളായിരുന്നു. അല്ലാഹു അദ്ദേഹത്തിനു പരലോകത്തു ഉന്നതമായ സ്ഥാനം നല്കുമാറാകട്ടെ (ആമീൻ)

സൈനബയാണ് ഭാര്യ. അഹ്മദ് റഷീദ്, അബ്ദുൽ റസാഖ്, അബ്ദുൽ മാലിക്ക്, റഷീദ എന്നിവർ മക്കളാണ്. അദ്ദേഹത്തിന്റെ ജാമാതാവ് ജ: ഇ. വി. അബ്ദുസലാമാണ് ഇപ്പോഴത്തെ കടലായി ജമാഅത്ത് പ്രസിഡന്റ്.

## ഹംസ സാഹിബ്

തിരൂർ ജമാഅത്തിലെ പഴയകാല അംഗവും ത്യാഗധനനുമായ ജനാബ് ഹംസസാഹിബ് (പുല്ലൂർ) 30-8-02ന് തിരൂരിൽ നിര്യാതനായി. ഇന്നാലില്ലാഹി...

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. ഏ. (റഹ്)യുടെ കാലഘട്ടത്തിൽതന്നെ ജമാഅത്തിനെക്കുറിച്ച് മനസ്സിലാക്കുകയും ദീർഘകാലം ജമാഅത്തിന്റെ അനുഭാവിയായി വർത്തിക്കുകയും ചെയ്ത ഹംസ സാഹിബ് തിരൂർ ജമാഅത്തിന്റെ സ്ഥാപനത്തോടുകൂടി ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയാണുണ്ടായത്. നാട്ടിൽ നിന്നും നേരിട്ട ശക്തമായ എതിർപ്പിനെ വകവെക്കാതെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഉറച്ചുനിൽക്കാൻ പരേതന് ഭാഗ്യം സിദ്ധിച്ചു. ജനാസ കോഴിക്കോട് ഖബർസ്ഥാനിൽ സംസ്കരിച്ചു. അല്ലാഹു മർഹൂമിന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.——■